വോള്യം – 06 ലക്കം – 118 സെപ്റ്റംബർ 2023 മലയാളം – ഇംഗ്ലീഷ്

# ഫിലിം വിഷൻ


filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033


DIGITAL MAGAZINE
PUBLISHED BY FILCA

# Gabriel Garcia Marquez



## Film Fest
30 Sep. 2023

*FILCA film society, State Central Library, Doordarsan Thiruvananthapuram, Chalachithra Akademy, Beam film society, Sparc film society ( ISRO) CET film society ( College of Engineering Trivandrum )*












ഫിലിം വിഷൻ
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



കെ.ജി. ജോർജ്ജ്

# ആദരാഞ്ജലികൾ

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

## FILM VISION
## Digital Film Magazine - September 2023 Edition

## WHATS INSIDE ?


1. **ഗബ്രിയേൽ ഗാർഷ്യ മാർക്വിസിൻറെ ജീവിതഗാഥ**
   സുരേഷ് കുമാർ. സി ( ബീം ഫിലിം സൊസൈറ്റി )




2. **മാജിക്കൽ റിയലിസവും ലാറ്റിൻ അമേരിക്കയും**
   വിനോദ്കുമാർ. പി ( ഫിൽക്ക ഫിലിം സൊസൈറ്റി )



3. **മാർക്വിസിന്റെ സാഹിത്യലോകം**
   ജ്യോതിഷ്കുമാർ. പി. എസ് ( ഫിൽക്ക ഫിലിം സൊസൈറ്റി )



4. **ലാറ്റിനമേരിക്കൻ സംഗീതവും നൃത്തവും സിനിമയിൽ**
   വിനേഷ്. വി ( സ്പാർക്ക് ഫിലിം സൊസൈറ്റി )



5. **മാജിക്കൽ റിയലിസം : ചരിത്രത്തിന്റെ പ്രതീകങ്ങൾ, പുരാവൃത്തങ്ങൾ, പ്രതീക്ഷകൾ**
   ബീന മാത്യു ( ഫിൽക്ക ഫിലിം സൊസൈറ്റി )



6. **കൊളോണിയൽ - പോസ്റ്റ് കൊളോണിയൽ കലയിലെ രൂപാന്തരങ്ങൾ**
   അർപ്പണ ( ഫിൽക്ക ഫിലിം സൊസൈറ്റി )



7. **ലാറ്റിൻ അമേരിക്കൻ സവിശേഷതകളും സിനിമയും**
   ബിന്ദു. ആർ ( സത്യജിത് റായി ഫിലിം സൊസൈറ്റി )



8. **ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് കൃതികൾ : നാല് ചലച്ചിത്രങ്ങൾ**
   സാബു ശങ്കർ ( ഫിൽക്ക ഫിലിം സൊസൈറ്റി )



9. **ശേഷം വെള്ളിത്തിരയിൽ -1( പരമ്പര )**
   വിജയകൃഷ്ണൻ



ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# PROGRAM

30th Saturday September 2023

## PROGRAM

30 TH SATURDAY SEPTEMBER 2023

9 AM COUPON DISTRIBUTION

9:30 AM INAUGURATION



**Inauguration**

**Dr. R. Bindu**

Hon. Minister for Higher Education.

## Welcome, felicitation, gratitude



**Dr. B. Radhakrishnan ( Filca)**



**P. K. Shobhana**
**( State Librarian )**



**Sabu Sankar**
(Novelist, Film Author, Chief correspondent, Nerkazhcha weekly, USA)



**Sureshkumar. C.**
(Beam Film Society)



**Arpanaa**
(Actress)

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA


SCREENING

Films may subject to be interchanged

# GABRIEL GARCIA MARQUES FILM FEST

## 30 SEPTEMBER 2023 SATURDAY

## STATE CENTRAL LIBRARY AC HALL



### Screening Schedule

9:30 AM
Inauguration & Film

**Love in the time of Cholera**
133 min / USA/ 2007 / Malayalam subtitled



Dir: Mike Newell

12:20 PM
**A very old man with enormous wings**
86 min/ Colombia / 1988 / English subtitled



Dir: Fernando Birri

Lunch break

3:00 PM
**No one writes to Colonel**
113 min / Mexico - Spain - France / 1999 / English subtitled



Dir: Arturo Ripstein

5:10 PM
**Chronicle of a death foretold**
110 min/ Italy - France - Colombia / 1987 / English subtitled




Dir: Francesco Rosi


CAST A LINE.
CATCH A SMILE.
Hang out in the idyllic backwaters of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.
kerala
God's Own Country
keralatourism.org
Come Together
in Kerala
WhatsApp 'Maya' and explore Kerala

# കുറിശ്ശേരി സമ്പൂർണകൃതികൾ

**ജീവചരിത്രം, ഭാഷാശാസ്ത്രം, നിഘണ്ടു, ദർശനം, ചരിത്രം, കൃഷി, കവിത**




പേജ് 1312 ഡിമൈ 1/8 ഹാർഡ് കവർ വില രൂ. 1500/

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും
വിജ്ഞാനകുതുകികൾക്കും ഒരു മുതൽക്കൂട്ട്

ഈ ഗ്രന്ഥം തപാലിൽ ലഭിക്കാൻ ബന്ധപ്പെടുക:
**94956 73656**

സ്കൈ ബുക്ക് പബ്ലിഷേഴ്സ്, മാവേലിക്കര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# വ്യത്യസ്ത അർത്ഥങ്ങൾ അനുഭവിക്കാൻ കഴിയുന്നതാണ് കലയുടെ പ്രത്യേകത

## - ഷാജി. എൻ. കരുൺ

**കലയെ മനസിലാക്കുന്നവർക്ക് മാത്രമേ ഇതിന്റെ പ്രസക്തി തിരിച്ചറിയാനൊക്കൂ. കാലത്തെ അതിജീവിച്ച് മുന്നോട്ട് പോകുന്നവയാണ് യഥാർത്ഥ കലാസൃഷ്ടികൾ. അത്തരം സിനിമകൾ പല അർത്ഥങ്ങളും നമുക്ക് പറഞ്ഞുതരുന്നുണ്ട്.**

**ഫി**ൽക്ക ഫിലിം സൊസൈറ്റിയുടെ ആഗസ്റ്റ് മാസ പ്രോഗ്രാം ' എം. ടി. ഫിലിം ഫെസ്റ്റ് ' പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ ഷാജി. എൻ. കരുൺ ഉദ്ഘാടനം ചെയ്തു.

" ഫിൽക്കയുടെ എം. ടി. ഫിലിം ഫെസ്റ്റിലൂടെ എം. ടി. വാസുദേവൻ നായരെ ആദരിക്കുന്ന ഈ ചടങ്ങ് എന്തുകൊണ്ടും അദ്ദേഹത്തിന്റെ നവതി ആഘോഷ വേളയിൽ പ്രസക്തമാണ്. അതിന് കാരണം ഇത്രയും വർഷം കഴിഞ്ഞിട്ടും നമ്മുടെ മലയാള സാഹിത്യത്തിലും സിനിമയിലും എം. ടി യുടെ വ്യക്തിത്വം നിറഞ്ഞുനിൽക്കുന്നത് കൊണ്ടാണ്. നാം പലരെയും സൃഷ്ടികളിലൂടെ ഓർക്കുന്നു. കലയെ മനസിലാക്കുന്നവർക്ക് മാത്രമേ



ഇതിന്റെ പ്രസക്തി തിരിച്ചറിയാനൊക്കൂ. കാലത്തെ അതിജീവിച്ച് മുന്നോട്ട് പോകുന്നവയാണ് യഥാർത്ഥ കലാസൃഷ്ടികൾ. അത്തരം സിനിമകൾ പല അർത്ഥങ്ങളും നമുക്ക് പറഞ്ഞുതരുന്നുണ്ട്. തർകോവ്സ്കി പറഞ്ഞത് പോലെ കാലത്തിൽ കൊത്തിവെച്ച ശില്പങ്ങളാണ് ആ സിനിമകൾ. കലയെ കുറിച്ച് ആലോചിക്കുമ്പോൾ നമ്മൾ കാണുന്നത് പോലുള്ള അർത്ഥമല്ല അത് നൽകുന്നത്. ഒരു

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത





പ്രത്യേക കാലത്തിൽ നിർമ്മിക്കുന്ന കലാസിനിമ തിരിച്ചറിയണമെങ്കിൽ ഒരു മനസ്സ് വേണം. അർത്ഥം തിരിച്ചറിയണം. എം. ടി യോടൊപ്പം പ്ര വർത്തിക്കാനിടയായ സാഹചര്യം എനിക്കുണ്ടായി ; അദ്ദേഹത്തിന്റെ ഏറ്റ വും നല്ല കൃതികളിലൊന്നായ മഞ്ഞ് സിനിമയാക്കിയപ്പോൾ. മഞ്ഞ് എന്ന് കേൾക്കുമ്പോൾ സാധാരണ രീതിയിൽ തോന്നുന്ന അർത്ഥമല്ല സിനിമയിലെ മഞ്ഞിന് ഉള്ളത്. വ്യത്യസ്ത അർത്ഥ ത്തിലുള്ള കാഴ്ചയാണിത്. കാഴ്ച്ച മറയ്ക്കുന്ന മഞ്ഞ് ഉരുകിമാഞ്ഞ് വീ ണ്ടും വന്നുമൂടുമ്പോൾ നമുക്ക് ചുറ്റു പാടും കാണാൻ പറ്റാത്ത അവസ്ഥ യുണ്ടാകും. വീണ്ടും കാഴ്ച്ച തെളിയും. ഇവിടെ കേന്ദ്ര കഥാപാത്രത്തിന്റെ മന സ്സാണ് മഞ്ഞ്. കാഴ്ചകൾ തെളിയുക യും മറയുകയും ചെയ്യുന്നു. കാണപ്പെ ടുന്ന കാഴ്ചകൾ എങ്ങനെ കാണുന്നു, എങ്ങനെ മനസ്സിലാക്കപ്പെടുന്നു എന്ന ത് പ്രധാനമാണ്. അത് ആസ്വദിക്കു മ്പോൾ നമുക്ക് വ്യത്യസ്ത അർത്ഥ ങ്ങൾ അനുഭവിക്കാൻ കഴിയുന്നു.

അതാണ് കലയുടെ പ്രത്യേകത. നമ്മുടെ ഓർമ്മയിൽ സൂക്ഷിക്കപ്പെടുന്ന ഒന്നായി കലാസൃഷ്ടി മാറുക എന്നത് ഒരു തിരിച്ചറിവിന്റെ ഭാഗമാണ്. എം. ടി യെ സംബന്ധിടത്തോളം എപ്പോഴും ഓർമ്മി ക്കാൻ കഴിയുന്ന സാഹിത്യ കൃതികൾ അദ്ദേഹത്തിന്റെതായുണ്ട്.

നിർമ്മാല്യം എന്ന സിനിമ ഒരു തിരിച്ച റിവിന്റെ അർത്ഥമാണ് കാലത്തിനപ്പുറം കാഴ്ചവെയ്ക്കുന്നത്. കാലത്തിനതീതം സഞ്ചരിക്കുന്ന ശബ്ദം കൂടിയാണത്. ഒരു എഴുത്തുകാരൻ എവിടെ തുട ങ്ങുന്നു, എവിടെ അവസാനിപ്പിക്കുന്നു എന്നത് നോക്കുമ്പോൾ അതിനിടയിൽ ഒരു കാലമുണ്ട്. അത് പ്രത്യേക അർ ത്ഥത്തിന്റെയും ശബ്ദത്തിന്റെയും സമയമാണ്. ഇത് കല എന്താണെന്നുള്ള അനുഭവം ഉണ്ടാക്കുന്നു. അങ്ങനെ ഒരു മനുഷ്യന്റെ അറിവ്, നമ്മുടെ തിരിച്ച റിവിലൂടെ നല്ലൊരു ഓർമ്മയായി നിലനി ൽക്കുന്നു. സിനിമ സംവിധായകന്റെ കല യായി മാറുന്നതും അതിന്റെ അർത്ഥം തിരിച്ചറിയുമ്പോ ഴാണ്. കലയുടെ ഈ അനുഭവം തിരിച്ചറിയാനുള്ള

ഫിലിം വിഷൻ

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

സന്ദർഭങ്ങൾ കൂടിയാണ് ഫിൽക്ക പോലുള്ള ഫിലിം സൊസൈ റ്റികൾ ഒരുക്കുന്ന ഇത്തരം ചലച്ചിത്ര മേളകൾ ".

ചലച്ചിത്ര നിരൂപകനും കഥാകൃ ത്തുമായ വിജയകൃഷ്ണൻ വിശിഷ്ടാ തിഥിയായിരുന്നു.

"ഇരുപത്തിനാല് വർഷം മുൻപ് ഫിൽക്ക രൂപീകരണവുമായി ബന്ധ പ്പെട്ട് പ്രവർത്തിച്ച ഒരാളാണ് ഞാൻ. ഇപ്പോൾ ഫിൽക്ക ഫിലിം സൊസൈ റ്റിയുടെ രൂപവും ഭാവവുമൊക്കെ കാലത്തിനൊത്ത് മാറിയിട്ടുണ്ട്. മാത്രമല്ല, ചലച്ചിത്ര നിരൂപണത്തിന് പ്രാധാന്യം കൊടുക്കുന്ന ഡിജിറ്റൽ മാസികയ്ക്കും രൂപം നൽകിയിരി ക്കുന്നു. വിദേശ ഭാഷയിലും സംസ്കാ രത്തിലുമുള്ള ക്ളാസിക്ക് സിനിമകൾ ആസ്വദിക്കുന്നതിൽ ചലച്ചിത്ര സാഹി ത്യത്തിന്റെ പങ്ക് വളരെ പ്രധാന പ്പെട്ടതാണ്. ഞാൻ ചലച്ചിത്ര നിരൂപ ണം തുടങ്ങിയത് ചിത്രലേഖയു മാ യുള്ള ബന്ധത്തിലൂടെയാണ്. പണ്ടൊ ക്കെ ഫിലിം ക്ളാസിക്കുകൾ കാണാൻ ദൂരസ്ഥലങ്ങളിലെ ഫിലിം സൊ സൈറ്റികളിൽ പോയിരുന്നത് വളരെ ബുദ്ധിമുട്ടിയാണ്. ഇപ്പോൾ സാങ്കേ തിക സൗകര്യം എളുപ്പമായി രിക്കുന്നു. ആദ്യകാലത്ത് ഫിലിം സൊസൈറ്റി കളുടെ എണ്ണം വർധിച്ചുവെങ്കിലും പ്രതിസന്ധികൾ മൂലം കുറെയെണ്ണം കാലാന്തരത്തിൽ നാമാവശേഷമായി. ചിത്രലേഖ പോലും ഇപ്പോഴില്ല. ഇപ്പോൾ ഫിലിം സൊസൈറ്റി പ്രസ്ഥാനം മുന്നോട്ട്

വാർത്ത



പോകുന്നുണ്ടെങ്കിലും പരിവർത്തനത്തി ന് വിധേയമായി കാലത്തിനൊപ്പം വ്യാപിച്ചിട്ടു ണ്ടോ, ലക്ഷ്യത്തോടെ പ്രവർ ത്തിക്കുന്നു ണ്ടോ എന്ന് സംശയമുണ്ട്. ലോകസിനിമയെ മലയാളത്തിന് പരിച യപ്പെടുത്തിയ ചലച്ചി ത്ര നിരൂപണ സാഹിത്യത്തിന്റെ തുടക്ക ക്കാരൻ എന്ന് എന്നെ കുറിച്ച് ഫിൽക്ക പ്രസ്താവി ച്ചതിൽ സന്തോഷ മുണ്ട്. "

സ്റ്റേറ്റ് ലൈബ്രേറിയൻ പി. കെ. ശോഭന, നോവലിസ്റ്റും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, ഡോ. ബി. രാധാകൃഷ്ണൻ, സുരേഷ്കുമാർ ( Beam Film Society, Bank Employees Art Movement ), വിനേഷ്. വി ( Sparc Film Society , ISRO ), അമിത്. കെ ( CET Film Society, College of Engineering Trivandrum ), നടി ഗിരിജ സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നിർമ്മാല്യം, ഒരു ചെറുപുഞ്ചിരി, കടവ്, ഓളവും തീരവും എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത



# പത്രപ്രവർത്തനം – സമൂഹത്തിനും രാജ്യത്തിനും വേണ്ടിയുള്ള സേവനം – സാം ആന്റണി, തിരുമല







ഫിൽക്ക ഫിലിം സൊസൈറ്റിയുടേയും തിരുവനന്തപുരം ആർച്ച് ഡയോസിസ് മീഡിയ കമ്മീഷൻറെയും സംയുക്ത മായ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദൃശ്യ മാധ്യമ ജേർണലിസത്തെ കുറി ച്ചുള്ള ഏകദിന ശിൽപ്പശാല ശ്രദ്ധേ യമായിരുന്നു. വിദ്യാർത്ഥികളും മുതിർ ന്നവരുമായി അമ്പതിലേറെ പേർ പങ്കെടുത്തു.

ഫാദർ. വിജിൽ ജോർജ്ജ് സ്വാഗതം പറഞ്ഞ്, അഭിവന്ദ്യ മെത്രാൻ റൈറ്റ് റെവറൻറ് ഡോക്കുർ ക്രിസ്തുദാസ്.ആർ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സതീഷ് ജോർജ്ജ് പ്രോഗ്രാം ഷെഡ്യൂൾ അവതരിപ്പിച്ചു.

ദൃശ്യമാധ്യമ ജേർണലിസത്തെ കുറിച്ചുള്ള ശിൽപ്പശാലയിൽ പങ്കെടുക്കുവാനായി പോകുമ്പോൾ ഫോട്ടോഗ്രഫി, വിഡിയോഗ്രഫി, വിഡിയോ എഡിറ്റിങ്ങ് ബേസിക്ക് സ്റ്റഡി എന്ന രണ്ടാമത്തേ സെഷനായിരിക്കും കുടുതൽ പ്രയോജ നപ്പെടുക എന്ന് മനസ്സിൽ കണ്ടിരുന്നു. കൂടാതെ ഒരു ദിവസം കൊണ്ട് ജേർണ ലിസത്തെ പറ്റി എന്തു പഠിക്കാനാണ് എന്നൊരു സംശയവുംഇല്ലാതിരുന്നില്ല. എന്നാൽ ആ സംശയത്തേയും പത്രപ്രവർത്തനത്തിനെ പറ്റിയും റിപ്പോർട്ടിങ്ങി നെ പറ്റിയുമുള്ള ധാരണകളും മാറ്റി മറിക്കുന്ന, കൃത്യവും വ്യക്തവുമായിട്ടുള്ള അറിവുകൾ പകരുന്നതായി രുന്നു ഒന്നാം സെഷൻ.



സർട്ടിഫിക്കേറ്റ് വിതരണം : ജ്യോതിക, ഫാ. ഡോ. ലോറൻസ് കുലാസ്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

## വാർത്ത



ഫാ. വിജിൽ ജോർജ്ജ്, ബിഷപ്പ് ഡോ. ക്രിസ്തുദാസ്. ആർ, സാബു ശങ്കർ, പ്രകുല. ടി. കെ, അജി എസ്, സുജിത് എസ്, സതീഷ് ജോർജ്ജ് എന്നിവർ ശില്പശാലയിൽ

ക്ലാസുകൾ കഴിഞ്ഞപ്പോൾ കോൺസപ്റ്റ് ഓഫ് ജേർണലിസം, ആങ്കറിങ്ങ് ആൻറ് ന്യൂസ് റിപ്പോർട്ടിങ്ങ്, ഫോട്ടോഗ്രഫി ആൻറ് വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിങ്ങ് ബേസിക്ക് സ്റ്റഡി എന്നീ വിഷയങ്ങളിൽ ആ വിഷയങ്ങളേ പറ്റിയുള്ള അടിസ്ഥാന ചോദ്യങ്ങൾ, അതായത് what, why, when, where, who, how എന്നിവക്ക് ഉത്തരങ്ങളായി എന്നുള്ളതാണ് വാസ്തവം.

കോൺസപ്റ്റ് ഓഫ് ജേർണലിസം -എന്ന വിഷയത്തിൽ ക്ലാസ്സെടുത്ത ശ്രീ. സാബു ശങ്കർ ജേർണലിസം എന്നതു കൊണ്ടു എന്താണ് ഉദ്ദേശിക്കുന്നതെന്നും, എന്തുകൊണ്ടാണ് ജേർണലിസം നമുക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത് എന്നും, എവിടെയൊക്കെ, എങ്ങനെയൊക്കെ ആരാലൊക്കെ അത് നിർവഹിക്കപ്പെടുന്നതെന്നും എങ്ങനെയൊക്കെയാണ് ചെയ്യേണ്ടതെന്നുമുള്ള അടിസ്ഥാന വിവരങ്ങൾ നൽകുകയും ചെയ്തു. ജേർണലിസത്തിൻറെ ശൈശവദശയിൽ നിന്ന് തുടങ്ങി ഫോട്ടോകളായും വീഡിയോ കളായും വിവിധ മാധ്യമങ്ങളിലൂടെ ഒരോ നിമിഷവും നമ്മളിലേക്ക് വാർത്തകൾ വർഷി ക്കപ്പെടുന്ന ഇന്നത്തേ കാലം വരെയുള്ള ജേർണലിസത്തിന്റെ വളർച്ചയും വിശദമാക്കപ്പെട്ടു. വാർത്തകളുടെ ഭാഷാപ്രയോഗ പ്രത്യേകതകളും, രീതികളും, അരുതുകളും നിയമവശങ്ങളും തുടങ്ങി എന്താണ് ജേർണലിസം, അത് എങ്ങനെ സംഭവിക്കുന്നു എന്നും എങ്ങനെ ഒരു സാധാരണക്കാരനും ഒരു ജേർണലിസ്റ്റ് ആയി മാറാമെന്നും അതിന് അടിസ്ഥാനപരമായി ആവശ്യമുള്ള കാര്യങ്ങളും ഒഴിവാക്കപ്പെടേണ്ട കാര്യങ്ങളും ഒക്കെയും വിശദമാക്കപ്പെട്ടു. ജേർണലിസത്തേ പറ്റിയുള്ള ഈ അടിസ്ഥാന പഠന ക്ലാസ്സ്, അനുബന്ധമായ വിഷയങ്ങൾ എളുപ്പത്തിൽ മനസിലാക്കാൻ വളരെയധികം സഹായിച്ചു എന്ന് പ്രത്യേകം പറയേണ്ടതില്ല.

ആങ്കറിങ്ങ് ആൻറ് ന്യൂസ് റിപ്പോർട്ടിങ്ങ് - ന്യൂസ് റിപ്പോർട്ടറും ന്യൂസ് ഡെസ്ക് എഡിറ്ററുമായ ശ്രീമതി പ്രകുല ടി. കെ എടുത്ത ക്ലാസ്സ് ന്യൂസ് റിപ്പോർട്ടിങ്ങിനെ പറ്റിയുള്ള വിശദാംശങ്ങൾ നിറഞ്ഞതായിരുന്നു. എന്തൊക്കെ തരം ന്യൂസുകൾ എപ്പോഴൊക്കെ എങ്ങനെ എന്തുകൊണ്ട് പ്രേക്ഷകൻറെ മുന്നിൽ എത്തിക്കുന്നു എന്നത് ആദ്യം തന്നെ വ്യക്തമാക്കുകയുണ്ടായി. അതിനു ശേഷം ഒരു സംഭവത്തെ വാർത്തക്ക് യോഗ്യമായത് എന്ന് എങ്ങനെ മനസിലാക്കണമെന്നും, അത് സാധ്യമായ എല്ലാ വിവരങ്ങളോടും ദൃശ്യങ്ങളോടും കൂടി എങ്ങനെ ന്യൂസ് ബ്യൂറോയിൽ എത്തിക്കണമെന്നും, അത് വാർത്ത

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

ചെയ്യപ്പെടാൻ യോഗ്യമായ വിധത്തിൽ എഡിറ്റ് ചെയ്ത് കൃത്യവും ഹ്രസ്വവുമാക്കി മാറ്റി പ്രേക്ഷകന് പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ നൽകുന്ന റിപ്പോർട്ടുകളാക്കാമെന്നും വിശദമാക്കുകയുണ്ടായി. ഒരു വാർത്തയുടെ ആധികാരികത ഉറപ്പാക്കേണ്ടത് എത്രത്തോളം പ്രാധാന്യം അർഹിക്കുന്നതാണെന്നും ഒരു തെറ്റായ, അപകീർത്തികരമായ വാർത്തയുടെ ദോഷവശങ്ങളെ പറ്റിയും നിയമപരമായ പ്രത്യാഘാതങ്ങളെ പറ്റിയും പ്രതിപാദിക്കുകയുണ്ടായി. പലതരം വാർത്ത വായനകളേ പറ്റിയും, റിപ്പോർട്ടിങ്ങിനേ പറ്റിയുമുള്ള ഒട്ടുമിക്ക അബദ്ധധാരണകളേയും അറിവില്ലായ്മകളും തുടച്ചു നീക്കുന്ന ക്ലാസ്സ് ആയിരുന്നു അത്. അതുകൂടാതെ ഏതെല്ലാം തരം റിപ്പോർട്ടിങ്ങ്, ഏതൊക്കെ രീതിയിലുള്ള റിപ്പോർട്ടിങ്ങ്, വ്യത്യസ്ത വാർത്തകൾ വായിക്കുമ്പോഴുള്ള വായനാ രീതികൾ തുടങ്ങിയവ ചർച്ചയാക്കപ്പെട്ടു. തുടർന്ന് റിപ്പോർട്ടിങ്ങ് പ്രാക്ടിക്കലായി ചെയ്യിക്കുകയും അതിൽ വന്ന പ്രശ്നങ്ങളും കുറവുകളും മനസിലാക്കി തരികയും ചെയ്തു. ന്യൂസ് റിപ്പോർട്ടിങ് പ്രാക്ടിക്കൽ സന്ദർഭത്തിൽ നാടക - ചലച്ചിത്ര നടി ഗിരിജ സുരേന്ദ്രൻ, വിദ്യാർത്ഥികൾക്കൊപ്പം പങ്കെടുത്തു.

ഫോട്ടോഗ്രഫി ആൻറ് വീഡിയോഗ്രാഫി - ഉച്ചഭക്ഷണം കഴിഞ്ഞു നടന്ന ഈ സെഷനിലെ ക്ലാസ് ഫോട്ടോഗ്രാഫർ ശ്രീ അജി. എസ് പ്രായോഗിക വിഡിയോ/ഫോട്ടോഗ്രാഫിക് ജേർണലിസം എന്ന രീതിയാണ് അവലംബിച്ചത്. പങ്കെടുത്ത വ്യക്തികൾ എടുത്ത ഫോട്ടോകൾ, വീഡിയോകൾ എന്നിവയേ അടിസ്ഥാനമാക്കി, ഫോട്ടോഗ്രാഫി എന്ന വെളിച്ചത്തിന്റെ കലയുടെ ദൃശ്യപ്രപഞ്ചത്തെ പറ്റി എടുത്ത ക്ലാസിൽ, സ്വയം സംസാരിക്കുന്ന മിഴിവുറ്റ ചിത്രങ്ങൾ എങ്ങനെ എടുക്കാമെന്ന് വ്യക്തമാക്കുന്നതായിരുന്നു. വിവിധ മൊബൈൽ ഫോണുകളിൽ തന്നെയുള്ള ക്യാമറ സെറ്റിങ്ങുകളേ പറ്റിയും അതുപയോഗിച്ച് മനോഹരമായ ചിത്രങ്ങൾ എങ്ങനെ എടുക്കാമെന്നതിനെ പറ്റിയും, ശബ്ദത്തിൻറെയും വാർത്തകൾക്കായി എടുക്കുന്ന ചിത്രങ്ങളുടെയും വിഡിയോകളുടെയും വ്യക്തതയെ പറ്റിയും അതിൻറെ പ്രാധാന്യത്തെ പറ്റിയും ഈ സെഷനിൽ വിശദമാക്കപ്പെട്ടു. കൃത്യസമയത്ത്, മിഴിവോടെ, വേറിട്ടു നിൽക്കുന്ന, ചരിത്രത്തിൻറെ ഭാഗമായി മാറിയേക്കാവുന്ന തരത്തിൽ ചിത്രങ്ങളും വീഡിയോകളും എങ്ങനെ എടുക്കണമെന്നുള്ള ഒരു ധാരണ നേടുവാൻ ഈ സെഷൻ ഇടയാക്കി. നല്ല ചിത്രങ്ങൾ എടുക്കാൻ പ്രഫഷണൽ ക്യാമറകൾ തന്നെ വേണമെന്നുള്ള ധാരണ ഇല്ലാതാക്കാനും ഈ ക്ലാസ്സ് സഹായിച്ചു എന്നതും എടുത്തു പറയേണ്ടതാണ്.

വീഡിയോ എഡിറ്റിങ്ങ് ബേസിക്ക് സ്റ്റഡി -ഈ സെഷനിൽ ക്ലാസ്സ് എടുത്തത് ഫിലിം എഡിറ്റിംഗ് അദ്ധ്യാപകൻ ശ്രീ.സുജിത്ത് ആണ്. പലകാലങ്ങളിൽ പലയിടങ്ങളിൽ പലതരത്തിൽ മിഴിവോടെയും അല്ലാതെയും എടുത്ത ചിത്രങ്ങൾ, വീഡിയോകൾ, ശബ്ദരേഖകൾ, മനോഹരമായ സിനിമകളും വാർത്താ ചിത്രങ്ങളും ന്യൂസുകളും ഡോക്യുമെൻററികളുമാക്കി എങ്ങനെ മാറ്റപ്പെടുന്നുവെന്ന് ഈ സെഷൻ മനസിലാക്കി തന്നു. അവശ്യമില്ലാത്ത ഭാഗങ്ങൾ മുറിച്ചു മാറ്റി വേണ്ടത് മാത്രം കൂട്ടി യോജിപ്പിക്കുക എന്ന ലളിതമായ ജോലിയാണ് എഡിറ്റിങ്ങ് എന്ന പൊതുധാരണയേ ഈ ക്ലാസ്സ് മാറ്റി മറിച്ചു. വിവിധ ആവശ്യങ്ങൾക്കായി എടുക്കപ്പെടുന്ന ദൃശ്യങ്ങളുടെ ലൈറ്റിങ്ങ്, സൌണ്ട്, വ്യക്തത, കളർറ്റോൺ,

ഫിലിം വിഷൻ

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

## വാർത്ത

നീളം, തുടങ്ങിയവക്ക് എഡിറ്റിങ്ങിലൂടെ വരുത്താൻ പറ്റുന്ന മാറ്റങ്ങളുടെ പരിധി, മാറ്റുന്ന രീതി, അതിനു കൈ വരുന്ന മിഴിവ്, ദൃശ്യങ്ങൾ എടുക്കുമ്പോഴും എഡിറ്റു ചെയ്യുമ്പോഴും ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ തുടങ്ങിയവ പ്രതിപാദ്യമായി. മൊബൈൽ ഫോൺ, ലാപ്ടോപ്പ് തുടങ്ങിയവയിൽ എഡിറ്റ് ചെയ്യാൻ ഉപയോഗിക്കുന്ന എഡിറ്റിങ്ങ് സോഫ്റ്റ് വെയറുകൾ, ആപ്പുകൾ തുടങ്ങിയവയേ പറ്റിയും ചർച്ച ചെയ്യുകയും അതു ചെയ്യുന്നതിനേ പറ്റി പ്രാക്റ്റിക്കൽ ക്ലാസ്സ് എടുക്കുകയുമുണ്ടായി.

ഏറ്റവുമൊടുവിൽ ഈ സെമിനാറിൽ പങ്കെടുത്തവരെ പങ്കെടുപ്പിച്ചു കൊണ്ടു നടന്ന പ്രാക്റ്റിക്കൽ സെഷനിൽ സാമ്പിൾ വാർത്തകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുകയും അത് റിക്കോർഡു ചെയ്യിപ്പിച്ച് പ്രോജക്ടർ വഴി പ്രദർശിപ്പിക്കുകയും ചെയ്തു. ഓരോ വിഷയവും കൈകാര്യം ചെയ്ത അദ്ധ്യാപകർ തന്നെ അവ വിലയിരുത്തുകയും ചെയ്തു.

പങ്കെടുത്ത എല്ലാവർക്കും ജേർണലിസത്തിൻറെ വിവിധ മാനങ്ങളെ കുറിച്ച് പ്രായോഗികതലത്തിൽ എത്രത്തോളം മനസിലാക്കാൻ സാധിച്ചു എന്ന് സ്വയം വിലയിരുത്തുവാനുള്ള അവസരവുമായി അതു മാറി.


ചുരുക്കത്തിൽ ഈ നാലു ക്ലാസുകളും ഫൈനൽ പ്രാക്റ്റിക്കൽ സെഷനും കഴിയുമ്പോഴേക്കും ഈ സെമിനാറിൽ പങ്കെടുത്ത ഓരോ വ്യക്തിയിലും പ്രേക്ഷകൻറെ മുന്നിലേക്കെത്തുന്ന വാർത്തക ളുടെ പിന്നാമ്പുറങ്ങളിൽ എന്തൊക്കെയാണ് സംഭവിക്കുന്നതെന്നതിനേ പറ്റിയുള്ള ധാരണയുണ്ടാക്കി. ഒരു സാധാരണക്കാരന് ജേർണലിസത്തിൽ എങ്ങനെ പ്രായോഗികമായി ഭാഗഭാക്കാകാമെന്നതിനെ കുറിച്ചും അടിസ്ഥാനപരമായ വീക്ഷണം ഉണ്ടായി എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. സെഷനുകൾ എല്ലാം പൂർത്തിയായപ്പോൾ തിരുവനന്തപുരം ആർച്ച് ഡയോസിസ് മീഡിയ കമ്മീഷൻറെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും കഴിവുകൾ വികസിപ്പിക്കാനുമുള്ള അവസരങ്ങൾ ഉറപ്പാക്കുന്ന പ്രഖ്യാപനവും ഉണ്ടായിരുന്നു. തുടർന്ന് പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് ഫാ. ഡോ. ലോറൻസ് കുലാസ് സമ്മാനിച്ചു.

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന ഈ ശിൽപശാല പങ്കെടുത്ത ഓരോരുത്തരുടേയും കലാ - സാമൂഹിക ജീവിതത്തിൽ ശുഭകരമായ മാറ്റങ്ങൾ വരുത്തുമെന്ന കാര്യത്തിൽ സംശയമേതുമില്ല. ഈ ശില്പശാല സ്പോൺസർ ചെയ്ത മീഡിയ കമ്മീഷന്റെയും ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഭാരവാഹികളുടെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹം തന്നെ. ആത്മാർഥമായ നന്ദി.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# Gabriel Garcia Marquez Film Fest



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# ഗബ്രിയേൽ ഗാർസ്യാ മാർക്വേസിന്റെ ജീവിതഗാഥ

സുരേഷ് കുമാർ. സി ( ബീം ഫിലിം സൊസൈറ്റി )

**വി**ശ്വസാഹിത്യ ചരിത്രത്തിലേക്ക് ലാറ്റി നമേരിക്കയുടെ കടന്നുവരവിന് ഏറിയാൽ രണ്ടോ മൂന്നോ നൂറ്റാ ണ്ടുകളുടെ ദൂരമേ നമുക്ക് കാണാ നാവൂ. എന്നാൽ അതി തീക്ഷ്ണമായ സാമൂഹ്യ നിലപാടുകളു മായി നിറഞ്ഞാ ടുന്ന മൗലിക പ്രതിഭകളെ സമ്മാനി ക്കുന്നതിൽ ആ ഭൂപ്രദേശം ലോക ത്തിന്റെ നെറുകയിലാണ്.

അലെജോ കാർപെന്റിയർ, പാബ്ലോ നെരൂദാ, ഒക്ടേവിയോ പാസ്സ്, സെസ്സാർ വലെജോ , ജോസ് മാർട്ടി , ഗബ്രിയേല മിസ്ട്രാൽ, ഇസബെൽ അലൻഡെ ... എന്നിങ്ങനെ നീണ്ടു പോകുന്ന പേരുകളിൽ മുന്നിൽ തന്നെ നിർത്താവുന്നയാളാണ് ഗബ്രിയേൽ ഗാർസിയ മാർക്വേസ്. മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതത്തിന് ലോക സാഹിത്യത്തിന്റെ സിംഹാസ നത്തിൽ ഇരിപ്പിടം നേടിക്കൊടുത്ത കൊളംബിയൻ സാഹിത്യകാരൻ.

1927 ൽ കൊളംബിയയിലെ ഒരു കട ൽത്തീര നഗരത്തിൽ ജനിച്ച മാർക്വേസ് തന്റെ സർഗ്ഗ ജീവിതത്തിന്റെ ഏറിയ പങ്കും ചെലവഴിച്ചത് മെക്സിക്കയിലാ യിരുന്നു. ഒരു പത്രപ്രവർത്തകനായാണ് അദ്ദേഹം തന്റെ എഴുത്തു ജീവിതം ആരംഭിക്കുന്നത്. ലാറ്റിനമേരിക്കയി ലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങ ളിലായുള്ള പത്രപ്രവർത്തക ജീവിതം അദ്ദേഹത്തിന്റെ ആദ്യകാല രചനാ ശൈ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ലിയെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ചെറുകഥകളിൽ . സ്വാഭാവിക മായും ചെറുകഥകളിലൂടെ തന്നെയാണ് മാർക്വേസും സാഹിത്യ ലോകത്തേക്ക് കടക്കുന്നത്.

നാടോടികഥകളുടേയും നാട്ടുമൊഴി കളുടേയും സമ്പന്ന പാരമ്പര്യമുള്ള തദ്ദേശീയ സംസ്കാരത്തനിമയുടെ പരിലാളനയിൽ , കഥ പറച്ചിലുകാരനായ മുത്തച്ഛന്റെ നേരിട്ടുള്ള ശിക്ഷണത്തിൽ ബാല്യം കഴിച്ചു കൂട്ടിയ മാർക്വേസിൽ കഥ പറയാനുള്ള വഴികൾ സ്വയം തെളിഞ്ഞു വരികയായിരുന്നു. പാർശ്വവൽകൃത സംസ്കാരങ്ങളെ ആധുനിക ലോക സംഘർഷങ്ങളുമായി നേർക്കു നേർ നിർത്താനുള്ള തീവ്രമായ പരിശ്രമം കണ്ടെത്തിയ രൂപ ഘടനയാവാം മാർക്വേസിന് 'മാജിക്കൽ റിയലിസം'.

തുടർച്ചയായ വിദേശാധിപത്യത്തിനും വംശീയാധിനിവേശങ്ങൾക്കും ഇരകളാകാൻ വിധിക്കപ്പെട്ട തദ്ദേശീയ സംസ്കൃതിയുടെ രോഷത്തിന്റെ കനൽപ്പൊരികൾ , ഇതര ലാറ്റിനമേരിക്കൻ സാഹിത്യകാരന്മാരിലേതെന്നപോലെ മാർക്വേസിന്റെ രചനകളിലും ഊർജ്ജ സ്രോതസ്സായി നിഴലിക്കുന്നതു കാണാം. ചെറുകഥകളുടെ ആദ്യ പതിറ്റാണ്ടിനു ശേഷം തന്റെ എക്കാലത്തേയും മികച്ച രചനയായ 'ഏകാന്തതയുടെ നൂറ് വർഷങ്ങ' (1967) ളിലൂടെയാണ് നോവലിന്റെ ലോകത്ത് കടന്നത്. സ്വേച്ഛാധിപത്യത്തിന്റേയും വംശീയാതിക്രമങ്ങളുടേയും, സമാന്തരമായ ജനകീയ മുന്നേറ്റങ്ങളുടേയും നിരന്തര സാന്നിദ്ധ്യം കൊണ്ട് കലാപ കലുഷിതമായിരുന്ന ലാറ്റിനമേരിക്കൻ സാമൂഹികാന്തരീക്ഷം രേഖപ്പെടുത്താൻ ഏറ്റവും അനുയോജ്യം എന്ന നിലയിലാണ് മാർക്വേസും മാജിക്കൽ റിയലിസത്തിന്റെ രൂപഘടനയെ കൂട്ടുപിടിക്കുന്നത്.

തദ്ദേശീയതയോടൊപ്പം ആഫ്രിക്കൻ - യൂറോപ്യൻ സംസ്കാരങ്ങളുടെ കൂടിച്ചേരലുകളിലൂടെ രൂപമാറ്റം സംഭവിക്കുന്ന ലാറ്റിനമേരിക്കൻ സ്വത്വബോധത്തെ കണ്ടെത്താനുള്ള കഥാകാരന്മാരുടെ കയ്യിലെ ഉപകരണമായിരുന്ന മാജിക്കൽ റിയലിസം ലോക സാഹിത്യ ചരിത്രത്തിൽ തന്നെ വലിയ ചലനങ്ങൾക്ക് വഴിതെളിച്ചു.

Love in the time of Cholera , Chronicle of a Death Foretold , The Autumn of the Patriarch, ലാറ്റിനമേരിക്കൻ വിമോചന നായകനായ സൈമൺ ബൊളീവറുടെ അവസാന നാളുകളുടെ കഥ പറയുന്ന The General in his Labyrinth എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ ഇതര നോവലുകളാണ്. നിരവധി ചെറുകഥകളും Living to tell the tale എന്ന പേരിലുള്ള ആത്മകഥയും മാർക്വേസിന്റെ രചനാ ശേഖരത്തിന്റെ ഭാഗമാണ്.

ലോക സാഹിത്യത്തിനു നൽകിയ സമഗ്ര സംഭാവന കണക്കിലെടുത്ത് മാർക്വേസിന് 1982 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയുണ്ടായി.


ഒമ്പതാം വയസ്സു മുതൽ കളിക്കൂട്ടുകാ

രിയായിരുന്ന മെർസിഡസ് ബാർച്ച പാർദോയായിരുന്നു മാർക്വേസിന്റെ ഭാര്യ. രണ്ട് ആൺ മക്കളിൽ റോഡ്രിഗോ ഗാർസ്യാ ബാർച്ചാ ഒരു ചലച്ചിത്രകാരനും ഗോൺസാലോ ഗാർസ്യാ ബാർച്ചാ എഴുത്തുകാരനും ഗ്രാഫിക് ഡിസൈനറുമാണ്.

2014 ഏപ്രിൽ 14 ന് മെക്സിക്കോ സിറ്റിയിൽ വച്ച് ഗബ്രിയേൽ ഗാർസ്യാ മാർക്വേസ് അന്തരിച്ചു.

NOTABLE BOOKS

1. LEAF STORM -1955
2. THE STORY OF A SHIPWRECK – 1955
3. NO ONE WRITES TO COLONEL – 1961
4. BIG MAMA' S FUNERAL – 1962
5. IN EVIL HOUR – 1962
6. TUESDAY SIESTA – 1962
7. ONE HUNDRED YEARS OF SOLITUDE – 1967
8. A VERY OLDMAN WITH ENORMOUS WINGS – 1968
9. INNOCENT ERANDIRA AND OTHER STORIES – 1972
10. EYES OF A BLUE DOG – 1972
11. THE TRAIL OF YOUR BLOOD IN THE SNOW - 1976
12. CHRONICLE OF A DEATH FORETOLD - 1981
13. LOVE IN THE TIME OF CHOLERA – 1981
14. SLEEPING BEAUTY AND THE AIRPLANE – 1982
15. THE SOLITUDE OF LATIN AMERICA -1982
16. THE FRAGRANCE OF GUEVA - 1982
17. COLLECTED STORIES – 1984
18. CLANDESTINE IN CHILE – 1986
19. GENERAL IN HIS LABYRINTH -1989
20. THE GHOSTS OF AUGUST -1992
21. STRANGE PILGRIMS – 1992
22. LIVING TO TELL THE TALE -2002



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# മാജിക്കൽ റിയലിസവും ലാറ്റിൻ അമേരിക്കയും



വിനോദ്കുമാർ. പി. ( ട്രഷറർ, ഫിൽക്ക )

വായനയിലൂടെ മാന്ത്രികലോകം സൃഷ്ടിച്ച എഴുത്തുകാരെ നമുക്ക് ഇഷ്ടമാണ്. അക്കൂട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരെഴുത്തുകാരനാണ് ഗബ്രിയേൽ ഗാർസ്യ മാർക്വിസ്. മാജിക്കൽ റിയലിസത്തിന്റെ അമരക്കാരനായാണ് നാം മാർക്കേസിനെ ആരാധിക്കുന്നത്.

അഞ്ചു പതിറ്റാണ്ടിലധികമായി ലാറ്റിനമേരിക്ക യിൽ നിന്നുള്ള മാജിക് റിയലിസ്റ്റിക് നോവലുകളുടെ ഒരു സ്ഫോടനം തന്നെ ലോകത്തെ അതിശയിപ്പിച്ചു .
സർഗ്ഗധനനായ ഒരു 'മലയാളി' എഴുത്തുകാരനായിത്തന്നെ നാം കണ്ടുപോരുന്ന മാർക്വിസിന്റെ രചനകൾ വായനയുടെ അത്ഭുതങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിച്ചു .

മാജിക്കൽ റിയലിസത്തിന്റെ സ്പർശവും പശ്ചാത്തലവുംകൊണ്ട് ഭാവനയെ ഭ്രമാത്മകമായ രീതിയിൽ കെട്ടഴിക്കുന്ന മാർക്വിസിന്റെ എഴുത്തുരീതി വായനക്കാരെ ഏറെ സ്വാധീനിക്കുന്നു എന്നതിൽ അതിശയോക്തി ഒട്ടുമില്ല. 'റിയൽ' ആയ തലത്തെ മാന്ത്രിക തലത്തിൽ അധിഷ്ഠിതപ്പെടുത്തിയ സങ്കേതത്തിൽ, പഴയ സങ്കല്പങ്ങൾ കടപുഴകുകയും അവ മറ്റൊരു വിസ്മയതീരത്തേക്ക് നീങ്ങുകയും ചെയ്യുന്നു. കാവ്യാത്മകവും ഭ്രമാത്മകവുമായ സങ്കല്പലോകം സൃഷ്ടിച്ച ഗാബോയ്ക്ക്, മലയാളിയുടെ ഭാവന സ്വപ്നം കണ്ടിരുന്ന കഥാലോകത്തെ മാറ്റിമറിക്കുവാനും സാധിച്ചു.


'മാജിക്കൽ റിയലിസം' എന്ന പ്രയോഗം മലയാളിയുടെ ബൗദ്ധിക ചുറ്റുവട്ടങ്ങളിൽ ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കാവുന്ന ഒരു വ്യവഹാരവസ്തുവായി മാറിയതും മാർക്വിസിന്റെ കേരളാധിനിവേശത്തിലൂടെയാണ്. ഭാഷയുടെയും ഫാന്റസിയുടെയും ഭാവപ്പൊലിമയിൽ വായനക്കാരെ തന്റെ കൃതികളിലേക്ക് വീണ്ടും വീണ്ടും ആകർഷിക്കുന്ന ഗാബോയുടെ ജീവിത വും കഥകളും നോവലുകളും നാം മനസ്സിലാക്കിയിട്ടുണ്ട്.

അന്യവൽക്കരണത്തിന്റെയും അസ്തി ത്വവാദത്തിന്റെയും മാറാപ്പു കളുമായി

സാഹിത്യ ഭാവുകത്വത്തി നെത്തന്നെ ആധുനികത മടുപ്പിച്ചു കൊണ്ടിരി ക്കുമ്പോഴാ യിരുന്നു ലാറ്റി നമേരിക്കൻ സംസ്കാരത്തിന്റെ അട യാളവാക്യ ങ്ങളുമായി ഗബ്രിയേൽ ഗാർസ്യ മാർ ക്വിസ് എന്ന 'വാക്കിന്റെ ഈശ്വരൻ' പിറവിയെടുക്കുന്നത്.

കുട്ടിക്കാലം മുഴുവൻ മുത്തച്ഛന്റെയും മുത്തശ്ശി യുടെയും കൂടെ കഴിഞ്ഞ കൊച്ചു ഗാബോയ്ക്ക് ഒരു വയസ്സായപ്പോഴാണ് കൂട്ടക്കൊലയിൽ കലാശിച്ച അരാക്കറ്റാക്കയിലെ കുപ്രസിദ്ധമായ 'ബനാന സമരം' നടന്നത്. അമേരിക്കയുടെ ഉടമസ്ഥതയിലുള്ള കമ്പനിയായ യുണൈറ്റഡ് പ്ലാന്റേഷൻ നടത്തിയ, 1928-ലെ ഈ ദാരുണസംഭവത്തിൽ അനേകം ആളുകൾ കൊല്ലപ്പെട്ടിരുന്നു. ഇങ്ങനെ കലുഷിതമായ സാഹച ര്യത്തിലായിരുന്നു ഗാബോയുടെ ബാല്യം. എന്നാലിത് അദ്ദേഹത്തെ രാഷ്ട്രീയമായി കൂടുതൽ കരുത്തനാ ക്കുകയായിരുന്നു. 1899-1902 കാലഘട്ടത്തിൽ കൊളംബിയയിൽ നടന്ന 'ആയിരം ദിവസ'ത്തെ യുദ്ധ ത്തിൽ പങ്കെടുത്ത പോരാളിയായിരുന്നു ഗാബോയുടെ മുത്തച്ഛൻ. കൺസർവറ്റിവ് പാർട്ടിയും ലിബറൽ പാർട്ടിയും തമ്മിലുണ്ടായ ഈ ആഭ്യന്തരയുദ്ധത്തിൽ സജീവമാ യിരുന്നു മുത്തച്ഛൻ. പില്ക്കാലത്ത് 'കേണലിന് ആരും എഴുതുന്നില്ല' എന്ന മാർക്വിസിന്റെ നോവൽ മുത്തച്ഛന്റെ ജീവിതം ആസ്പദമാക്കി എഴുതിയ താണ്. മുത്തച്ഛൻ പറഞ്ഞുകൊടുത്ത യുദ്ധകഥകളും മുത്തശ്ശിയുടെ പുരാവൃ ത്തങ്ങളും പ്രേതകഥകളുമൊ ക്കെമായി നിഗൂഢമായ ഒരന്തരീക്ഷ ത്തിലായിരുന്നു ഗാബോയുടെ ബാല്യം. മുത്തശ്ശി അരിപ്പെട്ടിയിൽ സൂക്ഷിക്കു ന്ന മുട്ടകളെപ്പറ്റി ഗാബോ പറയുമ്പോൾ ഇതൊരു നാടോടി കഥയല്ലേ എന്ന് നമുക്ക് തോന്നിപ്പോകും. കുട്ടിക്കാല ത്തെ ഓർമ്മകളിൽ നിന്നും ഉടലെടു ത്തവയായിരുന്നു അദ്ദേഹത്തിന്റെ മിക്ക പുസ്തകങ്ങളും. മുത്തശ്ശി പറ ഞ്ഞുകൊടുത്ത യക്ഷികഥകളിൽ അഭിരമിക്കുകയും എന്നാൽ രാത്രി യാവുമ്പോൾ ഭയന്ന് വിറക്കുകയും ചെയ്യുന്ന കൊച്ചുഗാബോയുടെ രീതി കൗമാരപ്രായത്തിലും മാറിയിരുന്നില്ല. മാർക്വിസിൽ 'മാന്ത്രിക യഥാ തഥ്യ'ത്തിന്റെ വിത്തുകൾ പാകിയത് ഈ അന്തരീക്ഷമായിരുന്നു എന്ന് പറയുന്ന തായിരിക്കും ശരി.

മിത്തുകളും പുരാണങ്ങളും ചേർന്ന മായാപ്രപഞ്ചത്തിന്റെ കരുത്തിൽ വാക്കുകളുടെ വിസ്മയലോകം തീർക്കുമ്പോൾ മാർക്വിസിന്റെ ഓരോ കഥയും ഭാഷയ്ക്കും സംസ്കാര ത്തിനും അതീതമായി സാർവലൗ കികമായി പരിണമിക്കുകയാ ണുണ്ടായത്.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ആറ് ലാറ്റിനമേരിക്കൻ രാജ്യങ്ങളെ സ്പാനിഷ് ആധിപത്യത്തിൽ നിന്ന് മോചിപ്പിച്ച വിമോചകനും നേതാവുമായ ജനറൽ സൈമൺ ബൊളിവറിന്റെ ജീവിതത്തിലെ അവസാന ഏഴു മാസത്തെ സാങ്കല്പിക വിവരണമാണ് 'ദി ജനറൽ ഇൻ ഹിസ് ലാബിരിന്ത്' എന്ന നോവലിൽ കാണുന്നത്. ലാറ്റിൻ അമേരിക്കൻ ജീവിത പശ്ചാത്ത ലത്തിൽ പ്രണയം, യുദ്ധം, രാഷ്ട്രീയം എന്നിവയുടെ അന്തരീക്ഷത്തിൽ ബൊളിവറിന്റെ മഹത്തായ വ്യക്തിത്വ മനോഹാരിത തുറന്നുകാട്ടുന്ന ഈ ചരിത്രനോവലിൽ ഒരു ദാർശനികന്റെ അവിസ്മരണീയമായ ഛായാചിത്ര മാണ് നാം കാണുക. ഒരു മാന്ത്രിക കഥ പറയുന്ന രീതിയിൽ, ശാന്തമായി ലോകത്തിൽ നിന്ന് മാഞ്ഞുപോകുന്ന ബൊളിവറിന്റെ അവസാനനിമിഷങ്ങളെ മാർക്വിസ് അതിമനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. തകർന്ന സ്വ പ്നങ്ങളുടെയും വിശ്വസ്തതയുടെയും നിർജ്ജീവമായ മഹത്ത്വങ്ങളുടെയും കഥ പറയുന്ന ഈ നോവൽ, വീരന്മാരുടെ ജീവിതത്തിൽ നാം കാണാ തെപോകുന്ന, അറിയാതെപോകുന്ന ഘട്ടങ്ങളിലൂടെ നമ്മെ നയിക്കുന്നു.

ഗബ്രിയേൽ ഗാർസിയ മാർക്വിസിന്റെ മാസ്റ്റർപീസ് നോവലായ 'ഏകാന്തതയുടെ നൂറു വർഷങ്ങ'ളിൽ മക്കോണ്ടയിലെ ബുവേൻഡിയ കുടുംബത്തിന്റെ വംശഗാഥയിലൂടെ മനുഷ്യാവസ്ഥകളുടെ സമസ്തവശങ്ങളെയും മാർക്വിസ് കാട്ടിത്തരുന്നു. പ്രണയവും കാമവും അഗമ്യഗമനവും കുടുംബ ബന്ധങ്ങ ളുടെ തീവ്രതയും പ്രതികാരവുമെല്ലാം മാജിക്കൽ റിയലിസമെന്ന മന്ത്രച്ചരടിൽ കോർത്ത് ഒരു വജ്രഹാരമായി വായനക്കാരന്റെ ഉള്ളിലേക്ക് നീട്ടുക യാണ് ഗ്രന്ഥകാരൻ.

ഫ്ലോറൻറ്റീനോ അരീസയും ഫെർമീനാ ഡാസയും തമ്മിലുള്ള പ്രണയകഥയാണ് 'കോളറകാലത്തെ പ്രണയം' എന്ന നോവലിൽ പറയുന്നത്. കാതങ്ങൾ അകലെ നിന്നുകൊണ്ട് പ്രണയലേഖന ങ്ങളിലൂടെയും ടെലിഗ്രാമുകളിലൂടെയും തങ്ങളുടെ പ്രണയത്തെ കെടാതെ സൂക്ഷിക്കാൻ അവർ ശ്രമിച്ചു. ഒടുവിൽ തങ്ങളുടെ പ്രണയം കേവലമൊരു സ്വപ്നമായിരുന്നുവെന്ന് തിരിച്ചറിഞ്ഞ ഫെർമീനാ പിൻമാറി. കോളറയെ ഉന്മൂലനം ചെയ്യാൻ അക്ഷീണം പ്രയത്നിക്കുന്ന ഡോ. ഉർബീനോയെ ഫെർമീനാ വിവാഹം കഴിക്കുന്നു. തന്റെ പ്രണയത്തിനായി കാത്തിരിക്കാനായിരുന്നു ഫ്ലോറെന്റീനോ തീരുമാനിച്ചത്. ജീവിതത്തിലെ ചില നിർണ്ണായകമായ തിരിമറിയലുകൾക്ക് ശേഷം അവരെ വീണ്ടും കൂട്ടിമുട്ടിക്കുന്നു. 51 വർഷമാണ് ഫ്ലോറെന്റീനോ കാത്തിരുന്നത്. കോളറയെന്ന മഹാമാരി വിതച്ച കെടുതികൾ ഒരുക്കുന്ന പശ്ചാത്തലത്തിൽ ഇരുവരുടെയും ജീവിതത്തിലെ ശരി തെറ്റുകൾ തമ്മിലുള്ള ഏറ്റുമുട്ടൽ ആരംഭിക്കുകയായി. ആഖ്യാ നത്തിന്റെ ചാരുതയാൽ വായനക്കാരെ മായികലോകത്തേക്കുയർത്തിയ ഈ നോവൽ ഇന്നും ഒരു വിസ്മയമാണ്. വ്യക്തിപരമായി വളരെയധികം വിസ്മയി പ്പിച്ച ഈ നോവൽ എന്നെ ഭാവനയുടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ലോകത്തേക്ക് നയിച്ച പങ്ക് ചെറുതല്ല. നോവൽ വായിച്ചതിനു ശേഷം ഉണ്ടായ അനുഭൂതി ഇന്നും മലയാളി അനുഭവിക്കുന്നുണ്ട്. ഇതു തന്നെയാണ് മലയാളികൾ മാർക്വിസിനെ ആരാധിക്കാനും കാരണം.

'പ്രവചിക്കപ്പെട്ട ഒരു മരണത്തിന്റെ പുരാവൃത്തം' എന്ന നോവലിലെ ചുറ്റുപാടുകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, കൊളംബിയ നമുക്ക് അപരിചിതമായ ഒരു ഭൂമികയായി മാറുന്നില്ല. ഇന്ത്യയിലെ ഒരു ഗ്രാമത്തിലോ പട്ടണത്തിലോ നടന്ന സംഭവമായിട്ടാണ് തോന്നുക.

കന്യകാത്വത്തിന് ഇത്രയ്ക്ക് പ്രാധാന്യം കല്പിച്ചിരുന്ന ഒരു സമൂഹത്തിൽ, അതിന്റെ പേരിൽ കൊലപാതകം വരെ നടക്കുന്നതിന്റെ വിവരണമാണ് ഈ നോവൽ. ഇരുപത്തേഴു കൊല്ലം മുൻപ് നടന്ന ഒരു കൊലപാതകത്തിന്റെ ചുരുൾ നിവർത്താനുള്ള ശ്രമം എന്ന് ലളിതമായി വ്യാഖ്യാനിക്കാമെങ്കിലും അടരുകളിലും അടുക്കുകളിലുമായി ഇടതൂർന്നുകിടക്കുന്ന ആഖ്യാനത്തിന്റെ തലങ്ങൾ വേറിട്ടതാണ്. ഏഞ്ചലോ വികാരിയോ എന്ന യുവതിയെ വിവാഹം ചെയ്ത ബെയ്റാഡോ സാൻ റോമൻ മണിക്കൂറുകൾക്കകം അവളെ കന്യക അല്ലെന്ന കാരണം ചൂണ്ടിക്കാട്ടി ഉപേക്ഷിക്കുകയാണ്. കുടുംബ സുഹൃത്തായ സാന്തിയാഗോ നാസർ ആണ് അവൾക്കുണ്ടായ ഈ ദുര്യോഗത്തിനു ഉത്തരവാദി എന്ന് വെളിപ്പെടുന്നു. അയാളെ കൊല്ലാനായി ഉറപ്പിച്ചുകൊണ്ട് അവളുടെ സഹോദരന്മാർ ഇറങ്ങിപ്പുറപ്പെടുകയാണ്. അങ്ങനെ ഒരു മരണത്തിനു കളമൊരുങ്ങുകയാണ്. ഈ ഒരു കഥാഗതിയെ പൊലിപ്പിക്കുകയും സന്ദർഭങ്ങൾക്ക് മൂർച്ച കൂട്ടുകയും ചെയ്യുന്ന ആഖ്യാനതലമാണ് മാർക്വിസ് ഇവിടെ ഇതൾ വിരിയിച്ചെടുക്കുന്നത്. ഉദ്വേഗത്തിന്റെയും സന്ദേഹത്തിന്റെയും ചുഴിയും മലരിയും ചേർത്തുവെച്ചു കൊണ്ട് ഒരു ഗണിതസമസ്യയെ നിർധാരണം ചെയ്യാനുള്ള ചുവടുകൾ നൽകുന്ന എഴുത്തുകാരനായി മാർക്വിസ് ഇവിടെ പ്രത്യക്ഷപ്പെടുന്നു.

മരണത്തിന്റെ പുരാവൃത്തത്തിനു പല പതിപ്പുകളും ഭാഷ്യങ്ങളും ഉണ്ടാകാം. മരിച്ച കഥാപാത്രത്തെക്കുറിച്ച് ഓർക്കാതെ അവയിലൂടെ കടന്നുപോകാനാവില്ല. ജീവിച്ചിരിക്കുന്നവരും മരിച്ചവരും ഒരുമിച്ച് നിൽക്കുന്നത് സ്വപ്നങ്ങളിലും സാഹിത്യ കൃതികളിലും മാത്രമേ കാണാനാകൂ. മരിച്ചവരും ജീവിച്ചിരിക്കുന്നവരും കൂടെയില്ലാത്ത ഒരു ലോകത്തെ എങ്ങനെയാണ് മുഖാമുഖം ചെയ്യേണ്ടത് എന്നതൊരു ആലോചനാവിഷയമാണ്. ഏകാന്തത എന്നത് ഭാരമായി തീരുന്ന ഇത്തരം സാഹചര്യത്തിൽ വാക്കുകൾ അപരലോകം സൃഷ്ടിക്കുന്നു. ചുരുക്കത്തിൽ മാർക്വിസിനെ പോലെയുള്ള എഴുത്തുകാരിൽ വാക്ക് ശബ്ദമായും അച്ചടിച്ച രൂപമായും ആകൃതി പ്രാപിക്കുകയാണ്.

തനിച്ചിരിക്കുമ്പോൾ കൂട്ടായി ഒരു വാക്കുപാലത്തിലൂടെ എന്നവണ്ണം സ്നേഹവിഷാദനിരാസങ്ങൾ

വഹിച്ചുകൊണ്ട് നമ്മുടെ അടുത്തേക്ക് ഒരുപാട് ജീവസ്സുറ്റ കഥാപാത്രങ്ങൾ കടന്നു വരുന്നു. അവരിൽ ചിലരെ പിന്നെ നമുക്ക് ഉപേക്ഷിക്കാനാവില്ല. ഇങ്ങനെയുള്ള കഥാപാത്രങ്ങളെ മാർക്വിസിന്റെ '''ഓഫ് ലൗ ആൻഡ് അദർ ഡെമൺസ് ' എന്ന നോവലിലും കാണാനാകും. മരണത്തിന്റെ വക്കിലോ ഭ്രമാത്മകതയുടെ ചുഴലിയിലോ വീണുകിടക്കുന്നവരെ നാം അടുത്ത റിയുകയാണ് മാർക്വിസിന്റെ കൃതിക ളിലൂടെ. അടക്കം ചെയ്തിട്ട്, വർഷ ങ്ങൾക്ക് ശേഷം ഒരു ശവകുടീരം തുറന്നപ്പോൾ, അതിൽ ഉണ്ടായിരുന്ന പെൺകുട്ടിയുടെ തലയോട്ടിയിൽനിന്ന് ഏതാനും മീറ്ററോളം മുടി വളർന്നു കിടന്നിരുന്നു. ഇരുനൂറുകൊല്ലം മുൻപ് അടക്കം ചെയ്തിരുന്ന ഈ ശവശരീ രത്തിൽനിന്ന് ഉത്ഭവം ചെയ്ത ഈ കാഴ്ച പത്രലേഖകനായിരുന്ന മാർക്വിസിനെ അമ്പരപ്പിന്റെ വക്കിലെത്തിച്ചു. മരണ ത്തിനു ശേഷം ഒരു മാസം ഒരു സെന്റിമീറ്റർ എന്ന വിധത്തിൽ മുടി വളരുമെന്നൊരു കണക്ക് പ്രകാരമാണ് ഇരുന്നൂറു കൊല്ലം മുന്നെയാണ് ഈ പെൺകുട്ടിയുടെ ശവം അടക്കിയത് എന്ന നിഗമനത്തിലെത്തുന്നത്. ഈ സംഭവമാണ് പിന്നീട് നോവലായി മാറിയത്.

ദുശ്ശകുനമോ ദിവ്യാത്ഭുതമോ എന്നറിയാത്ത ഈ പ്രവൃത്തിയെ മാന്ത്രികത നിറഞ്ഞു നിൽക്കുന്ന അധ്യായമാക്കി തീർക്കുകയാണ് മാർ ക്വിസ് ഇവിടെ ചെയ്യുന്നത്. ഈ പെൺകുട്ടിയുടെ ജീവിതവും മരണവും ഭാവനയിൽ മെനഞ്ഞെടുത്തവത രിപ്പിക്കുകയാണ് മാർക്വിസ്. പേപ്പട്ടി കടിച്ച സീർവ മരിയ എന്ന പെൺകുട്ടിയാണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. പിശാച് ബാധിച്ചു എന്ന കാരണം പറഞ്ഞുകൊണ്ട് മരിയയെ കോൺവെന്റിൽ തടവറയിലിട്ട ചുറ്റുപാടിലാണ് നോവൽ വികസിക്കുന്നത്. ക്രിസ്ത്യൻ സഭയും പള്ളിയും അധികാ രത്തിന്റെ കാവലാളായി മാറിക്കൊണ്ട് പീഡനപർവം ആസൂത്രണം ചെയ്യുന്ന തിന്റെ ചിത്രം വരച്ചു കാണിക്കുകയാണ് മാർക്വിസ്.

ലാറ്റിനമേരിക്കൻ സാഹിത്യത്തെ വിസ്മയ സാഹിത്യമാക്കി മാറ്റിയ മാർക്വിസ് തികഞ്ഞ രാഷ്ട്രീയ ബോധത്തോടെയാണ് എന്നും എഴുതിയത്. സമഗ്രാധി പത്യത്തോട് സന്ധിയില്ലാത്ത സമീപനം എന്നും അദ്ദേഹം സ്വീകരിച്ചിരുന്നു. 'ക്ലാൻഡസ്റ്റൈൻ ഇൻ ചിലി' എന്ന പേരിൽ അമേരിക്കയുടെ നയങ്ങളെ അദ്ദേഹം ശക്തമായി വിമർശിച്ചു.

ഇന്നിപ്പോൾ മാർക്വിസ് ലോകത്തോട് വിട പറഞ്ഞു എന്ന യാഥാർഥ്യം അംഗീക രിക്കാൻ മനസ്സ് വിസമ്മതിക്കുന്നു. അദ്ദേഹ മിപ്പോൾ മുത്തശ്ശിയുടെ മടിയിൽ കിടന്ന് പുതിയ കഥകൾ കേൾക്കുകയാവും.

മരണാന്തരം പ്രസിദ്ധീകരിക്കുന്ന അദ്ദേഹ ത്തിന്റെ അപൂർണ നോവലിനായി കാത്തിരുന്നുകൊണ്ട്......

• • •


www.ksfe.com
തിളങ്ങട്ടെ ജീവിതം
ഡയമണ്ട് പോലെ...
KSFE
ഡയമണ്ട്
ചിട്ടികൾ
25 ലക്ഷം രൂപയുടെ
ഡയമണ്ട്
ആഭരണങ്ങളും
1000 പവൻ സ്വർണ്ണവും
സമ്മാനം
സംസ്ഥാനതല
ബമ്പർ സമ്മാനം
25 ലക്ഷം
രൂപയുടെ
ഡയമണ്ട്
ആഭരണങ്ങൾ
(ഒരാൾക്ക്)
അല്ലെങ്കിൽ
25 ലക്ഷം
രൂപ
മേഖലാതല
സമ്മാനങ്ങൾ
17 പേർക്ക്
10 പവൻ
സ്വർണ്ണം
അല്ലെങ്കിൽ
4.50 ലക്ഷം
രൂപ വീതം
ശാഖാതല
സമ്മാനങ്ങൾ
3744 പേർക്ക്
10000 രൂപയുടെ
സ്വർണ്ണനാണയം
അല്ലെങ്കിൽ
10000 രൂപ വീതം
കാലാവധി 2023 ഏപ്രിൽ 17 മുതൽ സെപ്തംബർ 30 വരെ
G. O. (Rt) No. 140/2023/ Taxes Dt. 27/02/2023
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ചിട്ടിസലയുടെ 50% വരെ വായ്പ സൗകര്യം
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# മാർക്വിസിന്റെ സാഹിത്യലോകം

ജ്യോതിഷ്കുമാർ. പി. എസ് ( ഫിൽക്ക ഫിലിം സൊസൈറ്റി )

**മാ**ജിക്കൽ റിയലിസം എന്ന സങ്കൽപ്പവും സാഹിത്യ ഭാഷാശൈലിയും മാർക്വിസ് തന്റെ ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള ആശയവൽക്കരണത്തെ കലാപരമായി പുനർനിർമ്മിക്കുന്നതിനും പ്രതിനിധീകരിക്കുന്നതിനും ഫലപ്രദമായ സമ്പ്രദായമായി ഉപയോഗിക്കുന്നു. രചനയിൽ പ്രതീകാത്മകവും സന്ദർഭോചിതവുമായ അടയാളങ്ങൾ പ്രധാനമായും ലാറ്റിനമേരിക്കൻ പൈതൃക ബിംബങ്ങളും അതിശയോക്തി ഉളവാക്കുന്ന ആലങ്കാരിക ഭ്രമഘടകങ്ങളുമായി പ്രത്യക്ഷപ്പെടുന്നു.

ആഖ്യാനങ്ങളിൽ ലോകത്തിന്റെ ഒരു മിത്തിക്കല് പതിപ്പിനെ പ്രകാശിപ്പിക്കുന്നതിന് അനന്യമായ രൂപകങ്ങളും പ്രയോഗിക്കുന്നു.

ഉദാഹരണത്തിന് സൂര്യനെ ആകാശത്തിന്റെ കണ്ണ് ആയും ജലത്തെ നന്മയായും പ്രതീകപ്പെടുത്തുന്നു.

'പ്രണയവും മറ്റ് പിശാചുക്കളും ' എന്ന കൃതിയിൽ സൂര്യഗ്രഹണം നോക്കിയ ഫാദർ ഡെലൗറയുടെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുന്ന അവസരത്തില് സൂര്യനെ അറിവായി പ്രതീകപ്പെടുത്തുന്നു. അതിന്റെ മിത്തിക്കൽ പശ്ചാത്തലം നമ്മെ പ്ലേറ്റോയുടെ കാലഘട്ടത്തിലേക്ക് വരെ കൊണ്ടുപോയേക്കാം . പ്ലേറ്റോയുടെ ഉപമയാണല്ലോ ഗുഹ. ഗുഹയിൽ നിന്ന് പുറത്തുപോകുമ്പോൾ ഗുഹാവാസിക്ക് സൂര്യനെ കാണാനുള്ള അവസരം ലഭിക്കുകയും ബോധോദയം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. അതിനാൽ, ഈ നോവലിലെ കഥാപാത്രമായ സീർവമരിയ അനുഭവിക്കുന്നതുപോലെ, ഗ്രഹണസൂര്യനെ മൂടിവയ്ക്കപ്പെട്ട അറിവായും പ്രതീകവൽക്കരിക്കുന്നു.

' ഏകാന്തതയുടെ നൂറുവർഷ ' ത്തില്, അഭിലാഷങ്ങളും ഊർജ്ജസ്വലത യുമുള്ള ഒരു നവോത്ഥാന നായകനെ പ്പോലെയുള്ള ഒരു ഇതിഹാസ വ്യക്തി ത്വത്തിന്റെ പ്രതീകമാണ് ജോസ് ആർക്കാഡിയോ ബ്യൂണ്ടിയ.
ജോസിന്റെ മകൻ ഔറേലിയാനോ ഒരു ഇതിഹാസ സൈനിക മേധാവിയായും ധ്വനിപ്പിക്കുന്നു.

'കോളറ കാലത്തെ പ്രണയ' ത്തില്, നിരവധി മിത്തിക്കൽ ചിഹ്നങ്ങൾ വ്യാഖ്യാനത്തിന് മാർക്വേസ് പ്രയോഗി ച്ചിട്ടുണ്ട്. ഉദാഹരണത്തിന്, വേശ്യാവൃ ത്തിയുടെ പ്രതീകമായി തത്തകളെ ഉപയോഗിക്കുന്നു. ഇത് പത്തൊൻ പതാം നൂറ്റാണ്ടിലെ പ്രശസ്തരായ നിരവധി അഭിസാരികകൾക്ക് തത്ത കൾ ഉണ്ടായിരുന്നതിനെ സൂചിപ്പി ക്കുന്നു.

' ജനറൽ തന്റെ രാവണൻ കോട്ടയിൽ ' എന്ന നോവലില് കാണുന്ന കപ്പുകളും പോപ്പികളും സൂചിപ്പിക്കുന്നത് കത്തോ ലിക്കാ കുർബാനയിലെ ആതിഥേ യനെയും വീഞ്ഞിനെയുമാണ്. ക്രി സ്ത്യൻ ദൈവശാസ്ത്രത്തിൽ , പാന പാത്രം ദൈവത്തിന്റെ സമ്മാനമായ നിത്യജീവന്റെയും ജ്ഞാനത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമാണ്. ഇത് അന്ത്യ അത്താഴ വേളയിൽ ക്രിസ്തു ഉപയോഗിച്ച പാനപാത്ര ത്തിന്റെ വിശുദ്ധ ചിഹ്നമായും ക്രിസ്തുവിന്റെ രക്തമായും ഓർമ്മിക്കപ്പെടുന്നു.

പുരാതന കെൽറ്റിക് ഇതിഹാസ ത്തിൽ, ഇത് പുനരുജ്ജീവനത്തെയും സമൃദ്ധിയെയും പ്രതീകവൽ ക്കരിക്കുന്നു. എന്നാൽ കഥാന്തരീക്ഷ ത്തിൽ പാനപാത്രം സൗഹൃദത്തി ന്റെയും ഐക്യത്തിന്റെയും അടയാള മാണ്.

മാർക്വേസ് തന്റെ നോവലുകളിൽ, സൗന്ദര്യാത്മക വശങ്ങൾ വർദ്ധിപ്പി ക്കുന്നതിന് മാത്രമല്ല, വാചകത്തിന് കൂടുതൽ അർത്ഥവത്തായ ഊന്നലു കൾ ചേർക്കാനും അതിശയോക്തി യുള്ള ആലങ്കാരിക ഘടകങ്ങൾ, രൂപകങ്ങൾ, ,ഉപമകൾ, വിരോധാഭാസ ങ്ങൾ, മറ്റ് പ്രതീകാത്മക ഘടകങ്ങള് എന്നിവ വളരെയധികം ഉപയോഗി ച്ചിട്ടുള്ളതായി കാണാം.

ഉദാഹരണത്തിന്, മക്കോണ്ടോ ഗ്രാമം ഏദൻ തോട്ടത്തിന്റെ ഒരു രൂപകമാണ്. ഈ പൂന്തോട്ടത്തിൽ ഉർസുല ഇഗ്വാരനെ 'ഹൗവ്വ'യായും ജോസ് ആർക്കാഡിയോ ബ്യൂണ്ടിയയെ 'ആദ'മായും പ്രതീകവൽക്കുന്നു.

മാജിക്കൽ റിയലിസ്റ്റ് സാഹിത്യ രചനകളിൽ, പരമ്പരാഗത ചിഹ്നങ്ങളാ യി തോന്നുന്ന ആലങ്കാരിക ഘടകങ്ങൾ എല്ലാം തന്നെ ലാറ്റിൻ അമേരിക്കൻ സമൂഹത്തിന്റെ സവി ശേഷതകളെ ധ്വനിപ്പിക്കുന്നവയാണ്. വാസ്തവത്തിൽ, അവയുടെ വ്യാഖ്യാ നം ആ ഭൂപ്രദേശത്തിന്റെ സാംസ്കാരി കവും മതപരവും ചരിത്രപരവുമായ വശങ്ങളെ പ്രകാശിപ്പിക്കുന്നതിൽ ഗണ്യമായ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

സംഭാവന നൽകുന്നുണ്ട്.

പക്ഷേ, ചിലപ്പോൾ, ചില ചിഹ്നങ്ങൾ വായനക്കാരനെ സ്വന്തം വ്യാഖ്യാനങ്ങൾക്കൊപ്പം വിടുകയും ചെയ്യുന്നു.

'ഏകാന്തതയുടെ നൂറുവർഷ ' ത്തില് ജോസ് ആർക്കാഡിയോ ബ്യൂണ്ടിയ മരിക്കുമ്പോൾ ചെറിയ മഞ്ഞ പൂക്കൾക്കൊപ്പം പ്രകൃതി അവനെയോർത്ത് കരയുന്നു. ഇവിടെ മഞ്ഞ പൂവിന് പ്രത്യേക പരാമർശങ്ങളൊന്നും മാർക്വിസ് നൽ കിയിട്ടില്ല.

ഇത്തരത്തിലുള്ള അസാധാരണമായ ചിഹ്ന പ്രയോഗങ്ങൾ തന്റെ സാഹിത്യ വ്യാഖ്യാന ത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെ ങ്കിലും, അതിന് യാഥാർത്ഥ്യത്തിന്റെ പ്രതീതി നൽകുന്നതിനായി അവയെ മിസ്റ്റിസി സത്തിന്റെ കൈവഴിയിലേക്കും നയിക്കു ന്നുണ്ട്.

മാർക്വിസിന്റെ സാഹിത്യ ലോകം യഥാർ ത്ഥത്തിൽ വായനക്കാരന് മുന്നിൽ അവതരിപ്പിക്കുന്നത്, അദ്ദേഹ ത്തിന്റെ സമകാലിക ജീവിത-ലോകത്തിന്റെ അസ്തി ത്വ സാഹചര്യ ങ്ങളെ സൂക്ഷ്മമായി പ്രതീകപ്പെടുത്തുന്ന ഒരു ആകർഷകമായ സാങ്കൽ പ്പിക ലോകത്തെയാണ്.

മാജിക്കൽ റിയലിസ്റ്റ് ശൈലിയിലുള്ള ആഖ്യാനത്തിന്റെ നിരവധി വാചക സൂചനകളിൽ മാർക്വിസിന്റെ കുടും ബത്തിലെ ചില മുൻകാല സംഭവങ്ങളെയും ഓർമ്മപ്പെ ടുത്തുന്നുണ്ട്. പല ഇതിവൃത്തങ്ങ ളുടെയും ഉത്ഭവം പൂർവ്വകാല സംഭവ ങ്ങളാണ്.



മാജിക്കൽ റിയലിസ്റ്റ് സാഹിത്യ ശൈലി പ്രയോഗിക്കുന്നതിലൂടെ, മാർക്വിസിന്റെ പ്രധാന ഉദ്ദേശം, തന്റെ സാങ്കൽപ്പിക വിവരണത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ യഥാർത്ഥമെന്ന് തോന്നി പ്പിക്കുന്ന , യാഥാർത്ഥ്യങ്ങളുടെ ധ്വനി കൂടിയാണ്.

മക്കോണ്ടോയുടെ സൃഷ്ടി പോലെ, അദ്ദേഹം വായനക്കാരന് മൂർത്തവും സ്പഷ്ടവുമായ വിവരണം രൂപകങ്ങളിലൂടെ നൽകുന്നു. ആ സാഹിത്യ ലോകമാകട്ടെ അതിശയോക്തിപരവും അമൂർത്തവും മിത്തോളജിയുടെ അന്തരീക്ഷവും സൂക്ഷ്മമായ വിവരണവും ഉൾക്കൊള്ളുന്നതാണ് താനും. അങ്ങനെ ആധുനിക വിശ്വസാഹിത്യത്തിൽ ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് തനതായൊരു രസദർശനവും ശൈലീലോകവും രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളോടുള്ള പ്രതികരണവും കെട്ടിപ്പടുക്കുന്നു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

# ലാറ്റിനമേരിക്കൻ സംഗീതവും നൃത്തവും സിനിമയിൽ



വിനേഷ്. വി ( സ്പാർക് ഫിലിം സൊസൈറ്റി )

**ലാ**റ്റിനമേരിക്കയിലെ സംഗീതവും നൃത്തവും അവിടത്തെ സിനിമയിൽ തനതായ അന്തരീക്ഷവും വൈകാരിക മുദ്രയും സൃഷ്ടിച്ച് കഥപറച്ചിലിനെ സമ്പന്നമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു; പ്രമേയത്തിന് ആധികാരികത പകരുന്നു. ചലച്ചിത്രമാധ്യമത്തിൽ അവരുടെ സംഗീതവും നൃത്തവും പ്രേക്ഷകരെ കാഴ്ചയുടെ ഭാഗമാക്കുകയും ലാറ്റിനമേരിക്കയുടെ ഊർജ്ജസ്വലവും ചലനാത്മകവും വൈവിധ്യവുമാർന്ന സംസ്കാരത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നു.

ലാറ്റിനമേരിക്കൻ സിനിമയിൽ സൽസ, സാംബ, ടാംഗോ, മരിയാച്ചി, ബോസനോവ, കുംബിയ തുടങ്ങിയ നിരവധി സംഗീത ശൈലികൾ കാണാം. ഇവ പ്രാദേശിക സംസ്കാരത്തെ കലാപരമായി പുന:സൃഷ്ടിക്കുന്നു.

സൽസ, ടാംഗോ, സാംബ തുടങ്ങിയ ലാറ്റിനമേരിക്കൻ നൃത്തരൂപങ്ങളുടെ ഊർജ്ജവും ഇന്ദ്രിയരസങ്ങളും സങ്കീർണ്ണമായ ശരീരഭാഷയും ഒക്കെ പ്രമേയത്തിന്റെ ജീവധാരയായി തുടിക്കുകയും ചെയ്യുന്നു.

പ്രണയകഥകളുടെ അന്തരീക്ഷവും അഭിനിവേശവും വർദ്ധിപ്പിക്കുന്നതിന് റൊമാന്റിക് സിനിമകളിൽ ലാറ്റിൻ അമേരിക്കൻ സംഗീതവും നൃത്തവും പതിവായി ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ടാംഗോ പലപ്പോഴും സിനിമയിലെ തീവ്രമായ റൊമാന്റിക് കെമിസ്ട്രിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

നിരവധി ലാറ്റിൻ അമേരിക്കൻ സിനിമകൾ പൂർണ്ണമായും സംഗീത പ്രകടനങ്ങൾക്കും നൃത്ത

സീക്വൻസുകൾക്കുമായി സമർപ്പിച്ചിരിക്കുന്നു. ഈ മ്യൂസിക്കലുകൾ പലപ്പോഴും ലാറ്റിനമേരിക്കൻ സംഗീതത്തിന്റെയും നൃത്തത്തിന്റെയും വൈവിധ്യം പ്രദർശിപ്പിക്കുന്നു, പ്രദേശത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഘോഷിക്കുന്നു.

പ്രശസ്ത ലാറ്റിൻ അമേരിക്കൻ സംഗീതജ്ഞരുടെയും നർത്തകരുടെയും ജീവിതത്തെ അവതരിപ്പിച്ച ജീവചരിത്ര സിനിമകളിൽ കഥ പറയുന്നതിന് അവരുടെ സംഗീതവും നൃത്തവും കേന്ദ്ര ഘടകങ്ങളായി ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, "എവിറ്റ" എന്ന സിനിമ ഈവ പെറോണിന്റെ ജീവിതത്തെ ചിത്രീകരിക്കുന്നു. ഇതിൽ അർജന്റീനിയൻ ടാംഗോ പ്രധാന ഘടകമാണ്.

ലാറ്റിനമേരിക്കൻ സംഗീതത്തെയും നൃത്തത്തെയും കുറിച്ചുള്ള ഡോക്യുമെന്ററികളും കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അവർ ഈ കലാരൂപങ്ങളുടെ ചരിത്രം, പരിണാമം, സാംസ്കാരിക പ്രാധാന്യം എന്നിവയിലേക്ക് ആഴ്ന്നിറങ്ങുന്നു, അവയുടെ ഉത്ഭവത്തെയും സ്വാധീനത്തെയും കുറിച്ച് പ്രേക്ഷകരെ ബോധവൽക്കരിക്കുന്നു.

ബ്രസീലിലെ കാർണിവൽ അല്ലെങ്കിൽ മെക്സിക്കോയിലെ മരിച്ചവരുടെ ദിനം പോലെയുള്ള ലാറ്റിൻ അമേരിക്കൻ ഉത്സവങ്ങളും ആഘോഷങ്ങളും സിനിമയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട

ലാറ്റിനമേരിക്കൻ സംഗീതവും നൃത്തവും ഈ ഭൂമേഖലയിലെ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾ ആവിഷ്കരിക്കുമ്പോഴും ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, "ദ മോട്ടോർസൈക്കിൾ ഡയറീസ്" എന്ന സിനിമ പരമ്പരാഗത ലാറ്റിനമേരിക്കൻ സംഗീതത്തെ അവതരിപ്പിക്കുകയും അക്കാലത്തെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

ചില സിനിമകൾ ലാറ്റിനമേരിക്കൻ സംഗീതത്തിന്റെയും നൃത്തത്തിന്റെയും സംയോജനത്തെ അവതരിപ്പിക്കുന്നു. അതുല്യവും ആവേശകരവുമായ സംഗീതാനുഭവങ്ങൾ സൃഷ്ടിക്കുന്നു. ഈ സംയോജനത്തിന് സിനിമയുടെ കഥാഗതിക്കും കഥാപാത്രങ്ങൾക്കും ആഴം കൂട്ടുകയും ചെയ്യുന്നു.

ലാറ്റിൻ അമേരിക്കൻ സംഗീതത്തിനും നൃത്തത്തിനും അതിരുകൾക്കതീതമായ ഒരു സാർവത്രിക ആകർഷണമുണ്ട്. ഇവ ആഗോള പ്രേക്ഷകരുമായി ബന്ധപ്പെടുന്നതിനും ലാറ്റിനമേരിക്കൻ സംസ്കാരത്തിന്റെ സൗന്ദര്യവും വൈവിധ്യവും പരിചയപ്പെടുത്തുന്നതിനും വലിയ സംഭാവന നൽകി.

ലാറ്റിൻ അമേരിക്കൻ സംഗീതത്തിൽ ശ്രദ്ധേയമായ ചില ശൈലികളുണ്ട്. അവ ചലച്ചിത്രങ്ങളിൽ പൊതുവെ പശ്ചാത്തല സംഗീതമായി ഉപയോഗിക്കുന്നു.

കരീബിയൻ മേഖലയിൽ , പ്രത്യേകിച്ച് ക്യൂബയിലും പ്യൂർട്ടോ റിക്കോയിലും ഉത്ഭവിച്ച ' സൽസ 'യിൽ പിച്ചള

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

താളവാദ്യങ്ങളുടെ ഉപയോഗം, വിളികൾ, പ്രതികരണങ്ങൾ എന്നിവ പ്രത്യേകതയാണ്. ഇത് നൃത്തത്തെ സജീവമാക്കുന്നു. അന്താരാഷ്ട്ര സംഗീത വേദികളിലും സൽസ ശക്തമായ സാന്നിധ്യമാണ്.

ബ്രസീലിലെ ഏറ്റവും പ്രശസ്തമായ സംഗീത ശൈലിയാണ് സാംബ. ഇതിന് കാർണിവലുമായും അടുത്ത ബന്ധമുണ്ട്. ചടുലമായ താളവാദ്യവും ശ്രുതിമധുരമായ വരികളും വ്യതിരിക്തമായ സമന്വയ താളവും ഇതിലുണ്ട്. സങ്കീർണ്ണമായ നൃത്തച്ചുവടുകളോടെയാണ് സാംബ പലപ്പോഴും അവതരിപ്പിക്കുന്നത്.

അർജന്റീനയിലെ ബ്യൂണസ് ഐറിസിലെ തൊഴിലാളികൾക്കിടയിൽ നിന്നാണ് ടാംഗോ ഉയർന്നുവന്നത്. ബാൻഡോനിയോൺ (ഒരു തരം അക്കോഡിയൻ), വയലിൻ, ഗിറ്റാർ എന്നിവയാൽ ആവേശഭരിതവും നാടകീയവുമായ നൃത്ത-സംഗീത ശൈലിയാണിത്. വരികൾ പലപ്പോഴും പ്രണയത്തിന്റെയും വിഷാദത്തിന്റെയും ജീവിത സന്ദർഭങ്ങളെ ആവിഷ്കരിക്കുന്നു.

കാഹളം, വയലിൻ, ഗിറ്റാറുകൾ, വ്യതിരിക്തമായ സോംബ്രെറോ വസ്ത്രം ധരിച്ച സംഗീതജ്ഞർ എന്നിവയുടെ ഉപയോഗത്താൽ സവിശേഷമായ ഒരു മെക്സിക്കൻ പാരമ്പര്യമാണ് മരിയാച്ചി സംഗീതം. ഇത് പലപ്പോഴും ആഘോഷങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ തദ്ദേശീയ, യൂറോപ്യൻ, ആഫ്രിക്കൻ സംഗീത സ്വാധീനങ്ങളുടെ ഒരു മിശ്രിതവുമാണ്.

കുംബിയ കൊളംബിയയിൽ ഉത്ഭവിച്ചതാണെങ്കിലും ലാറ്റിനമേരിക്കയിൽ ഉടനീളം വ്യാപിച്ചു. ഇത് പകർന്നാട്ട താളത്തിന് പേരുകേട്ടതാണ്. കുംബിയയ്ക്ക് നിരവധി പ്രാദേശിക വ്യതിയാനങ്ങളുണ്ട്. പാർട്ടികളിലും ഉത്സവങ്ങളിലും ജനപ്രിയവുമാണ്.

റെഗ്ഗെടൺ , പ്യൂർട്ടോ റിക്കോയിൽ നിന്ന് ഉത്ഭവിച്ച് ആഗോള പ്രതിഭാസമായി മാറിയ ഒരു സമകാലിക വിഭാഗമാണ്. ഇത് റെഗ്ഗെ, ഹിപ്-ഹോപ്പ്, ലാറ്റിൻ അമേരിക്കൻ താളങ്ങൾ എന്നിവയുടെ ഘടകങ്ങളെ സംയോജിപ്പിക്കുന്നു. ആകർഷകമായ സ്പന്ദനങ്ങളും പലപ്പോഴും വ്യക്തിഗത വരികളും പ്രത്യേകതയാണ്.

ബ്രസീലിൽ ഉത്ഭവിച്ച ബോസ്സ നോവ, ജാസ് - സാംബ താളങ്ങളെ സമന്വയിപ്പിക്കുന്ന മൃദുവും സങ്കീർണ്ണവുമായ സംഗീത ശൈലിയാണ്. 1960 കളിൽ ഇത് അന്താരാഷ്ട്ര പ്രാധാന്യം നേടിയിരുന്നു. സുഗമമായ ഗിറ്റാർ വാദനവും മൃദുവും ശ്രുതിമധുരവുമായ സ്വരവും ഇതിന്റെ സവിശേഷതയാണ്.

"സൽസ ദുര " അല്ലെങ്കിൽ "ഹാർഡ് സൽസ" എന്നത് സങ്കീർണ്ണമായ താളങ്ങൾ, വൈദഗ്ധ്യമുള്ള ഇൻസ്ട്രുമെന്റൽ സോളോകൾ, ശക്തമായ വോക്കൽ പ്രകടനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ഇത് സൽസയുടെ ഒരു ഉപവിഭാഗമാണ്.

പ്രണയം, നഷ്ടസ്വപ്നങ്ങൾ, മെക്സിക്കൻ സംസ്കാരം എന്നിവയുടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

കഥകൾ പറയുന്ന പരമ്പരാഗത മെക്സിക്കൻ വിഭാഗമാണ് രഞ്ചേര സംഗീതം. ഇത് പലപ്പോഴും ഒരു മരിയാച്ചി മേളത്തോടെ അവതരിപ്പിക്കപ്പെടുന്നു. ഒപ്പം ശക്തമായ, വൈകാരികമായ സ്വരങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

തെക്കേ അമേരിക്കയിലെ മലപ്രദേശങ്ങളിൽ നിന്ന്, പ്രത്യേകിച്ച് ആൻഡീസ് പർവതങ്ങളിൽ നിന്നാണ് ആൻഡിയൻ സംഗീതം വരുന്നത്. പാൻ ഫ്ലൂട്ട് (സാംപോന), ചരങ്കോ (ഒരു ചെറിയ ഗിറ്റാർ പോലുള്ള ഉപകരണം) തുടങ്ങിയ പരമ്പരാഗത ഉപകരണങ്ങൾ ഇതിൽ ഉപയോഗിക്കുന്നു. ഈ സംഗീതം പലപ്പോഴും തദ്ദേശീയ സംസ്കാരങ്ങളെയും അവരുടെ പാരമ്പര്യങ്ങളെയും പ്രതിഫലിപ്പിക്കുന്നു.

വ്യതിരിക്തമായ ഗിറ്റാർ ശബ്ദവും വൈകാരികമായ വരികളും കൊണ്ട് സവിശേഷമായ ഒരു ഡൊമിനിക്കൻ വിഭാഗമാണ് ബചത. ഇത് പലപ്പോഴും റൊമാന്റിക് തീമുകളുമായി ബന്ധപ്പെട്ടിരിക്കുന്നു . കൂടാതെ രാസക്രീഡ ചലനങ്ങളുള്ള നൃത്തവുമാണ്.

ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ രൂപം കൊണ്ട ഒരു വിഭാഗമാണ് സോക്ക. ഉജ്ജ്വലവും ഊർജ്ജസ്വലവുമായ താളങ്ങൾ ഇതിനുണ്ട് . ഇത് കരീബിയൻ ദ്വീപിലെ കാർണിവൽ ആഘോഷങ്ങളുമായി അടുത്ത ബന്ധമുള്ളതാണ്.

ഏറ്റവും അറിയപ്പെടുന്നപ്രസിദ്ധമായ ലാറ്റിനമേരിക്കൻ നൃത്തങ്ങളും സിനിമയിൽ കാണാം.

ക്യൂബയിൽ ഉത്ഭവിച്ച ഒരു ജനപ്രിയ നൃത്ത ശൈലിയാണ് സൽസ. ഇത് ലാറ്റിനമേരിക്കയിലും ലോകമെമ്പാടും വ്യാപിച്ചു. വേഗതയേറിയ ചുവടുവയ്പ്പ്, സങ്കീർണ്ണമായ തിരിവുകൾ, ഉജ്ജ്വലമായ ഇടുപ്പിന്റെയും ശരീരത്തിന്റെയും ചലനങ്ങൾ എന്നിവ ഇതിന്റെ സവിശേഷതയാണ്. സൽസ പലപ്പോഴും ജോഡികളായിട്ടാണ് നൃത്തം ചെയ്യുന്നത്. നർത്തകർ തമ്മിലുള്ള പ്രണയബന്ധത്തിനും ഇത് പേരുകേട്ടതാണ്.

ബ്രസീലിയൻ കാർണിവലിന്റെ പര്യായമായ ചടുലവും ഊർജ്ജസ്വലവുമായ നൃത്തമാണ് സാംബ. ദ്രുതഗതിയിലുള്ള കാൽപ്പാദങ്ങൾ, ഇടുപ്പ് ചലിപ്പിക്കൽ, വിപുലമായ വസ്ത്രങ്ങൾ എന്നിവ ഇതിന്റെ പ്രത്യേകതയാണ്. കാർണിവൽ പരേഡുകളിൽ സാംബ പലപ്പോഴും വലിയ ഗ്രൂപ്പുകളായി അവതരിപ്പിക്കപ്പെടുന്നു.

അർജന്റീനയിലും ഉറുഗ്വേയിലും ഉത്ഭവിച്ച ടാംഗോ ആവേശഭരിതവും നാടകീയവുമായ നൃത്തമാണ്. ഇന്ദ്രിയപരവും പ്രണയപരവുമായ ഭാവഹാവാദികൾക്ക് ഇത് അറിയപ്പെ ടുന്നു.


ബചത സംഗീതത്തോടൊപ്പമുള്ള ഒരു ഡൊമിനിക്കൻ നൃത്ത ശൈലിയാണ് അതേ പേരിലുള്ള ബചത. മന്ദഗതിയിലുള്ളതും താളാത്മകവുമായ

ചലനങ്ങളോടെ പങ്കാളികൾ തമ്മിലുള്ള ശാരീരിക ബന്ധമാണ് ഇതിന്റെ സവിശേഷത. ബചത സംഗീതം പലപ്പോഴും പ്രണയത്തിന്റെയും ഹൃദയാഘാതത്തിന്റെയും പ്രമേയങ്ങൾ അവതരിപ്പിക്കുന്നു.

കുംബിയ , കൊളംബിയയിൽ നിന്ന് ഉത്ഭവിച്ച ഒരു നൃത്തമാണ്. ലാറ്റിനമേരിക്കയിൽ ഉടനീളം ഇത് കാണപ്പെടുന്നുവെങ്കിലും വ്യത്യാസങ്ങളുണ്ട്. പലപ്പോഴും ജോഡികളായി നൃത്തം ചെയ്യുന്നു. ഒപ്പം ലളിതവും ആടിയുലയുന്നതുമായ ചുവടുകൾ അവതരിപ്പിക്കുന്നു. സാമൂഹിക സമ്മേളനങ്ങളിലും ആഘോഷങ്ങളിലും ഒരു ജനപ്രിയ നൃത്തമാണ് കുംബിയ.

ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ ദേശീയ നൃത്തമാണ് മെറെൻഗു. ദ്രുതവും താളാത്മകവുമായ ചുവടുകളും ഹിപ് ചലനങ്ങളും ഇതിൽ ഉൾപ്പെടുന്നു. മെറെൻഗ്യുവിന് ഊർജ്ജസ്വലവും സജീവവുമായ സ്വഭാവമുണ്ട്. സാധാരണയായി ഉത്സവങ്ങളിലും പാർട്ടികളിലും നൃത്തം ചെയ്യുന്നു.

ആഫ്രിക്കൻ, സ്പാനിഷ് സ്വാധീനങ്ങളുള്ള ഒരു ക്യൂബൻ നൃത്ത ശൈലിയാണ് റുംബ. പ്രകടമായ ഇടുപ്പ് ചലനങ്ങൾ, സങ്കീർണ്ണമായ ചുവടുകൾ, പങ്കാളികൾ തമ്മിലുള്ള ഉല്ലാസകരമായ ഇടപെടലുകൾ എന്നിവയാണ് ഇതിന്റെ സവിശേഷത. യാംബു, ഗ്വാഗ്വാങ്കോ, കൊളംബിയ എന്നിവയുൾപ്പെടെ നിരവധി തരം റംബക ളുണ്ട്.




ക്യൂബയിൽ നി ന്ന് ഉത്ഭവിച്ച ചടുലവും താ ളാത്മകവുമയ നൃത്തമാണ് ചാ ച-ച. ദ്രുതഗതിയിലു ള്ള പാദ ചലന ങ്ങൾ ഇത് അവ തരിപ്പിക്കുന്നു. വ്യതിരിക്തമാ യ "ച-ച-ച" താ ളത്തോടെ

സംഗീതത്തോടെയുള്ള നൃത്തമാണ്. ആഫ്രിക്കൻ, സ്പാനിഷ്, തദ്ദേശീയ ഘടകങ്ങൾ സമന്വയിപ്പിക്കുന്ന പരമ്പരാഗത പ്യൂർട്ടോറിക്കൻ നൃത്ത-സംഗീത ശൈലിയാണ് ബോംബ. സങ്കീർണ്ണമായ ഡ്രം താളങ്ങളും കോൾ ആൻഡ് റെസ്പോൺസ് ആലാപനവും നൃത്തവും ഇതിൽ ഉൾപ്പെടുന്നു.

ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ അതേ പേരിലുള്ള സംഗീതത്തോടൊപ്പമുള്ള ഉയർന്ന ചടുല നൃത്ത ശൈലിയാണ് സോക്ക. വേഗത്തിലുള്ള കാൽവയ്പ്പുകളും ഇടുപ്പ് ചലനങ്ങളും ഇതിൽ ഉൾപ്പെടുന്നു, ഇത് പലപ്പോഴും കാർണിവൽ ആഘോഷ ങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. വേഗ ത്തിലുള്ള സ്പിന്നുകൾ, കുതിച്ചു

ചാട്ടങ്ങൾ, കിക്കുകൾ എന്നിവ യുടെ സവിശേഷതയുള്ള ഒരു മെക്സിക്കൻ നൃത്ത ശൈലിയാണ് ക്യുബ്രാഡിറ്റ. ഇത് പലപ്പോഴും ബാൻഡ സംഗീതത്തോടെ പരമ്പരാഗത മെക്സിക്കൻ നൃത്തത്തിന്റെ ഘടകങ്ങൾ ആധുനിക ശരീരഭാഷ യുമായി ലയിക്കുന്നു. ഒരു നർത്തകനും നർത്തകിയും തമ്മിലുള്ള പ്രണയത്തെ പ്രതീകപ്പെടുത്തുന്ന പരമ്പരാഗത അർജ ന്റീനിയൻ നൃത്തമാണ് സാംബ. ഒഴുകുന്ന ചലനങ്ങൾ, തൂവാല വീശൽ, സങ്കീർ ണ്ണമായ കാൽപ്പാടുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ലാറ്റിനമേരിക്കൻ സംഗീതവും നൃത്തവും സിനിമയിൽ പ്രധാന പ്രമേയങ്ങളായും കഥപറച്ചിലിന്റെ അവിഭാജ്യ ഘടക ങ്ങളായും സിനിമയിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഈ ഊർജ്ജസ്വലവും താളാത്മകവുമായ സാംസ്കാരിക ഘടക ങ്ങൾ വിവിധ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള സിനിമകളിൽ പലപ്പോഴും സിനിമാറ്റിക് അനുഭവത്തിന് ആഴവും ആവേശവും ആധികാരികതയും പകരുന്നുണ്ട്.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# മാജിക്കൽ റിയലിസം : ചരിത്രത്തിലെ മിത്തുകൾ, പ്രതീകങ്ങൾ, പുരാവൃത്തങ്ങൾ, പ്രതീക്ഷകൾ



ബീന മാത്യു

( ഫിൽക്ക ഫിലിം സൊസൈറ്റി )

**ലാ**റ്റിൻ അമേരിക്കൻ ഭൂഖണ്ഡത്തിൻറെ, പ്രത്യേകിച്ച് കൊളംബിയൻ - കരീബിയൻ ഭൂമേഖലയുടെ വൈവിധ്യമാർന്ന ഭൂത ഭാവി വർത്തമാന കാലങ്ങളിലെ യഥാർഥ്യങ്ങളും സങ്കൽപ്പങ്ങളും വിസ്മയങ്ങളും ഇടകലർന്ന പ്രതീകലോകമാണ് ഗബ്രിയേൽ ഗാർഷ്യാ മാർക്വിസിന്റെ സാഹിത്യ സൃഷ്ടികളിൽ പ്രതിഫലിക്കുന്നത്.

ലാറ്റിൻ അമേരിക്കയുടെ ചരിത്രപ്രധാനമായ, തീവ്രമായ, നീറുന്ന അവസ്ഥ മാത്രമല്ല ; ഏതോ മാസ്മരീകമായ മാനസിക സംഘർഷങ്ങളുടെയും ബന്ധങ്ങളുടെയും ഒരു പുനർ വ്യാഖ്യാനം കൂടിയാണിത് .

വർത്തമാനവും ഭൂതകാലവും രൂപകങ്ങളിലൂടെ കോർത്തിണക്കി, അതിലൂടെ പിന്നീട് ലാറ്റിനമേരിക്ക നേരിടേണ്ടിവരാവുന്ന ഭവിഷ്യത്തുകളെയും രചനകൾ ഓർമ്മിപ്പിക്കുന്നു.

ലാറ്റിനമേരിക്കൻ ഭൂഖണ്ഡത്തിലെ മനുഷ്യർ നേരിടേണ്ടിവരാവുന്ന ദുരവസ്ഥകളുടെ മുഖ്യകാരണങ്ങളിലേക്ക് ഇറങ്ങിചെല്ലുന്നതോടൊപ്പം ഫലവത്തായ ഭാവിയ്ക്കു വേണ്ടിയുള്ള പ്രതീക്ഷകളും രചനകൾ മുന്നോട്ട് വെയ്ക്കുന്നു.

ത്രികാലങ്ങളുടെ അതിരുകൾ മങ്ങിയലിഞ്ഞ് പുതിയൊരു ലാറ്റിനമേരിക്ക രൂപപ്പെടുന്നതായ സ്വപ്നഭാഷ രചനകൾക്കുണ്ട്.


വായനക്കാർ തങ്ങളുടെ ഭൂതകാലത്തിൻറെയും സംസ്ക്കാരത്തിൻറെയും പാരമ്പര്യത്തിൻറെയും മിത്തുകളിലേക്കു കടക്കുമ്പോൾ അവരുടെ സാമൂഹിക പരമാർഥതയെ അവർ ബോധ്യപ്പെടുന്നു. മറ്റു വിഭാഗങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നു. അങ്ങനെ മാർക്വിസിന്റെ സാഹിത്യ സൃഷ്ടികൾ ലാറ്റിന

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മേരിക്കയുടെ സാമൂഹിക സാംസ്കാരിക ചരിത്രാവബോധത്തെ ഉണർത്തി ആ ഭൂഖണ്ഡത്തിൻറെ ഏകതയെ ഉറപ്പിക്കാൻ വെമ്പുന്നു. രാഷ്ട്രീയ സംഭവങ്ങളെ അപഗ്രഥിച്ചു കൊണ്ടുള്ള പുരാവൃത്തങ്ങൾ രാഷ്ട്രീയ നവീകരണ പ്രക്രിയയെയും സജീവമാക്കുന്നു.

കൊളോണിയൽ - സാമ്രാജ്യത്വ ശക്തികളുടെ മേൽകോയ്മ മൂലമുള്ള വംശമിശ്രണവും നാശനഷ്ടങ്ങളും രചനകൾ വ്യക്തമാക്കുന്നുണ്ട്. കൂടാതെ സൈനികമോ രാഷ്ട്രീയമോ ആയ അധികാരദൂഷ്യങ്ങളും വരച്ചു കാട്ടുന്നുണ്ട്.
അനന്തരഫലമായി മനുഷ്യൻ സ്വന്തം സംസ്കാരം വിട്ടകന്നു. ഭൂഖണ്ഡം പല രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. അധിനിവേശത്തിന്റെയും പോരാട്ടത്തിന്റെയും രാഷ്ട്രീയ പാർട്ടികളുണ്ടായി. ആഭ്യന്തരയുദ്ധം , കലാപം, ലഹള, മരണങ്ങൾ.... അങ്ങനെ ഇരുപതാം നൂറ്റാണ്ടോടെ ലോകത്തിലെ വലിയ കലാപഭൂമിയായി മാറി ലാറ്റിൻ അമേരിക്കൻ നാടുകൾ. ഇതെല്ലാം തന്നെ സാഹിത്യരചനകളിലെ അടിയൊഴുക്കുകളായി.

*1950* കളിൽ പത്രപ്രവർത്തകനായ മാർക്വിസ് കഥാകൃത്തും നോവലിസ്റ്റുമായി ശ്രദ്ധേയനായിരുന്നു.



രചനകളിലെ വൈവിധ്യമാർന്ന അത്ഭുത സംഭവങ്ങൾ വായനക്കാരിൽ വിസ്മയം ഉണർത്തി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ ബൂർഷ്വാ - ജനാധിപത്യ വിപ്ലവങ്ങൾ എഴുത്തു കാർക്ക് ഒരു വ്യത്യസ്ത സാഹിത്യ വീക്ഷണം നൽകിയിരുന്നു. സാമൂഹികാവസ്ഥകളെയും ദുരന്തപര്യവസാന ചരിത്രത്തെയും മാന്ത്രികമെന്നു വിളിക്കാവുന്ന രചനാ സങ്കേതത്തിൽ മാർക്വിസ് പുനരാവിഷ്കരിക്കുന്ന കഥകളും നോവലുകളും ദു:ഖത്തിൻറെ ഘനവും ഗാംഭീര്യവും കടുപ്പിക്കുന്നതായിരുന്നു.


' വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ് ' (1967 ) ആധുനിക ലോകസാഹിത്യത്തിലെ വഴിത്തിരി

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

വായിരുന്നു. വളരെ സങ്കീർണമായ നോവലിൽ നിരന്തരം സങ്കീർണ്ണമായി ചലിക്കുന്ന സംഭവങ്ങളുടെ ശ്രേണിവായനക്കാരെ പല ആവർത്തി മു ന്നോട്ടും പിന്നോട്ടും ആസ്വാദ്യ കരമായി ചലിപ്പിച്ചു. യാഥാർഥ്യ ത്തിനും മിഥ്യയ്ക്കുമൊപ്പം യാത്ര ചെയ്യിച്ചു .

ആ നോവലിൻറെ പ്രത്യേകത മൂലം പലരും അതിനെ സെർവാന്റിസിന്റെ ഡോൺ ക്വിക്സോട്ടിനോട് താരതമ്യപ്പെടുത്തി. ന്യൂ സെർവാന്റിസ് എന്നുവരെ വിശേഷിപ്പിച്ചു.

ഏതാണ്ട് നാല് പതിറ്റാണ്ടു കാലത്തെ ഏറ്റവും ഭ്രമകരവും വിചിത്രവുമായ എഴുത്തിലൂടെ വായനക്കാരെ രസം പിടിപ്പിച്ച ഗാബോയ്ക്ക് *1982*-ൽ വിശ്വവിഖ്യാത പുരസ്കാരം ലഭിച്ചു. ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് എന്ന ഗാബോ അങ്ങനെ നോബൽ സമ്മാനം നേടുന്ന ആദ്യ കൊളംബിയക്കാരനും നാലാമത്തെ ലാറ്റിനമേരിക്കക്കാര നുമായി.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# കോളോണിയൽ - പോസ്റ്റ് കൊളോണിയൽ കലയിലെ രൂപാന്തരങ്ങൾ



അർഷണ ( ഫിൽക്ക ഫിലിം സൊസൈറ്റി )

**ലാ**റ്റിനമേരിക്കൻ ചിത്രകലയിലെയും സാഹിത്യത്തിലെയും "മാജിക്കൽ റിയലിസം" ഈ ഭൂഖണ്ഡത്തിന്റെ സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലത്തിൽ വേരൂന്നിയതാണ്. ലാറ്റിനമേരിക്കൻ ചിത്രകാരന്മാരും എഴുത്തുകാരും സങ്കീർണ്ണമായ യഥാർഥ്യങ്ങൾ ആവ്യാനം ചെയ്യുന്നതിനും തനത് സ്വത്വം കണ്ടെത്തുന്നതിനും ലാറ്റിൻ അമേരിക്കയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ രേഖപ്പെടുത്തുന്നതിനുമുള്ള ഒരു മാർഗമായി മാജിക്കൽ റിയലിസത്തെ ചിത്രകലയിലും സാഹിത്യത്തിലും സ്വീകരിച്ചുപോന്നു. പല ലാറ്റിനമേരിക്കൻ ചിത്രകാരന്മാരും തദ്ദേശീയമിത്തുകൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നു. സൈനീക ഭരണകൂടത്തിനു കീഴിൽ നേരിട്ടുള്ള ഇടപെടൽ സാധ്യമല്ലാത്തതിനാൽ മാന്ത്രികതയും നിഗൂഢതയും വ്യംഗ്യമായ യാഥാർഥ്യബോധം സൃഷ്ടിക്കുന്നതിനായി അവർ കലാസൃഷ്ടികളിൽ ഉൾപ്പെടുത്തുന്നു. കൊളോണിയൽ - പോസ്റ്റ് കൊളോണിയൽ കാലഘട്ടത്തിന്റെ സങ്കീർണ്ണത ആവിഷ്കരിക്കാൻ മാജിക്കൽ റിയലിസം എന്ന സങ്കേതം സ്വീകരിക്കുന്നു. പലപ്പോഴും അവർ ലാറ്റിനമേരിക്കയിലെ കൊളോണിയൽ - പോസ്റ്റ് കൊളോണിയൽ സമൂഹത്തിന്റെ അവസ്ഥ പ്രതിഫലിപ്പിക്കുമ്പോൾ അവരുടെ സാംസ്കാരിക സ്വത്വത്തെ അഭിസംബോധന ചെയ്യുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനായുള്ള സംഘർഷങ്ങളെ പ്രതീകവൽക്കരിക്കുമ്പോഴും അസമത്വം, അടിച്ചമർത്തൽ എന്നിവയെ വിമർശിക്കുമ്പോഴും കലാകാരന്മാർ മാന്ത്രിക ഘടകങ്ങൾ ഉപയോഗിക്കുന്നു.

ചിത്രകലയിൽ മാജിക്കൽ റിയലിസവുമായി ബന്ധപ്പെട്ട് ശ്രദ്ധേയരായ ഒട്ടേറെ ലാറ്റിൻ അമേരിക്കൻ കലാകാരന്മാരുണ്ട്. ഫ്രിഡ കഹലോയുടെ ( Frida Kahlo - മെക്സിക്കോ ) വ്യക്തിഗത രൂപകങ്ങൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മെക്സിക്കൻ നാടോടികലയുടെയും മിത്തോളജിയുടെയും മിശ്രണമാണ്. ഡീഗോ റിവേരയുടെ ( *Diego Rivera - മെക്സിക്കോ)* ചുമർചിത്രങ്ങളും ചിത്രങ്ങളും പലപ്പോഴും റിയലിസത്തെ പുരാണവും ചരിത്രപരവുമായ പ്രതീകാത്മകതയുമായി കൂട്ടിയിണക്കുന്നവയാണ്. അവ രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. കൊളംബിയയുടെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക വൈവിധ്യവും പ്രതിഫലിപ്പിക്കുന്ന അതിയാഥാർത്ഥ്യ ശൈലിയിലുള്ള സ്വപ്നതുല്യമായ പ്രകൃതിദൃശ്യങ്ങൾ അലിജാന്ദ്രോ ഒബ്രെഗോണിന്റെ ( *Alejandro Obregon* ) ചിത്രങ്ങളിൽ കാണാം. ഓസ്വാൾഡോ ഗ്വയാസാമിനിന്റെ ( *Oswaldo Guayasamin - ഇക്വഡോർ)* ശക്തവും വൈകാരികവുമായ ചിത്രങ്ങളിൽ മനുഷ്യരുടെ കഷ്ടപ്പാടുകളും മനുഷ്യാവസ്ഥയും ആവിഷ്കരിക്കുന്നത് റിയലിസത്തിന്റെയും പ്രതീകാത്മകതയുടെയും സമന്വയത്തിലാണ്. അങ്ങനെ ലാറ്റിനമേരിക്കൻ ചിത്രകലയിലെ മാജിക്കൽ റിയലിസത്തിന്റെ സമ്പന്നമായ പാരമ്പര്യം പ്രചോദനത്തിന്റെയും സാംസ്കാരിക പര്യവേക്ഷണത്തിന്റെയും ഉറവിടമായി തുടരുന്നു.

മാജിക്കൽ റിയലിസം എന്നത് യഥാർത്ഥ ലോകത്തിലെ ഘടകങ്ങളെ മാന്ത്രികമോ അതിശയകരമോ ആയ ഘടകങ്ങളുമായി സംയോജിപ്പിക്കുന്ന ഒരു കലാ ദർശനമാണ്. പലപ്പോഴും യാഥാർത്ഥ്യത്തിനും ഫാന്റസിക്കും ഇടയിലുള്ള വിഭജനരേഖ ഇല്ലാതാവുന്ന വിധത്തിൽ.

സാമൂഹിക-രാഷ്ട്രീയ വിമർശനങ്ങൾ ചെയ്യുന്നതിനും മിത്തുകളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള ഒരു സമ്പന്നമായ ധാരയാണിത്.

സാമൂഹിക കെട്ടുകഥകളെയും സ്റ്റീരിയോടൈപ്പുകളെയും വെല്ലുവിളിക്കാനോ പുനർനിർമ്മിക്കാനോ മാജിക്കൽ റിയലിസം ഉപയോഗിക്കാം. ആഴത്തിൽ വേരൂന്നിയ വിശ്വാസങ്ങളെയോ ധാരണകളെയോ ചോദ്യം ചെയ്യാനും രചയിതാക്കൾ മാന്ത്രിക ഘടകങ്ങൾ അവലംബിക്കുന്നു.

കഥകളിലെ മാന്ത്രിക ഘടകങ്ങൾ പലപ്പോഴും യഥാർത്ഥ ലോക പ്രശ്നങ്ങളുടെ രൂപകങ്ങളായി വർത്തിക്കുന്നു. ഉദാഹരണത്തിന്, അദൃശ്യനായി മാറാൻ കഴിയുന്ന ഒരു കഥാപാത്രത്തെക്കുറിച്ചുള്ള ഒരു കഥ, സാമൂഹിക അദൃശ്യതയുടെയോ പാർശ്വവൽക്കരണത്തിന്റെയോ ഒരു രൂപകമായിരിക്കാം.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പല മാജിക്കൽ റിയലിസ്റ്റ് സൃഷ്ടികളും പ്രത്യേക സംസ്കാരങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണ്.

കൊളോണിയലിസം, സാംസ്കാരിക സ്വത്വം, പാരമ്പര്യവും ആധുനികതയും തമ്മിലുള്ള ഏറ്റുമുട്ടൽ തുടങ്ങിയ വിഷയങ്ങളെ അവർക്ക് വിമർശിക്കാൻ കഴിയും.

രാഷ്ട്രീയ ഉപമകൾ സൃഷ്ടിക്കാൻ മാജിക്കൽ റിയലിസം ഉപയോഗിക്കാം. ഒരു ആഖ്യാനതലത്തിലേക്ക് അതിശയകരമായ ഘടകങ്ങൾ നെയ്തെടുക്കുന്നതിലൂടെ, രചയിതാക്കൾക്ക് രാഷ്ട്രീയ വ്യവസ്ഥിതി, സ്വേച്ഛാധിപത്യം, അല്ലെങ്കിൽ അധികാര ദുർവിനിയോഗം എന്നിവയെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാനാവും.

സാഹിത്യ സൃഷ്ടികൾ പലപ്പോഴും സമകാലിക സാമൂഹിക പ്രശ്നങ്ങളുമായി ഇടപഴകുന്നു, വർഗസമരം, വിവേചനം, സാമ്പത്തിക അസമത്വം തുടങ്ങിയ വിഷയങ്ങളിൽ വ്യാഖ്യാനം നൽകുന്നു.

യാഥാർത്ഥ്യവും ഫാന്റസിയും തമ്മിലുള്ള രേഖ ഇല്ലാതാക്കുന്നതിലൂടെ, മാജിക്കൽ റിയലിസത്തിന് വായനക്കാരെ സത്യത്തിന്റെയും ധാരണയുടെയും ദ്രവ്യതയെക്കുറിച്ച് പ്രതിഫലിപ്പിക്കാൻ കഴിയും. ഇത് "വ്യാജ വാർത്ത"യുടെയും വിവര കൃത്രിമത്വത്തിന്റെയും ലോകത്ത് പ്രത്യേകിച്ചും പ്രസക്തമാണ്.

മാജിക്കൽ റിയലിസം കഥാപാത്രങ്ങൾക്ക് (വായനക്കാർക്കും) പരുക്കൻ അല്ലെങ്കിൽ ആഘാതകരമായ യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ഒരു മാർഗമാണ്. യഥാർത്ഥ ലോകത്തിന്റെ പരിമിതികളിൽ നിന്ന് രക്ഷപ്പെടാനോ മറികടക്കാനോ ഇത് ഒരു മാർഗം നൽകുന്നു.

ഗബ്രിയേൽ ഗാർസിയ മാർക്വേസ്, ഇസബെൽ അലൻഡെ തുടങ്ങിയ ശ്രദ്ധേയ രചയിതാക്കൾ സാമൂഹിക-രാഷ്ട്രീയ വിമർശനത്തിന് മാജിക്കൽ റിയലിസം പൂർണ്ണ സ്വാതന്ത്ര്യത്തോടെ ഭാവനാപരമായും കറുത്ത ഹാസ്യമായും ഉപയോഗിക്കുന്നു. അവരുടെ കൃതികൾ പലപ്പോഴും സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്നു. അതേസമയം മാന്ത്രിക ഘടകങ്ങളിലൂടെ അത്ഭുതവും മാസ്മരികതയും നിലനിർത്തുന്നു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

# ലാറ്റിനമേരിക്കൻ സവിശേഷതകളും സിനിമയും





അഡ്വ. ബിന്ദു
( സത്യജിത് റായി ഫിലിം സൊസൈറ്റി )

**സാം**സ്കാരികവും വംശീയവും രാഷ്ട്രീയവുമായ സ്വാധീനങ്ങളുടെ സമ്പന്നമായ ഒരു ചരിത്രം പേറുന്ന വിശാലവും സങ്കീർണ്ണവുമായ ഒരു ഭൂവിഭാഗമാണ് ലാറ്റിൻ അമേരിക്ക. ലാറ്റിൻ അമേരിക്കയുടെ ഭൂമിശാസ്ത്രവും വംശങ്ങളും സംസ്കാരവും അധിനിവേശ രാഷ്ട്രീയവും സംഘർഷങ്ങളും സാഹസികതയും ഒക്കെ ലാറ്റിനമേരിക്കൻ സിനിമയിൽ ചടുലചാരുതയോടെ പ്രകടമാണ്.

ഭൂമിശാസ്ത്രപരമായ വൈവിധ്യം കൊണ്ട് സവിശേഷതയാർന്ന ലാറ്റിൻ അമേരിക്കൻ ഭൂഖണ്ഡത്തിലെ ആമസോൺ മഴക്കാടുകളും ആൻഡീസ് പർവ്വത നിരകളും അറ്റക്കാമ മരുഭൂമിയും ആന്റീൻ പീഠഭൂമിയും പുഴകളും കടലും ഒക്കെ സിനിമയുടെ ദൃശ്യസൗന്ദര്യത്തിനും വൈവിധ്യത്തിനും മാറ്റുകൂട്ടുന്നു.

മധ്യ അമേരിക്ക, തെക്കൻ അമേരിക്ക, മെക്സിക്കോ,കരീബിയയുടെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ലാറ്റിൻ അമേരിക്ക. മഴക്കാടുകളും മരുഭൂമികളും ഉയരം കൂടിയ പീഠഭൂമികളും ഉഷ്ണമേഖല പ്രദേശങ്ങളും ഉൾപ്പെടുന്ന ഇവിടുത്തെ കാലാവസ്ഥ വൈവിധ്യമാർന്നതാണ്.

ഇത് ലാറ്റിനമേരിക്കയിലെ കൃഷി, ജൈവവൈവിധ്യം, ജീവിതരീതി എന്നിവയെ സ്വാഭാവികമായും സ്വാധീനിച്ചിട്ടുണ്ട് . ഭൂമിയിലെ തന്നെ ഏറ്റവും ജൈവവൈവിധ്യം ഉള്ളത് ലാറ്റിൻ അമേരിക്കയിലാണല്ലോ. അത്യപൂർവ്വമായ സസ്യജാലങ്ങളും ജന്തുജാലങ്ങളും ലാറ്റിനമേരിക്കയുടെ ഒരു സമ്പത്ത് തന്നെയാണ്. പ്രത്യേകിച്ചും ആമസോൺ മഴക്കാടുകൾ എണ്ണമറ്റ ജന്തുജാലങ്ങൾക്ക് വീടൊരുക്കുന്നു. ഇതൊക്കെ കലാസൃഷ്ടികളിൽ കഥാപാത്ര ങ്ങൾക്കൊപ്പമുണ്ട്.

മായ, ആസ്റ്റെക്, ഇൻക തുടങ്ങി വിവിധങ്ങളായ പരമ്പരാഗത തനത് ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ലാറ്റിൻ അമേരിക്കൻ ജനതയുടെ സാംസ്കാരിക പാരമ്പര്യവും പൈതൃകവും ഭാഷകളും ഈ ഭൂഖണ്ഡത്തിലെ സിനിമയെയും സ്വാധീനിച്ചു പോരുന്നു.

കൊളോണിയൽ കാലഘട്ടത്തെ ഇടകലരൽ മൂലം ഇവിടുത്തെ ഭൂരിഭാഗം ജനതയും യൂറോപ്യന്മാരുടെയും പ്രാദേശിക വംശങ്ങളുടെയും സങ്കരമാണ്. കൂട്ടുകുടുംബങ്ങളാണ് ലാറ്റിൻ അമേരിക്കൻ ജനതയുടെ സാമൂഹിക ജീവിതത്തിൻറെ പ്രധാന സവിശേഷത.

ലാറ്റിൻ അമേരിക്കൻ കൃഷിയിടങ്ങളിലും ഖനികളിലും മറ്റും ജോലി ചെയ്യുന്നതിനായി കൊളോണിയൽ കാലഘട്ടത്തിൽ ആഫ്രിക്കയിൽ നിന്നും അടിമകളെ ഇറക്കുമതി ചെയ്തിരുന്നു. ഈയൊരു ആഫ്രിക്കൻ ജനതയുടെ സ്വാധീനം ബ്രസീൽ, കൊളംബിയ, കരീബിയൻ ദ്വീപുകൾ തുടങ്ങിയിടങ്ങളിൽ പ്രത്യേകിച്ചും കാണാവുന്നതാണ്. സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള കോളനി അധിനിവേശമാണ് ലാറ്റിൻ അമേരിക്കയിലെ ജനസംഖ്യയെയും സംസ്കാരത്തെയും വലിയൊരു അളവ് വരെ സ്വാധീനിച്ചിട്ടുള്ളത്. ഇവിടങ്ങളിലെ ഭാഷകളിലും മതത്തിലും പ്രാദേശിക ഘടനയിലും എന്നപോലെ കലയിലും ഈ ഒരു യൂറോപ്യൻ സ്വാധീനം എടുത്തു കാണാവുന്നതാണ്.

ആഫ്രിക്കക്കാരെയും യൂറോപ്യൻമാരെയും കൂടാതെ ഏഷ്യൻ മധ്യേഷ്യൻ പാരമ്പര്യങ്ങൾ ഉള്ള സമൂഹങ്ങളും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ കാണാം. സ്പാനിഷും പോർച്ചുഗീസുമാണ് ഏറ്റവും പ്രബലമായ ഭാഷകൾ എങ്കിലും പ്രാദേശിക ഭാഷകളായ ക്വഞ്ച, നഹൗതി, അയ്മരാ തുടങ്ങിയവയ്ക്കും പ്രചാരമുണ്ട്.

സ്പാനിഷ്, പോർച്ചുഗീസ് കോളനിവൽക്കരണത്തിന്റെ ഭാഗമായി റോമൻ കാത്തലിക് വിഭാഗമാണ് ലാറ്റിൻ അമേരിക്കയിൽ കൂടുതലും. മറ്റ് ക്രിസ്തീയ വിഭാഗങ്ങളും പ്രാദേശിക മതവിശ്വാസങ്ങളും എല്ലാം കൂടികലർന്നും നിലനിൽക്കുന്നു.

ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ ഉടനീളം ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും നാടാണ്. കലാവൈവിധ്യങ്ങളാൽ സമ്പന്നമായ ഇവിടത്തെ സാഹിത്യം, സംഗീതം, ദൃശ്യ കലകൾ, പാചകം തുടങ്ങിയവയും സൽസ, ടാങ്ഗോ, സാംബ തുടങ്ങിയ പ്രാദേശികമായ നൃത്തരൂപങ്ങളും വൈവിധ്യമാണ്. ഓരോ ലാറ്റിനമേരിക്കൻ രാജ്യവും കലാരംഗത്തു അവരവരുടെതായ സംഭാവനകൾ നൽകുന്നു.

കൊളോണിയൽ കാലഘട്ടം പ്രത്യേകിച്ച് സ്പെയിനിന്റെയും പോർച്ചുഗീസിന്റെയും കോളനിവൽക്കരണം ലാറ്റിനമേരിക്കയുടെ മേൽ വലിയ സ്വാധീനം ചെലുത്തി



A VERY OLD MAN WITH ENORMOUS WINGS

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

യതിന്റെ ഫലമായി പ്രാദേശിക ജനതയുടെ മേൽ അടിമത്തം അടിച്ചേൽപ്പിക്കുകയുണ്ടായി. യൂറോപ്യൻ രാഷ്ട്രീയവും മതങ്ങളും ലാറ്റിൻ അമേരിക്കൻ ജനതയ്ക്ക് മേൽ ആധിപത്യം ഉറപ്പിച്ചു. യൂറോപ്യന്മാരിൽ നിന്നും സ്വാതന്ത്ര്യം നേടിയിട്ടും പലവിധത്തിലുള്ള രാഷ്ട്രീയ വെല്ലുവിളികൾ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾക്ക് നേരിടേണ്ടി വന്നു. രാഷ്ട്രീയ അസ്ഥിരത, സാമ്പത്തിക അസന്തുലിതത്വം, സാമൂഹിക അനീതി തുടങ്ങിയവയെല്ലാം ലാറ്റിൻ അമേരിക്കൻ ജനതയ്ക്ക് മുന്നിൽ സമരകാഹളം മുഴക്കി. ഈ പ്രശ്നങ്ങളെല്ലാം ആ നാടുകളിലെ രാഷ്ട്രീയ ഘടനയെ സ്വാധീനിക്കുകയും അതിൻറെ ഫലമായി ഏകാധിപത്യഭരണവും സൈനീക ഭരണവും തുടർന്നുള്ള വിപ്ലവങ്ങളും ഒക്കെ അരങ്ങേറുകയും ചെയ്തു .ഇതെല്ലാം തന്നെ കലാരൂപങ്ങളിൽ പ്രതിഫലിക്കുകയും ചെയ്യുന്നു.

നവകോളോണിയൽ കാലഘട്ടത്തിൽ അമേരിക്കയെ പോലെയുള്ള വിദേശ രാജ്യങ്ങളുടെ കടന്നുകയറ്റം ഈ ഭൂവിഭാഗത്തിലെ രാഷ്ട്രീയത്തിലും സാമ്പത്തിക തലങ്ങളിലും നയതന്ത്ര ബന്ധങ്ങളിലും എപ്പോഴും ചോദ്യചിഹ്നമായിരുന്നു. ഇന്നും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ജനാധിപത്യ ഗവൺമെന്റുകൾ ജനകീയ പ്രക്ഷോഭങ്ങളുടെയും അധികാര അട്ടിമറികളുടെയും അഴിമതി, ദാരിദ്ര്യം, അസമത്വം തുടങ്ങിയ വെല്ലുവിളികളുടെയും ഒക്കെ ഒരു നടുവിലാണ്. ഓരോ ലാറ്റിൻ അമേരിക്കൻ രാജ്യത്തിനും അവരവരുടെതായ രാഷ്ട്രീയ മാനവും ചരിത്രവും ഉണ്ട്. ചുരുക്കത്തിൽ ഭൂമിശാസ്ത്രപരവും സാംസ്കാരികവും വംശീയവും രാഷ്ട്രീയവുമായ പലവിധങ്ങളായ സ്വാധീനങ്ങളാൽ സങ്കീർണമായ ചരിത്രത്തെ ഉൾക്കൊള്ളുന്ന, വൈവിധ്യമാർന്ന, ചലനാത്മകമായ ഒരു ഭൂമേഖലയാണ് ലാറ്റിൻ അമേരിക്ക.

ഈ ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ കാര്യങ്ങളെ സ്വാധീനിക്കുന്നത് ഇന്നും കോളനി പാരമ്പര്യമാണെന്ന് പറയാം. യൂറോപ്യൻ അധിനിവേശ ശക്തികളുടെ പിന്മാറ്റത്തിനും സ്വാതന്ത്ര്യലബ്ധിക്കും ശേഷം ഉയർന്നുവന്ന ചലച്ചിത്ര നിർമ്മാണങ്ങളെയാണ് ലാറ്റിൻ അമേരിക്കയിലെ പോസ്റ്റ് കൊളോണിയൽ സിനിമ എന്ന് വിശേഷിപ്പിക്കുന്നത്.

ഈ കാലഘട്ടത്തിലെ ചലച്ചിത്ര നിർമ്മാണം അടയാളപ്പെടുത്തിയിരുന്നത് അതിജീവന പ്രശ്നങ്ങളെയും സംസ്കാരം, സാമൂഹിക നീതി, കൊളോണിയൽ പാരമ്പര്യം, സ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങളാണ്.

ലാറ്റിൻ അമേരിക്കയിലെ അധിനിവേശാനന്തര കാലഘട്ടത്തിലെ സിനിമകൾ പലതും ക്ലാസ്സിക്കുകളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പല ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളും അവരുടെതായ

ഫിലിം വിഷൻ
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

സിനിമ വ്യവസായം കെട്ടിപ്പടുക്കാൻ തുടങ്ങിയിരുന്നു. ഇതേസമയം തന്നെ കൊളോണിയൽ കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ടിരുന്ന ജനതയെയും സംസ്കാരത്തെയും മിത്തുകളെയും ഒക്കെ രൂപകങ്ങളാക്കാൻ ചിത്രകാര ന്മാർക്കും സാഹിത്യകാരന്മാർക്കും സാധി ച്ചു.

പോസ്റ്റ് കൊളോണിയൽ ലാറ്റിനമേരിക്കൻ സിനിമ കൂടുതലും സാമൂഹികവും രാഷ്ട്രീയവുമായി പ്രശ്നങ്ങളെ അഭിസം ബോധന ചെയ്യുന്നതാണ്. അധികാര വർഗ്ഗത്തിൻറെ ദുർഭരണ ത്തിനെ വിമർശിക്കുന്നതിനും മനുഷ്യാവ കാശ ലംഘനങ്ങളെ തുറന്നുകാട്ടുന്ന തിനും അസമത്വത്തിനും ദാരിദ്ര്യത്തിനും എതിരെ നിലകൊള്ളുന്നതിനുമുള്ള ഒരു ഉപാധിയായാണ് ഇക്കാലത്ത് ചലച്ചിത്ര കാരന്മാർ സിനിമയെ കണ്ടിരുന്നത്. വിവിധ വംശങ്ങളും പരമ്പരാഗത വിഭാഗങ്ങളും പ്രതിനിധീകരിക്കപ്പെടുന്ന തിനും ലാറ്റിൻ അമേരിക്കൻ ചലച്ചിത്ര കാരന്മാർ ശ്രദ്ധിച്ചു .

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗ ങ്ങളുടെ പ്രതിരോധ ത്തിന്റെയും പോരാട്ടത്തിന്റെയും കഥകളാ ണ് ഇക്കാലയളവിൽ സിനിമ ഉയർത്തി ക്കാട്ടിയിരുന്നത്. അതിനുശേഷം ഉള്ള കാലഘട്ടത്തിൽ ലാറ്റിൻ അമേരിക്കൻ സാഹിത്യത്തിന്റെ സ്വാധീനം കൊണ്ട് സിനിമയിലും മാജിക്കൽ റിയലിസം കടന്നുവന്നു.



LOVE IN THE TIME OF CHOLERA

ചലച്ചിത്രകാരന്മാർ പലപ്പോഴും യാഥാർ ത്ഥ്യത്തെ അതിമാനുഷിക ഭാവുകത്വവും ഉപമകളും ഉപയോഗിച്ച് ത്രസിപ്പിക്കുന്ന ദൃശ്യാനുഭവങ്ങളായി രൂപാന്തരപ്പെടുത്തി.

പോസ്റ്റ് കൊളോണിയൽ കാലഘട്ടത്തിലെ ലാറ്റിൻ അമേരിക്കൻ ചലച്ചിത്രകാരന്മാർ പലരും ലോകചലച്ചിത്ര വേദിയിൽ അംഗീകാരങ്ങളും പ്രശംസയും പിടിച്ചു പറ്റിയവരാണ്. മെക്സിക്കോയിലെ സാൽവദോർ ടോസ് കാനോ ബറാഗൻ, എമിലിയോ ഫെർണാണ്ടസ്, ലൂയിസ് അൽകൂറിസ, ഗിലെർമോ ഡെൽ ടോറോ; ബ്രസീലിലെ ആൻസെൽമോ ദ്വാർത്തെ; ഗ്ലോബർ റോഷ; അർജന്റീ നയിലെ ഫെർണാണ്ടോ സോളിനാസ്, ഒക്റ്റവിയോ ഗെറ്റിനോ, ഹെക്ടർ ബാബേങ്കോ; ചിലിയിലെ റൗൾ റൂയ്സ്, പാട്രീഷ്യോ ഗുസ്മാൻ, മിഗ്വേൽ ലിറ്റിൻ; ക്യൂബയിലെ തോമസ് ഏലിയാ, ഹംബാർട്ടോ സോളാസ് തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആദ്യകാല സംവിധായകർ വിശ്വസിനിമയിൽ ശ്രദ്ധേ യരാണ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ലാറ്റിൻ അമേരിക്കയിലെ സിനിമാമേഖലയിൽ ഗണ്യമായ സ്ഥാനം ഡോക്യുമെൻററി ചിത്രങ്ങൾക്കുണ്ട് . അന്യഥാ പാർശ്വവൽക്കരിക്കപ്പെടുമായിരുന്നവരുടെ ശബ്ദമായി മാറാൻ ഈ ഹ്രസ്വചിത്രങ്ങൾക്ക് സാധിച്ചു.

ചില ചലച്ചിത്രകാരന്മാർ വ്യവസ്ഥിതിയോട് കലഹിക്കുന്ന പരീക്ഷണ കലാസങ്കേതങ്ങളുപയോഗിച്ച് പോസ്റ്റ് കൊളോണിയൽ സാഹചര്യത്തിലെ സമൂഹത്തിൻറെ സ്വത്വം, സ്മൃതികൾ, സംസ്കാരം എന്നിവയുടെ സങ്കീർണതകളിലേക്ക് ആഴ്ന്നിറങ്ങാനുള്ള ശ്രമം നടത്തിയിട്ടുണ്ട്.

ലാറ്റിനമേരിക്കൻ സമൂഹം ആഗോളീകരണത്തിനും നഗരവൽക്കരണത്തിനും വഴിമാറിയതിനാൽ , ഗ്രാമീണതയിലും പരമ്പരാഗത സംസ്കാരത്തിലും മറ്റും ഗ്ലോബലൈസേഷന്റെയും നഗരവൽക്കരണത്തിന്റെയും വർദ്ധിച്ചുവരുന്ന സ്വാധീനവും അതിന്റെ പരിണതഫലങ്ങളും സിനിമയുടെ വിഷയമായിതീർന്നിട്ടുണ്ട്.

ഫെമിനിസം, സ്ത്രീകളുടെ അവകാശം, ലിംഗ സമത്വം തുടങ്ങി സമൂഹത്തിൽ നിലനിന്ന എല്ലാ വിഷയങ്ങളും സിനിമയ്ക്ക് ഉള്ളടക്കമായി. ചുരുക്കത്തിൽ തനത് സംസ്കാരത്തിൻറെ വൈവിധ്യവും കൊളോണിയൽ പാരമ്പര്യത്തിന്റെ സങ്കീർണ്ണതയും ഇഴ ചേർന്നു വളരെ വൈവിധ്യമാർന്നതും ജീവസുറ്റതും ചലനാത്മകവുമായ ലാറ്റിനമേരിക്കൻ അന്തരീക്ഷം, ചലച്ചിത്രകലയ്ക്കും ചലച്ചിത്രകാരന്മാർക്കും വളക്കൂറുള്ള മണ്ണായി തീർന്നു. സാംസ്കാരിക ആവിഷ്കാരത്തിനും സാമൂഹികമായ വ്യാഖ്യാനങ്ങൾക്കും എല്ലാം ഈ നവയുഗത്തിൽ ശക്തമായ ഒരു മാധ്യമമായി സിനിമയെ രൂപാന്തരപ്പെടുത്തിയിരിക്കുകയാണ് ലാറ്റിനമേരിക്കൻ സംവിധായകർ. അതുകൊണ്ടുതന്നെ നിരന്തരം പരിണാമങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന ലാറ്റിനമേരിക്കൻ സിനിമയുടെ രസദർശനം, വിശ്വസിനിമയിൽ പുതിയ രൂപിമങ്ങളും സ്വനിമങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.



NO ONE WRITES TO COLONEL

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



# ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് കൃതികൾ : നാല് ചലച്ചിത്രങ്ങൾ



സാബു ശങ്കർ ( ജനറൽ സെക്രട്ടറി , ഫിൽക്ക ഫിലിം സൊസൈറ്റി )

**ക**ഥപറച്ചിലിന്റെ പാരമ്പര്യമുള്ള , സാംസ്കാരിക വൈവിധ്യമുള്ള ലാറ്റിനമേരിക്കയിലെ സാധാരണ നാടോടി കഥകളിൽ നിന്നും മിത്തുകളിൽ നിന്നും വ്യത്യ സ്തമായി ആ ഭൂമേഖലയുടെ ചരിത്രവും രാഷ്ട്രീയവും മനുഷ്യാവസ്ഥയുമൊക്കെ പ്രതിപാദിക്കാനും പ്രതികരിക്കാനും രൂപ കാതിശയോക്തി , പ്രതീകം , സാധർമ്മ്യം , ഐതിഹാസികത, മാന്ത്രികത , യൂറോ പ്യൻ - ആഫ്രിക്കൻ വംശപാരമ്പര്യം , കൊളോണിയൽ - നവ കൊളോണിയൽ അധികാരം , പ്രണയം തുടങ്ങിയവ ഇഴുകി ചേർന്ന സംഭവങ്ങളും കഥാപാത്രങ്ങളും നിറഞ്ഞ ആവിഷ്ക്കാര ശൈലി ചിതകല യിലും സാഹിത്യത്തിലും 1940 -കൾ മു തൽക്കേ പ്രത്യക്ഷമായിരുന്നു .

ക്യൂബൻ സാഹിത്യകാരൻ അലെജോ കാർപെന്റിയർ , ഗ്വാട്ടിമാലയിലെ മിഗു വേൽ ഏഞ്ചൽ അസ്തുറിയസ് , മെക്സിക്കോയിലെ അഗസ്റ്റിൻ യാനെസ് , അർജന്റീനയിലെ ലിയോപോൾഡോ മാർഷൽ തുടങ്ങിയവരുടെ സമകാലീനനാണ് കൊളംബിയയിലെ ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് .

അലെജോ കാർപെന്റിയർ എന്ന ക്യൂബൻ സാഹിത്യകാരൻ ‘ ദി കിങ്ഡം ഓഫ് ദിസ് വേൾഡ് ‘ എന്ന നോവൽ രചിക്കുന്നത് 1949 -ൽ ആണ് . ഹൈതി അടിമ വിപ്ലവത്തിന് ശേഷമുള്ള രാഷ്ട്രീയ സംഭവങ്ങളിൽ നിന്നും ജനകീയ നേതാക്കളുടെ ജീവിതത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ചു രൂപപ്പെട്ടതാണ് ഈ നോവൽ . ഇതിൽ അത്ഭുത യാഥാർഥ്യങ്ങളുണ്ട് . കാട്ടുപച്ചമരുന്നുകൾ ആഹരിച്ചാലുണ്ടാവുന്ന അത്ഭുത സിദ്ധികൾ പോരാട്ടനായകന് ലഭിക്കുന്നു . കരീബിയൻ - ലാറ്റിനമേരിക്കൻ സാഹിത്യത്തിൽ ഈ നോവൽ മാജിക്കൽ റിയലിസം എന്ന കലാദർശനത്തിന് ചിറകു നൽകിയെന്നു പറയാം .

മനുഷ്യനീതി , സാമൂഹിക സങ്കീർണതകളിൽ നിന്ന് ആധുനിക ലോകത്തേക്കുള്ള പ്രവേശനം , ദേശീയത , ജനാധിപത്യ സ്വാതന്ത്ര്യം , ഭരണമാറ്റങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള സായുധ വിപ്ലവങ്ങളും പ്രതിവിപ്ലവങ്ങളും സൈനീക അടിച്ചമർത്തലും രക്തസാക്ഷിത്വങ്ങളും പുതുവിപ്ലവ രാഷ്ട്രീയവും ഒക്കെ കലുഷിതമാക്കിയ ലാറ്റിനമേരിക്കൻ

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE

PUBLISHED BY FILCA

രാജ്യങ്ങളിൽ നിന്നുള്ള ഡോക്യുമെന്ററി ചിത്രങ്ങൾ 1910 - കൾ മുതൽക്കേ രാഷ്ട്രീയ പ്രമേയങ്ങൾ സാഹസികമായി ഉൾക്കൊള്ളുന്നവയായിരുന്നു . 1950 - കൾ മുതൽ നവസിനിമാ പ്രസ്ഥാനങ്ങൾ വിവിധ രാജ്യങ്ങളിൽ രൂപംകൊണ്ടു .

നെൽസൺ പെരേര ഡോസ് സാന്റോസ് , ഗ്ലോബർ റോഷ, ഫെർണാണ്ടോ ബിറി , റേ ഗുര , കാർലോസ് ഡീഗസ് , ഫെർണാണ്ടോ സോളിനാസ് , കാർലോസ് മയാലോ , ലൂയിസ് ഒസ്പിനാ , ഹെക്ടർ ബാബെൻകോ , തോമസ് ഗതിരെസ് എലിയാ , ഹംബർട്ടോ സോളാസ് , അലെജാന്ദ്രോ ഗോൺസാലസ് ഇനാറിത്തു , ജോർജ്ജ് സാഞ്ചിൻസ് , റൗൾ റൂയിസ് , ഒക്ടേവിയോ ഗെറ്റിനോ , ലൂയി ബുനുവൽ , അർതുറോ റെപ്സ്റ്റെയിൻ , മിഗുവേൽ ലിറ്റിൻ എന്നിങ്ങനെ സംവിധായകരുടെ നീണ്ടനിര ലാറ്റിന മേരിക്കൻ ചലച്ചിത്ര ചരിത്രത്തിൽ കാണാം .

1960 - കളിലും 1970 -കളിലും രൂപംകൊണ്ട ആഗോള രാഷ്ട്രീയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞ ചലച്ചിത്ര ചിന്തകളും കാവ്യാത്മക പരീക്ഷണങ്ങളും സാമൂഹിക യാഥാർഥ്യങ്ങളെ നിർവചി ക്കാനുള്ള ഉപാധികളായിരുന്നു . ഇങ്ങനെ ലാറ്റിനമേരിക്കൻ സിനിമാ പ്രസ്ഥാനങ്ങൾ ' മൂന്നാം ലോക സിനിമ 'യുടെ സൗന്ദര്യ - പ്രത്യയ ശാസ്ത്രത്തിനും വഴിയൊരുക്കി . സായുധ പോരാട്ടങ്ങളും പട്ടാളഭരണവും ഒക്കെ അരങ്ങേറിയപ്പോൾ ചലച്ചിത്ര കാരന്മാർ പലപ്പോഴും ഒളിവിൽ പോകുകയും സിനിമകൾ നിർമ്മിക്കുകയും ചെയ്തു . സാങ്കേതികമായി അപൂർണ്ണതകളുള്ള ഇത്തരം സിനിമയ്ക്ക് പുതുതായ ലാവണ്യകൽപ്പനയും ഉണ്ടായി രുന്നു . 1980 - കൾക്ക് ശേഷം ജനാധിപത്യ ഭരണകൂടങ്ങൾ വന്നപ്പോൾ ലാറ്റിനമേരിക്കൻ സിനിമയുടെ ലാവണ്യ -പ്രത്യയ ശാസ്ത്ര ത്തിലും മാറ്റം വന്നു .

1960 - കളിൽ വിശ്വസാഹിത്യത്തിൽ ശ്രദ്ധേയമായി തീർന്നതും നിരൂപകർ മാജിക്കൽ റിയലിസം എന്ന് വിശേഷിപ്പിച്ചതുമായ സാഹിത്യധാര ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന്റെ ( 1927 - 2014 ) കൃതികളിലൂടെയാണ് വികസിതമായത് . പ്രത്യേകിച്ച് 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന നോവലിലൂടെ . ഈ നോവലിൻറെ തുടക്കത്തിലുള്ള ഏതാനും അധ്യായങ്ങളുടെ മലയാള പരിഭാഷ 1982 -ൽ ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന് നോബൽ പ്രൈസ് ലഭിക്കുന്നതിന് ഏതാനും മാസങ്ങക്ക് മുൻപേ കേരളത്തിലെ സമാന്തര പ്രസിദ്ധീകരണ പ്രസ്ഥാനത്തിന്റെ ഭാഗമായ സംക്രമണം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു . മാർക്വിസിന്റെ കൃതികളെ അവലംബമാക്കി നിർമ്മിച്ച ചലച്ചിത്രങ്ങൾ ശ്രദ്ധേയമാണ് . അതിൽ പ്രധാനപ്പെട്ട നാല് സിനിമകളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത് . ലൗ ഇൻ ദി ടൈം ഓഫ് കോളറ ( 2007 ) , എ വെരി ഓൾഡ് മാൻ വിത്ത് എനോർമസ് വിങ്സ് ( 1988 ) , നോ വൺ റൈറ്റ്സ് ടു കേണൽ ( 1999 ) , ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർടോൾഡ് ( 1987 ) .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



**ലൗ ഇൻ ദി ടൈം ഓഫ് കോളറ / 133 മിനിട്ട് / അമേരിക്ക / 2007 / സംവിധാനം : മൈക്ക് ന്യൂവെൽ**

വീട്ടുപരിസരത്തെ പൂങ്കാവനത്തിലിരുന്ന് സംഗീതം കേട്ടുകൊണ്ടിരുന്ന വൃദ്ധനായ ഡോ . ജൂവാനിൽ ഉർബിനോ തന്റെ വളർത്തു തത്ത മരക്കൊമ്പിലിരുന്ന് ചിലയ്ക്കുന്നത് കേട്ട് എഴുന്നേറ്റു . “ നീ അവിടെ ഇരിക്കുകയാണോ ? ചീത്തകുട്ടി . ഇവിടെ വാ . ചാടി വാ . “ ഡോ . ഉർബിനോ മരത്തിൽ ചാരിവെച്ചിരുന്ന ഏണിയിൽ ബദ്ധപ്പെട്ട് കയറി . അതുകണ്ട് മുകൾനിലയിൽ നിന്ന് വാല്യക്കാരി ആശങ്കപ്പെട്ടു . “ വിശുദ്ധ കുർബാനകളേ ! അങ്ങ് ഇന്ന് സ്വയം കൊല്ലും . “ പറഞ്ഞുതീരുംമുമ്പേ ഡോ . ഉർബിനോ താഴെ തലയടിച്ചു വീണു പിടഞ്ഞു . വൃദ്ധയായ ഭാര്യ ഫെർമീന ഓടിയെത്തി . ഡോ . ഉർബിനോ അവസാന വാക്കുകൾ ഉച്ചരിച്ചു . “ നിന്നെ എത്രമാത്രം ഞാൻ സ്നേഹിച്ചിരുന്നുവെന്ന് ദൈവത്തിനു മാത്രമേ അറിയൂ . “ ഫെർമിന അയാളുടെ നിശ്ചല ശരീരം ചേർത്തുപിടിച്ചു തേങ്ങി .

1930 - ലെ കാർട്ടെജീന പട്ടണത്തിലെ ഭദ്രാസന പള്ളിയിൽ മണി മുഴങ്ങി . ഊഞ്ഞാൽ കട്ടിലിൽ നിന്ന് വൃദ്ധനായ ഫ്ലോറന്റീനോ കൂടെ ശയിക്കുന്ന കൗമാരക്കാരി അമേരിക്ക വികുനയോടു പറഞ്ഞു . “ ആരോ മരിച്ചു . “ വിദ്യാർത്ഥിനിയായ അമേരിക്ക പറഞ്ഞു . “ ഏതോ പെന്തക്കോസ്തുകാരനാണ് . “ “ അല്ല . ഏതോ വലിയ മാന്യനാണ് . ഭദ്രാസന പള്ളിയിലെ മണി മുഴങ്ങണമെങ്കിൽ ...” . അവൾ ഊഞ്ഞാൽ കട്ടിലിൽ നിന്ന് എഴുന്നേൽക്കാനൊരുങ്ങിയ ഫ്ലോറന്റീനോയെ തടഞ്ഞു . അയാൾ പറഞ്ഞു . “ ഇങ്ങനെ മണി മുഴങ്ങണമെങ്കിൽ അതൊരു ഗവർണർ എങ്കിലും ആയിരിക്കണം . “ അയാൾ എഴുന്നേറ്റ് ജനാല തുറന്നു . പുഴയ്ക്കക്കരെ ഇക്കരെയായി കാർട്ടെജീന പട്ടണം . അക്കരെ കെട്ടിടങ്ങൾക്കിടയിൽ ഭദ്രാസന പള്ളി . ഫ്ലോറന്റീനോ അവളോട് പറഞ്ഞു . “ അമേരിക്കാ , നീ ഉടനെ കോളേജിലേക്ക് തിരിച്ചുപോകണം . എന്റെ ഡ്രൈവർ നിന്നെക്കൊണ്ടുവിടും . എനിക്ക് കുറച്ചു കാര്യങ്ങൾ ചെയ്യാനുണ്ട് . “

1985 -ൽ ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് രചിച്ച നോവൽ ‘ കോളറ കാലത്തെ പ്രണയം ‘ 2007 -ലാണ് ചലച്ചിത്രമായത് . അമേരിക്കൻ ഹോളിവുഡ്ഡ് നിർമ്മാണം . സ്റ്റോൺ വില്ലേജ് പ്രൊഡക്ഷൻസിന്റെ ഈ സിനിമ സംവിധാനം ചെയ്തത് മൈക്ക് ന്യൂവെൽ . ഫ്ലോറന്റീനോ അരീസ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് ജാവിയർ ബാർദെം . ഫെർമീന ഡാസ എന്ന നായികയായത് ജിയോവന്ന

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മെസോജിയോർണ്ണോ . ബെഞ്ചമിൻ ബ്രാറ്റ് ആണ് ഡോക്ടർ ഉർബിനോ . സ്ക്രിപ്റ്റ് - റൊണാൾഡ് ഹാർവുഡ്സ് . ഫോട്ടോഗ്രാഫി - അഫോൻസോ ബീറ്റോ . എഡിറ്റിംഗ് - മൈക്ക് ഓസ്‌ലി . സംഗീതം - അന്റോണിയോ പിന്റോ , ഷാക്കിറ . കഥയുടെ കാലഘട്ടം 1880 - 1930 . കൊളംബിയൻ പശ്ചാത്തലം .

ഡോ . ഉർബിനോയുടെ മൃതശരീരത്തിനരികിൽ ഫെർമിനയും ആൺ -പെൺ മക്കളും അവിടെയെത്തുന്ന ബന്ധുമിത്രാദികളുടെ അനുശോചനം സ്വീകരിക്കുന്നു . മൃതശരീരം വീട്ടിൽ നിന്ന് പള്ളിയിലേക്കുള്ള വണ്ടിയിൽ കയറ്റി . ശവപ്പെട്ടിക്ക് മേൽ ഫെർമിന പൂച്ചെണ്ടുകൾ വെച്ചു . ബന്ധുമിത്രാദികൾ പിരിഞ്ഞു . മക്കളും യാത്രപറഞ്ഞു .

വീട്ടിലേക്ക് കയറിവന്ന ഫെർമിന ദുഃഖത്തിന്റെ പര്യായമായിരുന്നു . അപ്പോഴാണ് അവിടെ വൃദ്ധനായ ഫ്ലോറന്റീനോ കാത്തുനിൽക്കുന്നത് കാണുന്നത് . കൗമാരകാലത്തെ കാമുകൻ ! . അമ്പത്തിയൊന്നു വർഷങ്ങൾക്ക് മുൻപ് ഇരുവരും വിവാഹിതരാവാൻ കൊതിച്ചവരാണ് . ഫ്ലോറന്റീനോ അഭ്യർത്ഥിച്ചു . “ ഈയൊരു സന്ദർഭത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു . അൻപത്തിയൊന്നു വർഷവും ഒൻപത് മാസവും നാലു ദിവസവും ! എത്ര ദീർഘകാലം നിന്നെ ഞാൻ സ്നേഹിച്ചുവെന്ന് നോക്കുക . എന്റെ കണ്ണുകൾ നിന്നിൽ പതിഞ്ഞ ആദ്യ നിമിഷം



മുതൽ , ദാ - ഇതുവരെ . ഞാനിതാ ഒരിക്കൽ കൂടി ആവർത്തിക്കുന്നു . നിന്നോടുള്ള ഒരിക്കലും നശിക്കാത്ത അനശ്വരമായ സ്നേഹം എന്റെ പ്രതിജ്ഞയാണ് . “ . ഫെർമീന അയാളെ സൂക്ഷിച്ചുനോക്കി . നിമിഷങ്ങൾ കഴിഞ്ഞപ്പോൾ സ്വയം വീണ്ടെടുത്ത് ആക്രോശിച്ചു . “ ഫ്ലോറന്റീനോ അരീസ , ഇവിടെനിന്നു പോകൂ . പുറത്തുപോകാൻ . നിങ്ങൾ ചാവുന്നതിനു മുൻപ് നിങ്ങളുടെ മുഖം ഇവിടെ കാണിച്ചേക്കരുത് . അതിനിനി അധികം കാലം ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല . “ ഫ്ലോറന്റീനോ അവളുടെ കോപം കണ്ട് ഗദ്ഗദകണ്ഠനായി നിന്നു .

ശവപ്പെട്ടി പള്ളിയിലെ അൾത്താരയ്ക്ക് മുൻപിലേക്ക് കൊണ്ടുവരികയാണ് . നിറയെ ആൾക്കാർ . കാർട്ടെജീന പട്ടണത്തിലെ പ്രമുഖനായ ഒരാളായിരുന്നു ഡോക്ടർ ഉർബിനോ . അമ്പതു വര്ഷം മുൻപ് പട്ടണത്തിൽ കോളറ പടർന്നുപിടിച്ചപ്പോൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

രക്ഷകനായി സേവനം ചെയ്തവൻ . പിന്നെയും ജനങ്ങൾക്ക് വേണ്ടി അക്ഷീണം ശുശ്രുഷ നൽകിയ ബഹുമാന്യൻ . അൾത്താരയ്ക്കു മുന്നിലെ ശവപ്പെട്ടിക്ക് അരികിൽ നിറകണ്ണുകളോടെ നിൽക്കുന്ന ഫെർമീനയെ ആളുകൾക്കിടയിലൂടെ ഫ്ലോറന്റീനോ വീക്ഷിച്ചു . അയാളുടെ ഹൃദയം അവൾക്ക് വേണ്ടിയുള്ള അൾത്താരയായിരുന്നു .

ചടങ്ങുകൾ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ ഫെർമീന അലമാരയിൽ നിന്ന് ഒരു കടലാസുകെട്ട് പുറത്തെടുത്തു . അമ്പതുവർഷം മുൻപുള്ള കത്തുകൾ . അവൾ കസേരയിൽ ചെന്നിരുന്ന് കത്തുകൾ ശ്രദ്ധിക്കാൻ തുടങ്ങി . പ്രണയലേഖനങ്ങൾ . അതിൽ യുവാവായ ഫ്ലോറന്റീനോയുടെ ഫോട്ടോ . പൊയ്പ്പോയ യൗവ്വനകാലത്തിലേക്ക് ഇനിയൊരു തിരിച്ചുപോക്ക് സാധ്യമല്ലെന്നു തോന്നിയതിനാൽ അവൾ ആ ഫോട്ടോ വലിച്ചുകീറി .



1880 . കാർട്ടെജീന പട്ടണം . കോളറ പടർന്നുപിടിച്ചിരിക്കുന്നു . ആളുകൾ മരിച്ചുവീഴുന്നു . പോസ്റ്റോഫീസിലെ ടെലിഗ്രാം ഓപ്പറേറ്റർ ഇരുപതുകാരൻ ഫ്ലോറന്റീനോ അരീസ ഒരുദിവസം ആ പട്ടണത്തിലേക്ക് പുതുതായി താമസയ്ക്കാൻ വന്ന കച്ചവടക്കാരൻ ലോറൻസോ ഡാസായ്ക്കുള്ള കത്തു കൊടുക്കാൻ അയാളുടെ മാളികയിൽ ചെന്നു . കത്ത് കൊടുത്ത് തിരികെ പോരുമ്പോൾ ഒരു പെൺകുട്ടിയെ കണ്ടു . ഫെർമീന ഡാസ ! ലോറൻസോയുടെ ഏകമകൾ . ആദ്യ നോട്ടത്തിൽ തന്നെ താൻ അവൾക്ക് വേണ്ടിയാണു ജനിച്ചതെന്ന് അവനു തോന്നി . ഹൃദയമുള്ള ഏതൊരു പുരുഷനും തോന്നിയേക്കാവുന്ന ദിവ്യമുഹൂർത്തം . ആദ്യാനുരാഗം ഒരുതരം ആത്മീയതയാണ് . ഫ്ലോറന്റീനോ സ്വപ്നങ്ങൾ കാണുകയാണ് . എന്നാൽ അവളുടെ കൂടെ അമ്മായി എക്സ്ലോസ്റ്റിക്ക എപ്പോഴുമുണ്ട് . പിതാവ് ലോറൻസോയ്ക്ക് കഴുതക്കച്ചവടമാണ് . കൂടുതൽ പണമുണ്ടാക്കി മകളെ ഉയർന്ന നിലയിൽ കെട്ടിച്ചയക്കുക എന്നതാണ് ആ പിതാവിന്റെ ലക്ഷ്യം .

മകൻ ഫ്ലോറന്റീനോ ആദ്യമായി പ്രണയലേഖനം എഴുതുന്നതുകണ്ട് അവന്റെ അമ്മ ട്രാൻസിറ്റോ അരീസ സന്തോഷിച്ചു . “ അവളുടെ പേരെന്താണ് ? “ . “ ഫെർമീന ഡാസാ . അമ്മേ ,

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഞാനെൻറെ ജീവിതത്തിൻറെ അർത്ഥം കണ്ടെത്തിക്കഴിഞ്ഞു . “ . “ അവൾ നിന്നെ സ്നേഹിക്കുന്നുണ്ടോ ? “ . “ അറിയില്ല . അതാണ് അവൾക്കു കത്തെഴുന്നത് . അവളുടെ കൂടെ അമ്മായി ഉണ്ട് . “ . “ എങ്കിൽ നീ അമ്മായിയെ ആദ്യം കയ്യിലെടുക്കണം . “

ക്രിസ്തുമസ് ആഘോഷത്തിന്റെ നാളുകളിൽ പള്ളിയിലേക്കുള്ള വഴിയിൽ ഫ്ലോറന്റീനോ കത്തുമായി അവളെ കാത്തുനിന്നു . ആ വഴി വന്ന ഫെർമീന അമ്മായിയോട് പറഞ്ഞു . “ അതാണ് അവൻ . ടെലിഗ്രാം പയ്യൻ . “ . അമ്മായി ശകാരിച്ചു . “ നേരെനോക്കി നടക്ക് . “ . ഫെർമീന തിരിഞ്ഞുനോക്കി . അവൻ തന്റെ കയ്യിലെ കത്ത് കാണിച്ചു .

പള്ളിയിൽ കുർബ്ബാന നടക്കുന്നു . ഒരുവരിയിൽ പിതാവ് ലോറെൻസോയ്ക്കും അമ്മായി എക്ളോസ്റ്റിക്കയ്ക്കും ഇടയിൽ നിൽക്കുന്ന ഫെർമീന അവനെ കണ്ടു . ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള വരിയിൽ അവളുടെ പിന്നിൽ നിൽക്കുന്ന അമ്മായിയുടെ അടുത്തുചെന്ന് അവൻ ചോദിച്ചു . “ ഞാനവളുടെ അടുത്തുനിന്നോട്ടെ ? “ . “ പറ്റില്ല . “ . പക്ഷേ അവൻ ഫെർമീനയുടെ അടുത്തുചെന്നുനിന്നു . “ ഞാൻ ഒരു കത്ത് തരട്ടെ ? “ . “ ഇപ്പോൾ വേണ്ട . “ . “ പിന്നെ എപ്പോൾ ? “ . “ പറയാം . “



കുറച്ചുകഴിഞ്ഞ് മദർ സുപ്പീരിയറിനെ കാണാനെന്നപോലെ ലോറൻസോയിൽ നിന്ന് അനുമതി വാങ്ങിക്കൊണ്ട് ഫെർമീന വാതിൽക്കലേക്കു നീങ്ങി . ഫ്ലോറന്റീനോ അവൾക്ക് കത്ത് കൈമാറി . അവൻ പറഞ്ഞു . “ എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ നിമിഷം ! “

കോളറ എങ്ങും പടർന്നുപിടിച്ചിരിക്കുന്നു . അവശരായി പലരും വഴിയിൽ കിടക്കുന്നു . ചിലരെ നീക്കം ചെയ്യുന്നു . പട്ടണവാസികൾക്കിടിയിൽ പരിഭ്രാന്തി . ഫ്ലോറന്റീനോ വഴിയിൽ വെച്ച് ഛർദ്ദിച്ചു . അമ്മ ട്രാൻസിറ്റ സംശയിച്ചു . “ ഇത് കോളറയാണ് . “ പനിപിടിച്ച് വിറയ്ക്കുന്നതിനിടയിൽ അവൻ പറഞ്ഞു . “ ഞാനവൾക്ക് കത്തു കൊടുത്തു . മറുപടിക്കായി കാത്തിരിക്കണം . “ . അമ്മ ട്രാൻസിറ്റോ ആശ്വസിപ്പിച്ചു . “ കാത്തിരിപ്പിന്റെ വേദന അനുഭവിക്കണം . അത് യൗവ്വനകാലത്താണ് ആസ്വദിക്കാൻ കഴിയുക . കാരണം ഇതൊന്നും ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്നതല്ല “.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

അവൻ വിതുമ്പി . " അവൾ പെട്ടെന്നൊരു മറുപടി തന്നെങ്കിൽ ..." .

ഫ്ലോറന്റീനോയുടെ മനസ്സിൽ പ്രണയം ഒരു ഭ്രമമായി മാറുകയാണ് . ജോലിയിൽ ശ്രദ്ധ പോകുന്നു . ടെലിഗ്രാം ഓഫീസർ അവനോട് ചോദിച്ചു . " നിന്റെ മനസ്സ് അവളിൽ നിന്ന് മാറ്റണം . എന്റെ കൂടെ വേശ്യാലയത്തിൽ വരൂ . " . ഓഫീസർ പോയപ്പോൾ അവിടെയെത്തിയ സ്ത്രീയെ അവൻ ശ്രദ്ധിച്ചു . ഫെർമീനയുടെ അമ്മായി ! എക്ളോസ്റ്റിക്ക മറ്റൊരു പട്ടണത്തിലേക്ക് തപാൽ അയക്കാനുള്ള കൂലി അന്വേഷിക്കുന്നു . ആ സ്ഥലത്തേക്ക് തപാൽ ഇല്ലെന്നു അറിയുന്ന അമ്മായി തിരികെ പോകുന്നു . പക്ഷേ അമ്മായി ചെറിയൊരു ബുക്ക് മറന്നുവെച്ചു . അതിനിടയിൽ ഒരു കത്ത് . ഫെർമീനയുടെ മറുപടി ! " പ്രിയപ്പെട്ട ഫ്ലോറന്റീനോ , എനിക്ക് വിഷമമുണ്ട് . ഞാൻ കാരണം മറുപടിക്കായി നിന്നെ കാത്തിരുത്തി . ക്ഷമ ചോദിക്കുന്നു . ദയവായി എത്രയും വേഗം മറുപടി തരിക . "

മറുപടി രഹസ്യമായി ഫെർമീനയുടെ കയ്യിലെത്തി . " കിരീടം വെച്ച ദേവതേ , ഞാനിതിൽ ഒരു വിലയുമില്ലാത്ത സമ്മാനം വെയ്ക്കുന്നു ..." . അങ്ങനെ ഇരുവരും പ്രണയലേഖനങ്ങൾ കൈമാറി . സ്നേഹവികാരങ്ങൾ പങ്കിട്ടു. ഇനി



ഒരിക്കലും വേർപിരിയാനാവില്ല . ഒരു രാത്രി അവൻ രഹസ്യമായി അവളുടെ വീട്ടിലെത്തി വിവാഹാഭ്യർത്ഥന നടത്തി . അവൾ സമ്മതിച്ചു .

പെട്ടന്നാണ് എല്ലാം സംഭവിച്ചത് . പ്രണയലേഖനം കണ്ടുപിടിച്ച ലോറൻസോ അവളെ ചോദ്യം ചെയ്തു . അമ്മായിയെ കുറ്റപ്പെടുത്തി . അയാൾ മകളോട് പറഞ്ഞു . " ഞാനൊരു സാധാരണക്കാരനാണ് . നിൻറെ അമ്മ മരിച്ചത് മുതൽ ഞാൻ ജീവിക്കുന്നത് നിനക്ക് വേണ്ടിയാണ് . വെറുമൊരു ടെലിഗ്രാമുകാരൻ നിനക്ക് യോജിച്ചതല്ല . ഈ പ്രായത്തിൽ പ്രേമം ഒരു ഭ്രമം മാത്രമാണ് . "

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ലോറൻസോ പോസ്റ്റോഫീസിൽ ചെന്ന് ഫ്ലോറന്റീനോയെ കണ്ടു . അവർ ഒരു റെസ്റ്റോറന്റിൽ ഇരുന്നു സംസാരിച്ചു . ലോറൻസോ വ്യക്തമാക്കി . " എന്റെ ലക്ഷ്യം മകളെ മാന്യയായ ഒരു സ്ത്രീയായി ഉയരത്തിക്കൊണ്ടുവരിക എന്നതാണ് . ഒരു കഴുതക്കച്ചവടക്കാരന് അത് ഏറെ ബുദ്ധിമുട്ടാണ് . ഞാനീ പട്ടണത്തിൽ വന്നത് അവളെ ഉയർന്ന നിലയിൽ കെട്ടിച്ചയക്കാനാണ് . നീയാണ് തടസ്സം . ഞങ്ങളുടെ വഴിയിൽ നിന്ന് മാറിപ്പോകണം . വെടിവയ്ക്കാൻ എന്നെ പ്രേരിപ്പിക്കരുത് . " . ഫ്ലോറന്റീനോ നെഞ്ചുകാട്ടി പറഞ്ഞു . " ദാ - ഇവിടെ വെടിവെച്ചോളൂ . പ്രണയത്തിനു വേണ്ടി മരിക്കുന്നതിനേക്കാൾ മഹത്വം വേറൊന്നിനുമില്ല ".



ലോറൻസോ ഉറച്ച തീരുമാനത്തോടുകൂടിയാണ് വീട്ടിലെത്തിയത് . അയാൾ മകൾ ഫെർമീനയെയും ഭാര്യാകുടുംബത്തെയും ജോലിക്കാരെയും കൂട്ടി പുറപ്പെടാൻ തയ്യാറായി കഴിഞ്ഞു . ദൂരെ മറ്റൊരു രാജ്യത്തേക്ക് . പായുന്ന കുതിരവണ്ടിയിൽ ഫ്ലോറന്റീനോ കയറാൻ ശ്രമിക്കുന്നുവെങ്കിലും ലോറൻസോ അയാളെ ചവുട്ടിവീഴ്ത്തി .

ലോറൻസോയും കുടുംബവും കുതിരപ്പുറത്ത് പുഴയും മലകളും താണ്ടി ഭാര്യാമാതാവിന്റെ നാട്ടിലെത്തുന്നു . എന്നാൽ അകലം തടസ്സമാകാതെ രഹസ്യമായി ഫെർമീനയും ഫ്ലോറന്റീനോയും ടെലിഗ്രാമിലൂടെ കത്തിടപാടുകൾ നടത്തിപ്പോന്നു . പ്രണയത്തിന് അകലവും കാലവും തടസ്സമല്ല .

കുറേനാൾ കഴിഞ്ഞ് ലോറൻസോയും ഫെർമീനയും കുടുംബവും തിരികെ കാർട്ടെജീനയിൽ മടങ്ങിയെത്തി . അപ്പോഴേക്കും ഫെർമീനയ്ക്ക് തന്റെ പ്രണയവികാരങ്ങൾ അർത്ഥമില്ലാത്ത സ്വപ്നം പോലൊന്നാണെന്ന് തോന്നി . അഭിലാഷത്തെ തേടിപ്പോകുന്ന ഭ്രമവീഥി ചെന്നുമുട്ടുന്നത് പ്രായോഗിക ജീവിത യാഥാർത്ഥ്യത്തിലല്ല . ഫ്ലോറന്റീനോയുമായുള്ള ബന്ധം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഭാവനാപരമായ ഒരു ഭ്രമം മാത്രമാണെന്ന് അവൾക്ക് ബോധ്യപ്പെടുന്നു . അങ്ങനെ ഫ്ലോറന്റീനോയുമായുള്ള വിവാഹസ്വപ്നത്തിൽ നിന്ന് അവൾ പിന്മാറി . കത്തുകൾ അവൾ ഫ്ലോറന്റീനോയ്ക്ക് തിരിച്ചുകൊടുക്കുകായും ചെയ്തു .

പട്ടണത്തിൽ കോളറ കൂടുതലായി പടരുകയാണ് . ത്യാഗപൂർണ്ണമായ ശുശ്രൂഷ നൽകി സേവനം ചെയ്യുന്ന ഡോക്ടറാണ് ജുവനൈൽ ഉർബിനോ . കോളറ നിർമ്മാർജ്ജന പ്രവർത്തനത്തിൽ പ്രശസ്തനാണ് ഉർബിനോ . ശാസ്ത്രത്തിന്റെയും പുരോഗതിയുടെയും പുതിയ ലോകത്തിന്റെയും പ്രതിനിധിയായി മാറിയ ഡോ . ഉർബിനോ പട്ടണത്തിൽ ആദരണീയനും ധനികനുമാണ് . കോളറ ചികിത്സയ്ക്കായി ഡോ . ഉർബിനോ ഫെർമീനയുടെ വീട്ടിലുമെത്തുന്നു . അയാൾ അവളെ പരിശോധിക്കുന്നു . ഡോക്ടർക്ക് ഫെർമീനയെ ഇഷ്ടമായി . ലോറൻസോയുടെ ലക്ഷ്യം പോലെ മകൾക്ക് ഉന്നതനിലയിലുള്ള വിവാഹാലോചന വന്നിരിക്കുന്നു . ഡോക്ടർ ഉർബിനോയെ ഭർത്താവായി സ്വീകരിക്കാൻ ഫെർമീന സമ്മതിച്ചു . അങ്ങനെ സമ്പന്നനും ഉന്നതസ്ഥാനീയനുമായ ഡോക്ടർ ഉർബിനോയും ഫെർമീന ഡാസയും തമ്മിലുള്ള വിവാഹം നടന്നു .



ഫെർമീനയുടെ വിവാഹം കഴിഞ്ഞപ്പോൾ ഫ്ലോറന്റീനോയുടെ മനസ്സ് തകർന്നു . അയാൾ മദ്യപാനത്തിൽ മുഴുകി . അവൾക്ക് വേണ്ടി മാത്രമാണ് തന്റെ മനസ്സെന്ന് അയാൾ ഉറപ്പിച്ചു . മറ്റൊരു സ്ത്രീയെ പ്രണയിക്കുവാൻ തനിക്കാവില്ല . അയാൾ ഏകാന്ത ജീവിതം ഇഷ്ടപ്പെട്ടു . ഒരിക്കൽ മകന്റെ മനോവേദന കണ്ട് അവന്റെ അമ്മ ട്രാൻസിറ്റോ പരിചയക്കാരിയായ ഒരു വിധവയെ അവന്റെ മുറിയിലാക്കി . അങ്ങനെ ഫ്ലോറന്റീനോ പുതിയൊരു ജീവിതം ആരംഭിച്ചു . സ്ത്രീബന്ധം അയാൾക്ക് മനോവേദന മാറ്റാനുള്ള മരുന്നായിരുന്നു . അയാളുടെ ജീവിതത്തിൽ നിരവധി സ്ത്രീബന്ധങ്ങൾ . പ്രണയവേദനയിൽ നിന്ന് മോചനം . പക്ഷേ ഹൃദയത്തിൽ ഫെർമീന മാത്രം . അകന്നുനിൽക്കുന്ന ഒരു സ്വപ്നം . തന്റെ താൽക്കാലിക ശാരീരിക ബന്ധങ്ങൾ ഒരിക്കലും ഫെർമീന അറിയില്ലെന്നും അറിയാൻ പാടില്ലെന്നും അയാൾ നിശ്ചയിച്ചു . പ്രണയം ഒരുതരം ആത്മീയതയാണ് , വിശുദ്ധിയാണ് , പ്രത്യാശയാണ് .അങ്ങനെ കാലം കടന്നുപോയി .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഫെർമീന - ഉർബിനോ ദമ്പതികൾക്ക് ഏതാണ്ട് എഴുപത് വയസ്സ് . ആണും പെണ്ണുമായി ഉണ്ടായി മക്കൾ വിവാഹിതരായിരിക്കുന്നു . സമൂഹത്തിൽ സമ്പന്നമായ , അഭിമാനകരമായ ലൗകികജീവിതം . പക്ഷെ അവർക്കിടയിൽ മാനസികമായി ഒരു വിടവുണ്ട് . അവർ തമ്മിലുള്ള ബന്ധം ഭൗതികമായ ഒരു വ്യവസ്ഥയുടേതാണ് . കുടുംബം എന്ന സ്ഥാപനത്തിന്റേതാണ് . ഒരിക്കൽ ഡോക്ടർ ഉർബിനോയുടെ മറ്റൊരു സ്ത്രീബന്ധം ഫെർമീനയ്ക്ക് ബോധ്യപ്പെട്ടു . ഉർബിനോ വിശ്വസ്തനായ ഒരു ഭർത്താവല്ല . സ്നേഹം ബാഹ്യമാണ് . ഫെർമീനയുടെ മനസ്സ് ഏകാന്തതയുടെ നിഴൽവീണതായിരുന്നു .

സിനിമയിൽ ആദ്യം കാണുന്ന രംഗം വീണ്ടും നാം കാണുന്നു . പൂന്തോപ്പിൽ സംഗീതം കേട്ട് വിശ്രമിച്ചുകൊണ്ടിരുന്ന വൃദ്ധനായ ഡോക്ടർ ഉർബിനോ തന്റെ വളർത്തു തത്തയെ പിടിക്കാൻ മരക്കൊമ്പിൽ ഏണിയിൽ കയറി . ഏണി മറിഞ്ഞ് ഉർബിനോ നിലത്ത് തലയടിച്ചു വീണു മരിക്കുന്നു .

പ്രണയസ്മരണയുടെ കനലുമായി അമ്പതുവർഷം പിന്നിട്ട ഫ്ലോറന്റീനോ ഇതിനകം അമ്മാവന്റെ കച്ചവടത്തിൽ പങ്കാളിയായി സേവനംചെയ്ത്



ഒളിമ്പിയ സുലേറ്റ

സമ്പന്നനായികഴിഞ്ഞിരുന്നു . മാന്ത്രിക യാഥാർഥ്യത്തിന്റെ പകിട്ടോടെ പറയാം , അറുന്നൂറിലേറെ സ്ത്രീകൾ അയാളുടെ ജീവിതത്തെ കുളിരരുവിയിൽ കുളിപ്പിച്ചു . അങ്ങനെ ഒരു ദിവസം ഊഞ്ഞാൽ കട്ടിലിൽ വിദ്യാർത്ഥിനി അമേരിക്ക വികുനിയുമായി രമിക്കുമ്പോഴാണ് എഴുപത് വയസ്സ് പിന്നിട്ട ഫ്ലോറന്റീനോ ഭദ്രാസന പള്ളിയിൽ മണി മുഴങ്ങുന്നത് കേട്ടത് .

ഡോക്ടർ ഉർബിനോയുടെ ശവസംസ്കാര ചടങ്ങുകൾ കഴിഞ്ഞു . വിധവയും വൃദ്ധയുമായ ഫെർമീന വീട്ടിൽ ഏകാന്തതയിലാണ് . ആ ഏകാന്തതയിലേക്ക് ഫ്ലോറന്റീനോ വീണ്ടും കടന്നുചെല്ലുന്നു . ഫെർമീനയോടുള്ള തന്റെ അനശ്വര സ്നേഹം ഒരിക്കൽ കൂടി പ്രഖ്യാപിക്കുന്നു . അവളോടുള്ള സ്നേഹത്തിനു അമ്പത്തിയൊന്നു വർഷവും ഒൻപത് മാസവും നാല് ദിവസവുമായി . ആദ്യം ഫെർമീന അയാളോട് കോപിച്ചുവെങ്കിലും മെല്ലെ അയാളുടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ആദ്യാനുരാഗത്തിന്റെ ആത്മാർത്ഥത തിരിച്ചറിയുന്നു . വാർദ്ധക്യത്തിൽ അവർ ഒന്നുചേരുന്നു . പരസ്പ്പരം ഒരു ആശ്വാസം . സന്തോഷം . ഇനിയുള്ള ജീവിതം പ്രണയവസന്തത്തിന്റേതാണ് .

അവർ ഒരുമിച്ച് നദിയിലൂടെ ഒരു കപ്പലിൽ മധുവിധുയാത്ര നടത്തുകയാണ് ...കിരീടം വെച്ച ദേവതേ , ഞാൻ നിന്നെ പ്രണയിക്കുന്നു . നമ്മളിങ്ങനെ എന്നും കഴിയാൻ പോകുകയാണ് . ജനിച്ച മുഹൂർത്തം മുതൽ വെറുതെ ഒന്നും പറഞ്ഞിട്ടില്ല . എന്നെന്നേയ്ക്കും ഇനി ഒരുമിച്ചുകഴിയും . ഹൃദയം നിറയുന്നു . ആഹ്ളാദം പൂവണിയുന്നു . ജീവിതത്തിനാണ് , അല്ലാതെ മരണത്തിനല്ല അതിരുകൾ ഇല്ലാത്തത് ...



**വെരി ഓൽഡ് മാൻ വിത്ത് എനോർമസ് വിങ്സ് / 86 മിനിട്ട് / കൊളംബിയ / 1988 / സംവിധാനം : ഫെർണാണ്ടോ ബിറി**

' വലിയ ചിറകുള്ള ഒരു വൃദ്ധൻ ' എന്ന കഥ ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് 1968 - ൽ സ്പാനിഷ് ഭാഷയിൽ എഴുതിയതാണ് . ' ലീഫ് സ്റ്റോം ആൻഡ് അദർ സ്റ്റോറീസ് ' എന്ന സമാഹാരത്തിൽ 1972 -ൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരിച്ചതുമാണ് . ഒരു അത്ഭുത കഥാപാത്രത്തിന്റെ ആഗമനത്തെ തുടർന്ന് ഒരു കുടുംബത്തിലും നാട്ടിലും നടക്കുന്ന സംഭവങ്ങൾ ഒരു സമൂഹത്തിൽ നിലനിൽക്കുന്ന പ്രഹസനങ്ങളെ ഹാസ്യാത്മകമായി ചിത്രീകരിക്കുന്നു .

മൂന്നു ദിവസം നീണ്ടുനിന്ന കൊടുങ്കാറ്റും മഴയും ശമിച്ച രാത്രിയിൽ കടൽത്തീരത്ത് താമസിക്കുന്ന പെലായോയുടെയും എലിസന്റായുടെയും വീട്ടിൽ ഞണ്ടുകൾ അടിഞ്ഞുകേറി . ശ്വാസം മുട്ടിക്കുന്ന ദുർഗന്ധം അവരുടെ കുഞ്ഞിനെ രോഗിയാക്കുമോ എന്ന് അവർക്ക് അങ്കലാപ്പുണ്ട് . ഞണ്ടുകളെ പെറുക്കി കടലിലേക്ക് എറിഞ്ഞുകളഞ്ഞ് തിരികെ വരുമ്പോൾ തീരത്ത് അവശനായി ചെളിയിൽ പൂഴ്ന്നു കിടക്കുന്ന വലിയ ചിറകുള്ള ഒരു വൃദ്ധനെ പെലായോ കാണുന്നു .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പെലായോ തന്റെ ഭാര്യയെ കൂട്ടിക്കൊണ്ടുവന്നു . അഴുക്കുപുരണ്ട വൃദ്ധനെ അത്ഭുതത്തോടെ നോക്കിനിന്ന അവർ വലിയ ചിറകുകൾ കണ്ട് അന്ധാളിച്ചു . ഇതെന്തൊരുത്തരം മനുഷ്യൻ ? മനുഷ്യൻ തന്നെയോ ? അവർ വൃദ്ധനോട് ആരാഞ്ഞു . പക്ഷേ അജ്ഞാത ഭാഷയിലാണ് വൃദ്ധൻ സംസാരിച്ചത് . അയാൾ ഏതോ കപ്പൽഛേദത്തിൽ ഒഴുകിയെത്തിയതാവാം എന്നവർ അനുമാനിക്കുന്നു . അയൽക്കാർ ആശ്ചര്യത്തോടെ പറഞ്ഞത് ആ ചിറകുള്ള മനുഷ്യൻ ഒരു മാലാഖയാണെന്നാണ് ! ഒരു മാലാഖ എത്തിച്ചേർന്നതായി പട്ടണവാസികൾ വിശ്വസിച്ചു .

അടുത്തദിവസം പെലായോയും എലിസന്റായും ചേർന്ന് വൃദ്ധനെ ഒരു കോഴിക്കൂട്ടിലാക്കി . മഴ മാറിയതോടെ അവരുടെ കുഞ്ഞ് സുഖം പ്രാപിച്ചു . ഭക്ഷണവും വെള്ളവും കൊടുത്ത് വൃദ്ധനെ കടലിലേക്ക് തള്ളിവിടാൻ അവർ നിശ്ചയിച്ചു . എന്നാൽ കോഴിക്കൂടിനു സമീപം കൂടിയ ആൾക്കൂട്ടം കണ്ടപ്പോൾ അവർ തീരുമാനം മാറ്റി . മാലാഖയെ കാണാനെത്തിയവർ ചിറകുള്ള മനുഷ്യനെ ഉപദ്രവിക്കാൻ തുടങ്ങി . അത്ഭുത വാർത്ത കേട്ട് വിവിധ സ്ഥലങ്ങളിൽ നിന്ന് സന്ദർശകർ അവിടേയ്ക്ക് ഒഴുകി .




പെലായോയും എലിസന്റായും വീട്ടുപരിസരത്തിനു ചുറ്റും വേലികെട്ടി മറച്ചു . മാലാഖയെ കാണണമെങ്കിൽ കൂലിയും ഏർപ്പെടുത്തി . കാണികളിൽ ചിലർ ചൂടാക്കിയ ഇരുമ്പ് ദണ്ഡുകൊണ്ട് വൃദ്ധനെ കുത്തി . അതുവരെ ശാന്തനായിരുന്ന വൃദ്ധൻ കോപിക്കുകയും ചിറകുകൾ വീശുകയും ഏതോ ഭാഷയിൽ അലറുകയും ചെയ്തു . മാലാഖയെ കാണാൻ ഭക്തിപൂർവ്വം ആൾക്കാരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു . പെലായോയുടെ വരുമാനം വർധിച്ചു . പെലായോയും എലിസന്റായും പഴയ വീട് പുതുക്കിപ്പണിത് മാളികയാക്കി .



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പുരോഹിതനായ ഗോൺസാഗോ വീട്ടിലെത്തി . ചിറകുള്ള മനുഷ്യനെ കുറിച്ച് ആളുകൾ പലതും വ്യാഖ്യാനിച്ചു . " ഇയാൾ ലോകത്തിൻറെ നേതാവാണ് ". " എല്ലാ യുദ്ധങ്ങളിലും വിജയിക്കുന്ന സൈന്യാധിപനാണ് ". ഫാദർ ഗോൺസാഗ ലാറ്റിൻ ഭാഷയിൽ വൃദ്ധനോട് സംസാരിച്ചു . പക്ഷെ വൃദ്ധന് ലാറ്റിൻ ഭാഷ അറിയില്ല . അതുകൊണ്ടു ഇയാൾ മാലാഖയല്ലെന്നു ഫാദർ വെളിപ്പെടുത്തി . എന്നാൽ ആൾക്കൂട്ടം അത് വിശ്വസിച്ചില്ല .

യഥാർത്ഥ ജീവിത സംഭവങ്ങളിൽ അതിശയോക്തി കലർത്തി കഥയെ അവതരിപ്പിക്കുകയും അതിലൂടെ രചയിതാവ് സമൂഹത്തിൻറെ വൈവിധ്യമാർന്ന യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു . മാജിക്കൽ റിയലിസം വായനക്കാരെ ഹരം കൊള്ളിക്കുകയും സങ്കൽപ്പങ്ങളെ പൊലിപ്പിക്കുകയും ചെയ്യുന്നു . ആ പട്ടണം സാധാരണ രീതിയിലുള്ള ഒരു പട്ടണമല്ലാതായിത്തീരുന്നു . വൃദ്ധൻ യഥാർത്ഥത്തിൽ ചിറകുള്ള മനുഷ്യൻ അല്ലെങ്കിലും അയാളെ ഒരു മാലാഖയായി വിശ്വസിക്കാനാണ് സാധാരണ ജനത്തിന് താൽപ്പര്യം .



ആ പട്ടണത്തിലേക്ക് ഒരു കാർണിവൽ സംഘം എത്തിച്ചേരുന്നു . അതിലെ അത്ഭുത കാഴ്ച ചിലന്തിയായി മാറിയ യുവതിയാണ് . പട്ടണവാസികൾക്ക് അതോടെ ചിലന്തിപ്പെണ്ണിനെ കാണുക എന്നതായി ഹരം .

പെലായോയുടെ കുഞ്ഞ് വളർന്നു . എന്നാൽ ആ ബാലനെ കോഴിക്കൂടിന് അരികിലേക്ക് പോകാൻ അനുവദിച്ചിരുന്നില്ല .എങ്കിലും കുട്ടിക്ക് ചിറക് അഴിച്ചുവെച്ച വൃദ്ധനെ ഇഷ്ടമായിരുന്നു . വൃദ്ധനും കുട്ടിക്കും ഒരേസമയം പൊങ്ങൻപനി പിടിപെട്ടു . ഒരുനാൾ കോഴിക്കൂട് തകർന്നു . ചിറകുള്ള വൃദ്ധൻ വീട്ടിലേക്ക് കയറിക്കൂടാൻ തുടങ്ങിയപ്പോൾ അവർ വൃദ്ധനെ ഒരു ഷെഡ്ഡിലേക്ക് മാറ്റിപ്പാർപ്പിച്ചു . അവിടെ വൃദ്ധൻ ശീതകാലത്തെ അതിജീവിക്കുകയും ചെയ്തു . വൃദ്ധൻ കൂടുതൽ ആരോഗ്യവാനായി .

ഒരുദിവസം എലിസാന്റാ ഉച്ചഭക്ഷണം തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ ചിറകുള്ള വൃദ്ധൻ പറക്കാൻ ശ്രമിക്കുന്നത് ജനാലയിലൂടെ കണ്ടു . അയാൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു . ഒടുവിൽ ചിറകുള്ള വൃദ്ധൻ പറന്നുപൊങ്ങി സമുദ്രത്തിനു മേലെ ആകാശസീമയിൽ മറയുന്നത് കണ്ട് പെലായോയും എലിസാന്റായും ആശ്വസിച്ചു .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

അന്ധവിശ്വാസവും പരിമിതമായ അറിവും മൂലം ജനങ്ങൾക്ക് അമാനുഷിക വൈചിത്ര്യങ്ങളോടാണ് പൊതുവെ താൽപ്പര്യം . ചിറകുള്ള വൃദ്ധൻ , ചിലന്തിപ്പെണ്ണ് , ഞണ്ടുകൾ , അജ്ഞാത ഭാഷ - ഇങ്ങനെ പല ഘടകങ്ങൾ കൂട്ടിച്ചേർത്ത് മാന്ത്രികതയെ റിയലിസത്തിൽ ലയിപ്പിച്ച് കാണിയുടെ സാമ്പ്രദായിക കല്പനകളെ മാറ്റിമറിക്കുന്നു - വലിയ ചിറകുള്ള ഒരു വൃദ്ധൻ .

**നോ വൺ റൈറ്റ്സ് ടു കേണൽ** / 113 **മിനിട്ട്** / **മെക്സിക്കോ - ഫ്രാൻസ് - സ്പെയിൻ** / 1999 / **സംവിധാനം : ആർതുറോ റിപ്സ്റ്റെയിൻ**

രാജ്യത്തിന് വേണ്ടി ആയിരം ദിവസത്തെ യുദ്ധത്തിൽ ( 1899 -1902 ) പങ്കെടുത്ത വിമുക്തഭടനാണ് എഴുപത്തിയഞ്ചുകാരനായ കേണൽ . അയാൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട പെൻഷന് വേണ്ടിയുള്ള കാത്തിരിപ്പ് തുടങ്ങിയിട്ട് വർഷങ്ങളായി . ആയിരം ദിവസത്തെ യുദ്ധം ലിബറൽ - കൺസർവേറ്റിവ് പാർട്ടികൾ തമ്മിലുള്ള ആഭ്യന്തര യുദ്ധമായിരുന്നു . കൊളംബിയയുടെ വടക്ക് - പടിഞ്ഞാറൻ തീരത്തുള്ള സാങ്കൽപ്പിക പട്ടണത്തിലാണ് കേണൽ തന്റെ ഭാര്യയോടൊപ്പം കഴിയുന്നത് .അവിടെ ഭൂരിഭാഗം ജനങ്ങളും കടുത്ത ദാരിദ്ര്യത്തിലാണ് . പട്ടാളഭരണം നിലനിൽക്കുന്നു .

കേണലും ഭാര്യയും അധികാരികളും പഴയ തലമുറയെയും കൊല്ലപ്പെട്ട ഏകമകൻ അഗസ്റ്റിനും സുഹൃത്തുക്കളും പുതിയ തലമുറയെയും പ്രതിനിധീകരിക്കുന്നു . 1950 -കളിലെ സ്വേച്ഛാധിപത്യത്തിനു എതിരെയും ഉദ്യോഗസ്ഥ അഴിമതിക്കെതിരെയും പ്രധിഷേധിക്കുന്നവരാണ് പുതിയ തലമുറ . പ്രത്യാശയും നിരാശയും കേണലിനുണ്ട് . യാഥാർഥ്യം ഒരു പേടിസ്വപ്നമാകുമ്പോൾ കേണലിൻറെ പോരുകോഴി പ്രത്യാശയുടെ പ്രതീകമായി മാറുന്നു . കേണലിനെ സംബന്ധിച്ചിടത്തോളം പോലീസ് കൊലപ്പെടുത്തിയ ഏകമകൻ അഗസ്റ്റിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് അവന്റെ പോരുകോഴി !

കേണലും ഡോക്ടറും പട്ടണവാസികളും ആ പോരുകോഴിയെ അജയ്യശക്തിയായി കാണുന്നു . അത് പട്ടാളനിയമത്തിനും പോലീസിനും ഉദ്യോഗസ്ഥവൃന്ദത്തിനും മുന്നിൽ ചെറുത്തുനിൽക്കാനുള്ള ആത്മവിശ്വാസം കൂടിയാണ് .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് 1956 -57 കാലഘട്ടത്തിൽ രചിച്ചതാണ് ' കേണലിന് ആരും എഴുതുന്നില്ല ' എന്ന നോവലെറ്റ് . ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത് 1961 - ൽ .

സിനിമയിൽ പ്രഭാതത്തിലുണരുന്ന കേണൽ പതിവ് പോലെ എന്തോ പ്രതീക്ഷിക്കുന്നു . വൃദ്ധയായ ഭാര്യ ആസ്തമ രോഗിയാണ് . പള്ളിമണി മുഴങ്ങുമ്പോൾ അവർ ആ പട്ടണത്തിലെ സംഗീതജ്ഞൻറെ മരണത്തെ കുറിച്ചും ശവസംസ്കാരത്തെ കുറിച്ച് സംസാരിക്കുന്നു . സാധാരണമായ മരണം അവിടെ ആദ്യമായിട്ടാണ് . അതിനർത്ഥം അസ്വാഭാവിക മരണങ്ങളാണ് അവിടെ നടന്നുപോരുന്നതെന്ന സൂചന ലഭിക്കുന്നു .



കേണൽ വസ്ത്രം ധരിക്കുമ്പോൾ വേലിക്കിടയിലെ ദ്വാരത്തിലൂടെ കുട്ടികൾ പോരുകോഴിയെ വീക്ഷിക്കുന്നു . കൊല്ലപ്പെട്ട മകൻ അഗസ്റ്റിന്റെ ആത്മാവ് സംഗീതജ്ഞന്റെ ആത്മാവുമായും പോരുകോഴിയുമായും സംസാരിക്കുന്നതു പോലെ കേണലിനും ഭാര്യയ്ക്കും തോന്നുന്നു . പോരുകോഴി സമൂഹത്തിന്റെ പോരാട്ടവീര്യത്തെ ഓർമ്മിപ്പിക്കുന്നു . പട്ടാള ബാരക്കിന് മുന്നിലൂടെ പോകാൻ അനുവാദമില്ലാത്തതിനാൽ പട്ടണവാസികളുടെ പ്രിയങ്കരനായ സംഗീതജ്ഞന്റെ ശവസംസ്കാരയാത്ര വഴിമാറി പോകുന്നു . ജനാധിപത്യത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പട്ടാളനിയമത്തിന് കീഴിലുള്ള ജനതയുടെ സ്വാതന്ത്ര്യം എപ്പോഴും പ്രതിസന്ധിയിലാണ് . പതിനഞ്ചു വർഷമായി ദരിദ്രനും നിരാലംബനുമായ കേണലിന് പെൻഷൻ കിട്ടുന്നില്ല . തപാൽ എത്തുന്ന വെള്ളിയാഴ്ചകൾ പ്രതീക്ഷയുടേതാണ് . ബോട്ടിലെത്തുന്ന പോസ്റ്റ്മാനെ വരവേൽക്കാൻ കേണൽ എല്ലാ വെള്ളിയാഴ്ചയും തുറമുഖത്തെത്തും . പോസ്റ്റുമാൻ പതിവ് പോലെ നിസ്സഹായതയോടെ അറിയിക്കും . " കേണലിനു ആരും എഴുതുന്നില്ല ".

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ലോകം അഴിമതി നിറഞ്ഞതാണെന്ന് ബോധ്യപ്പെടുന്ന ഭാര്യയുടെ രോഗാവസ്ഥ അനുദിനം മൂർച്ഛിക്കുന്നത് കേണലിനെ നിരാശപ്പെടുത്തുന്നുണ്ട് . എന്നാൽ പുതുതലമുറക്കാരനായ ഡോക്ടർ അവരെ ചികിത്സിക്കുന്നതിനു പ്രതിഫലം വാങ്ങിക്കുന്നില്ല . എപ്പോഴെങ്കിലും പോരുകോഴി വിജയിച്ച് പന്തയപ്പണം കിട്ടുമ്പോൾ പ്രതിഫലം വാങ്ങിക്കോളാം എന്നാണ് യുവാവായ ഡോക്ടർ അവരെ ആശ്വസിപ്പിക്കുന്നത് . അയാൾ ചില രഹസ്യവിവരങ്ങൾ വൃദ്ധനായ കേണലിന് കൈമാറുന്നുമുണ്ട് .

പോരുകോഴി കേണലിനും ഭാര്യയ്ക്കും കുട്ടികൾക്കും പട്ടണവാസികൾക്കും വിജയപ്രതീക്ഷയും ക്ഷേമം കൊണ്ടുവരുന്ന ഭാഗ്യചിഹ്നവുമാണ് . ആയതിനാൽ കേണലും ഭാര്യയും വാത്സല്യത്തോടെയാണ് തങ്ങൾക്കുള്ളത് നോക്കാതെ പോരുകോഴിക്ക് ഭക്ഷണം കൊടുക്കുന്നത് . പക്ഷെ ദിവസങ്ങൾ കഴിയുന്തോറും ദാരിദ്ര്യം വർധിക്കുന്നു . ധാന്യമില്ലാത്ത അവസ്ഥ . പോരുകോഴിക്ക് ഭക്ഷണം കൊടുക്കാനാവാതെ വരുമ്പോൾ അതിനെ വിൽക്കാനാണ് ഭാര്യ ഉപദേശിക്കുന്നത് . കോഴികൾ ശപിക്കപ്പെട്ടതാണെന്നും മകൻ അഗസ്റ്റിന്റെ മരണത്തിനു കാരണം അവൻ വളർത്തിയ



പോരുകോഴിയാണെന്നും ഭാര്യ അഭിപ്രായപ്പെടുന്നു . ഒരു കോഴിപ്പോരിന് ശേഷം കോഴിയെ നല്ല വിലയ്ക്ക് വിൽക്കണമെന്ന് ഭാര്യ ഉപദേശിക്കുന്നു .

ഭാര്യയുടെ ആസ്തമ രോഗവും പട്ടിണിയും കണ്ട് നിസ്സഹായനും നിരാശിതനുമാകുന്ന കേണൽ മകന്റെ തയ്യൽ മെഷീൻ വാങ്ങിയ അൽവാരോയ്ക്ക് കോഴിയെ വിൽക്കാൻ ഒരുങ്ങുന്നു . പക്ഷെ അഭിമാനമോർത്ത് അതിൽ നിന്നും പിൻവാങ്ങി . എങ്കിലും മരിച്ചുപോയ അഗസ്റ്റിന്റെ സുഹൃത്തുക്കൾ കോഴിക്ക് ഭക്ഷണം കൊടുക്കാൻ കേണലിനെ സഹായിക്കുന്നു .



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മറ്റൊരു വെള്ളിയാഴ്ച്ച പതിവ് പോലെ കേണൽ തുറമുഖത്തു നിന്ന് പ്രതീക്ഷിച്ച തപാൽ കിട്ടാതെ മടങ്ങുമ്പോൾ ഭാര്യ പള്ളിയിലെ വികാരിയച്ചൻ ഏഞ്ചലിനെ സമീപിച്ച് കടം ചോദിക്കുന്നു . പക്ഷെ അതും കിട്ടുന്നില്ല . ഫാദർ ഏഞ്ചൽ പട്ടണത്തിൽ പ്രദർശിപ്പിക്കുന്ന സിനിമകൾ പരിശോധിക്കുകയും ഹിതകരമല്ലാത്തവ വെട്ടിമാറ്റാൻ നിർദേശിക്കുന്ന അധികാരി കൂടിയാണ് . തുടർന്ന് കേണലും ഭാര്യയും തങ്ങളുടെ പഴയ ക്‌ളോക്ക് വിൽക്കാൻ ശ്രമിക്കുന്നു . അതും പരാജയപ്പെടുമ്പോൾ അവർ ഒരു പെയിന്റിംഗ് വിൽക്കാനും ശ്രമിച്ചു . അതും പരാജയപ്പെട്ടു . തങ്ങൾ പട്ടിണിയിലാണെന്ന് പട്ടണവാസികൾ അറിഞ്ഞപ്പോൾ അവർക്ക് അപമാനഭാരം തോന്നി . ഭാര്യ കേണലിനോട് പറഞ്ഞു . " നിങ്ങളുടെ മാന്യത സൂക്ഷിച്ചുകൊണ്ട് ഇനി ജീവിക്കാനാവില്ല ".



കേണലിന്റെ അഭിമാനബോധത്തിന് ഒരർത്ഥവുമില്ലെന്ന് ഭാര്യ പറഞ്ഞതോടെ കേണൽ പോരുകോഴിയെ വിൽക്കാൻ നിശ്ചയിച്ചു . അതിനായി ധനികനായ സാബാസിന്റെ വീട്ടിലെത്തി . സാബാസ് ഒരു അത്യാഗ്രഹിയാണ് . കോഴിയുടെ പകുതി വില പോലും അയാൾ കൽപ്പിക്കുന്നില്ല . അവിടെയെത്തിയ ഡോക്ടർക്ക് കാര്യം മനസ്സിലായി . അയാൾ കേണലിനെ അറിയിച്ചു . സാബാസ് എന്ന ആൾ പട്ടാളഭരണത്തിന്റെ ഭാഗമായ മേയറുടെ അടുപ്പക്കാരനാണ് . അയാളുടെ സമ്പത്ത് മുഴുവനും അഴിമതിയിലൂടെ സമ്പാദിച്ചതാണ് . ദരിദ്രരായിതീർന്നവരുടെ ഭൂമി മേയറുടെ സഹായത്തോടെയും പട്ടാളത്തിന്റെ പിന്തുണയോടെയും പകുതി വിലയ്ക്ക് കൈക്കലാക്കിയവൻ . കേണലിന്റെ മകൻ അഗസ്റ്റിനെ കൊന്ന പോലീസിനൊപ്പം നിൽക്കുന്നവൻ . കേണൽ കോഴിയുമായി മടങ്ങിപ്പോന്നു .

കേണൽ ഉറച്ച വിശ്വാസത്തിന്റെ ലോകത്താണ് ജീവിക്കുന്നത് . പട്ടണവാസികൾ കേണലിനെ ബഹുമാനിക്കുകയും ചെയ്യുന്നു . ഒരിക്കൽ പട്ടണത്തിൽ വെച്ച് ഒരു പോലീസുകാരൻ കേണലിന്റെ പോക്കറ്റ് പരിശോധിച്ച് ഒരു രഹസ്യ വിളക്ക് കണ്ടെത്തുന്നു . തന്റെ മകൻ അഗസ്റ്റിനെ വധിച്ചവനാണ് ആ പോലീസുകാരൻ . അയാൾ തന്റെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

തോക്ക് കേണലിന്റെ നേരെ ചൂണ്ടി . പക്ഷെ ധീരനായ കേണൽ ആ തോക്ക് വിരലുകൊണ്ട് പുല്ലുപോലെ തള്ളിനീക്കി വഴിമാറാൻ ആവശ്യപ്പെട്ടു . പോലീസുകാരൻ കേണലിന്റെ മനോഭാവം കണ്ട് ആശ്ചര്യത്തോടെ പറഞ്ഞു . “ കേണൽ , താങ്കൾക്ക് പോകാം “.

കേണലിന്റെ ഭാര്യയ്ക്ക് പോരുകോഴി ഒരു ദൗർഭാഗ്യമായി തോന്നി . തപാൽ കിട്ടാതെ തിരിച്ചെത്തിയ കേണൽ ദുഃഖിതനായി . ഒരു സർക്കസ് കൂടാരത്തിൽ വെച്ച് പോരുകോഴി വിജയിച്ചത് കണ്ട് പട്ടണവാസികൾ ആഹ്ളാദിക്കുന്നത് ശ്രദ്ധിച്ച കേണൽ ഒരുകാര്യം തിരിച്ചറിഞ്ഞു . പോരുകോഴി തന്റേതു മാത്രമല്ല ആ പട്ടണത്തിലെ എല്ലാവരുടേതുമാണ് . എല്ലാവരുടെയും വികാരമാണ് . വിശ്വാസമാണ് .

പോരുകോഴിയുമായി കേണൽ അഭിമാനത്തോടെ മടങ്ങി . വരാനിരിക്കുന്ന മറ്റൊരു വലിയ പോരിന് ആ പോരുകോഴിയെ പരിശീലിപ്പിച്ച് ശക്തനാക്കാൻ കേണൽ നിശ്ചയിച്ചു . സർക്കാരിൽ നിന്നുള്ള പെൻഷൻ ഉടനെ ലഭിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നു .

എന്നാൽ ഭാര്യ തീർത്തും അസ്വസ്ഥയാണ് . സർക്കാരിൽ നിന്ന്



പെൻഷൻ കിട്ടുമത്രേ ! കോപ്പ് കിട്ടും . ദാരിദ്ര്യം അത്രമേൽ ജീവിതത്തിനു മുന്നിൽ പ്രതിസന്ധിയായി നിൽക്കുന്നു . ഭാര്യയുമായി തർക്കം തുടരുമ്പോഴും കേണൽ ദൃഢചിത്തനാണ് . അദ്ദേഹത്തിന് ഭാവിയെ കുറിച്ച് ശുഭപ്രതീക്ഷയുണ്ട് . പെൻഷൻ ഉടനെ കിട്ടും . കോപത്താൽ മനോനില തെറ്റിയ ഭാര്യ കേണലിന്റെ കോളറിൽ പിടിച്ചുകുലുക്കിക്കൊണ്ട് ചോദിച്ചു . “ അതുവരെ നിങ്ങൾ എന്തു കഴിക്കും ? “ . കേണൽ ആത്മസംയമനം പാലിച്ചുകൊണ്ട് വിജയപ്രതീക്ഷയുള്ള ഒരു യോദ്ധാവിനെ പോലെ കൂസലില്ലാതെ ഉത്തരം നൽകി . “ അമേധ്യം “ . ഭാര്യയുടെ ദേഷ്യം മറഞ്ഞു . അവർക്കിടയിൽ പെട്ടെന്നൊരു ശാന്തത പരന്നു . ജനാലയ്ക്ക് പുറത്ത് പ്രകൃതിയുടെ കനിവ് പോലെ മഴ ശാന്തമായി പെയ്യാനാരംഭിച്ചു .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

**ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർടോൾഡ് / 110 മിനിട്ട് / ഇറ്റലി - ഫ്രാൻസ് - കൊളംബിയ / 1987 / സംവിധാനം : ഫ്രാൻസിസ്കോ റോസി**



കൊളംബിയയുടെ വടക്കൻ നദീതീരത്തുള്ള ഒരു ചെറിയ പട്ടണം . അവിടെ ആദ്യമായി അത്യാഡംബരമായ ഒരു വിവാഹച്ചടങ്ങ് നടന്നു . പട്ടണ വാസികളായ വികാരിയോ കുടുംബ ത്തിലെ യുവസുന്ദരി ഏഞ്ചലയാണ് വധു . ആ പട്ടണത്തിലേക്ക് പുതുതായെ ത്തിയ ധനിക യുവാവ് ബയാർഡോ സാൻ റോമൻ ആണ് വരൻ . വിവാഹശേഷം രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ ബയാർഡോ മണവാട്ടി ഏഞ്ചലയെ അവളുടെ വീട്ടിലെത്തിച്ചു . ഏഞ്ചല കന്യകയല്ലെന്ന് അവളുടെ അമ്മയെ അറിയിച്ച ശേഷം അയാൾ കഠിന ദുഖത്തോടെ മടങ്ങിപ്പോയി . പട്ടണം മുഴുവൻ ആ വാർത്ത പരന്നു .

ആരായിരുന്നു ഏഞ്ചലയുമായി ബന്ധപ്പെട്ടത് ? അമ്മയുടെ നിർബന്ധത്തിനു വഴങ്ങി ഏഞ്ചല പറഞ്ഞു . സാന്റിയാഗോ നാസർ .

യുവാവായ സാന്റിയാഗോ ആ കുടുംബത്തിന്റെ മിത്രം തന്നെ . അവന്റെ മരിച്ചുപോയ പിതാവ് അറബ് വംശജനെങ്കിലും പട്ടണത്തിൽ മാന്യതയുള്ള സമ്പന്ന കുടുംബവുമാണ് . കുടുംബത്തിനേറ്റ അപമാനഭാരത്താൽ ഏഞ്ചലയുടെ ഇരട്ട സഹോദരന്മാർ - പാബ്ലോ വികാരിയോയും പെഡ്രോ വികാരിയോയും കുറ്റാരോപിതനായ സാന്റിയാഗോയെ കൊല്ലാൻ തീരുമാനിച്ചു . ആരും തടഞ്ഞില്ല . ഇരട്ട സഹോദരന്മാരുടെ വധഭീഷണിയെ പട്ടണത്തിലെ പ്രമുഖർ കാര്യമായി പരിഗണിച്ചതുമില്ല .

പിറ്റേന്ന് പട്ടണചത്വരത്തിലെത്തിയ സാന്റിയാഗോയെ ഇരട്ട സഹോദരന്മാർ പിന്തുടർന്ന് എല്ലാവരുടെയും മുന്നിൽ വെച്ച് കുത്തിക്കൊന്നു .

ഇഷ്ടപ്പെട്ട യുവതിയുമായുള്ള വിവാഹജീവിത സ്വപ്നം തകർന്നു നിരാശിതനായ ബയാർഡോ സാൻ റോമൻ അമിതമദ്യപാനത്തിൽ മുഴുകി . അയാളെ വീട്ടുകാർ പട്ടണത്തിൽ നിന്ന് സ്വദേശത്തേക്ക് കൂട്ടിക്കൊണ്ടുപോയി .ഏഞ്ചലയുടെ ഇരട്ട സഹോദരന്മാരെ തുറുങ്കിലടച്ചു . വികാരിയോ കുടുംബമാകട്ടെ പട്ടണത്തിൽ നിന്ന്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മാറിത്താമസിച്ചു .

എന്നാൽ ഏഞ്ചലയാവട്ടെ , അവൾക്ക് വേണ്ടി ബയാർഡോ വാങ്ങിനൽകിയ മാളികയിൽ പിന്നീട് കഴിഞ്ഞുകൂടി . ഏകാന്ത ജീവിതം . അവൾ തന്റെ ഭർത്താവായ ബയാർഡോയെ മനസ്സിൽ ധ്യാനിച്ച് , സ്നേഹിച്ച്, കത്തുകൾ എഴുതി . അവനു വേണ്ടി കാത്തിരിപ്പ് തുടർന്നു . നീണ്ട പതിനേഴ് വർഷങ്ങൾ !

സിനിമയുടെ തുടക്കത്തിൽ സാന്റിയാഗോയുടെ പഴയ സുഹൃത്തും ഏഞ്ചലയുടെ അകന്ന ബന്ധുവുമായ ഒരാൾ ആ പട്ടണത്തിലേക്ക് തിരിച്ചുവരികയാണ് . പതിനേഴ് വർഷം മുൻപ് നടന്ന കൊലപാതകത്തെയും ഏഞ്ചലയെയും കുറിച്ച് അയാൾ അന്വേഷിക്കുന്നു . ആദ്യം സാന്റിയാഗോയുടെ കല്ലറയ്ക്കു മുന്നിലെത്തി . തുടർന്ന് അയാൾ കൊലപാതകത്തിന് ദൃക് സാക്ഷികളായവരെയും മറ്റു പട്ടണവാസികളെയും കണ്ടു . പഴകിയ മാളികയിൽ ഒറ്റയ്ക്ക് വസിക്കുന്ന ഏഞ്ചലയെയും കാണുന്നു .

യഥാർത്ഥത്തിൽ കൊല്ലപ്പെട്ട സാന്റിയാഗോ കുറ്റക്കാരനാണോ ? ഏഞ്ചലയുടെ കന്യകാത്വത്തെ കുറിച്ച് ബയാർഡോയ്ക്ക് ഉണ്ടായ സംശയം വെറുമൊരു തോന്നലായിരുന്നോ ?



ഏഞ്ചല പറഞ്ഞത് സത്യമായിരുന്നോ ? അതോ ഏഞ്ചല അങ്ങനെ പറഞ്ഞിട്ടുണ്ടോ ? വധശ്രമം തടയാൻ പട്ടണവാസികൾ തുനിയാതിരുന്നത് എന്തുകൊണ്ട് ? സംഭവങ്ങളുടെ ഉള്ളുകള്ളികളിലേക്ക് അയാൾ കടന്നുചെല്ലുന്നു . അത് ദൃശ്യങ്ങളായി വിടരുന്നു . പ്രവചിച്ച ഒരു കൊലപാതകത്തിന്റെ പുരാവൃത്തം .



സാക്ഷ്യദൃശ്യങ്ങൾ :

1. സാന്റിയാഗോ അമ്മ - പ്ലാസിഡ യോടൊപ്പമാണ് താമസിച്ചിരുന്നത് . കൂടെ പാചകക്കാരി വിക്ടോറിയ . അവളുടെ മകൾ ഡിവൈന . പിതാവ് ഇബ്രാഹിമിന്റെ മരണശേഷം കുടുംബത്തിന്റെ ചുമതല വഹിച്ചിരുന്നത് സാന്റിയാഗോ ആയിരുന്നു . സുമുഖനും നിഷ്കളങ്കനും ഊർജ്ജസ്വലനുമായിരുന്നു അയാൾ .

2. അക്കാലത്ത് പട്ടണത്തിൽ പുതുതായി എത്തിയ ധനിക യുവാവാണ് ബയാർഡോ . സുശീലയും സുന്ദരിയുമായ ഒരു യുവതിയെ കണ്ടെത്തുക ; വിവാഹം കഴിക്കുക - അതായിരുന്നു അയാളുടെ ലക്ഷ്യം . പണം ചെലവഴിക്കുന്നതിൽ ഒരു മടിയുമില്ല . അയാൾ വികാരിയൊ കുടുംബത്തിലെ ഏഞ്ചലയെ കണ്ടതോടെ അവളെ സ്വന്തമാക്കാൻ നിശ്ചയിച്ചു . അവൾക്ക് വേണ്ടി കാറും മാളികയും ഒക്കെ വാങ്ങിച്ചു . വിവാഹ ആഘോഷം ഗംഭീരമായിരുന്നു .

3. ബയാർഡോയും ഏഞ്ചലയും തമ്മി ലുള്ള വിവാഹ ആഘോഷത്തിൽ പങ്കെടുത്ത് സാന്റിയാഗോ വീട്ടിലെത്തിയ പ്പോൾ വെളുപ്പാൻകാലമായി . അയാൾ ഉറങ്ങുകയും ചെയ്തു .



4. വിവാഹം കഴിഞ്ഞ് രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ മണിയറയിൽ വെച്ച് വധൂവരന്മാർ ആദ്യരാത്രി ആഘോഷിച്ചു . പക്ഷെ ഏഞ്ചല കന്യകയല്ലെന്ന് ബയാർഡോയ്ക്ക് തോന്നി . അയാൾ അവളെ പിടിച്ചുവലിച്ച് അവളുടെ വീട്ടിലെത്തിച്ചു . ഏഞ്ചലയുടെ അമ്മ - പൂരിസമാ കാർമെൻ അന്ധാളിച്ചു നിന്നപ്പോൾ ബയാർഡോ കാര്യം പറഞ്ഞു . അയാൾ ഏഞ്ചലയെ ഉപേക്ഷിച്ചു പോകുന്നു .

5. അമ്മ -പൂരിസമായും ഏഞ്ചലയുടെ ഇ രട്ട സഹോദരങ്ങളും ചോദ്യം ചെയ്തപ്പോൾ അടിയേറ്റ ഏഞ്ചല നിവൃത്തിയില്ലാതെ , വ്യാജമായ രീതിയിൽ , താനുമായി ബന്ധപ്പെട്ടവന്റെ പേരു പറഞ്ഞു . സാന്റിയാഗോ !

6. ഏഞ്ചലയുടെ വിവാഹബന്ധം ആദ്യരാ ത്രിയിൽ തന്നെ തകർന്ന വാർത്ത പട്ടണത്തിൽ പെട്ടെന്ന് പരന്നു . സ്ത്രീകൾ ദുഃഖിതരായി .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

7. വികാരിയോ കുടുംബത്തിന്റെ അന്തസ്സ് തകർത്ത സാന്റിയാഗോയോട് പ്രതികാരം ചെയ്യാൻ ഏഞ്ചലയുടെ ഇരട്ട സഹോദരന്മാർ - പാബ്ലോയും പെഡ്രോയും നിശ്ചയിക്കുന്നു . പന്നികളെ കൊല്ലാൻ ഉപയോഗിക്കുന്ന കത്തികൾ കൊണ്ട് അവനെ കുത്തിക്കൊല്ലണം .

8. അതിരാവിലെ പാബ്ലോയും പെഡ്രോയും കത്തികൾക്ക് മൂർച്ച കൂട്ടാൻ ഇറച്ചിവെട്ട് കടയിലെത്തി . കശാപ്പുകാരനോട് തങ്ങളുടെ ലക്ഷ്യം സൂചിപ്പിക്കുന്നു . കശാപ്പുകാരനായ ഫൗസ്റ്റീനോ വധഭീഷണിയെ കുറിച്ച് പൊലീസുകാരനായ ലിയാൻഡ്രോയ്ക്ക് വിവരം നൽകി .

9. ഇരട്ട സഹോദരന്മാർ പാൽക്ക ടയിലെത്തി . പാൽക്കട നടത്തുന്ന ക്ളോറ്റിൽഡാ അർമെന്റായോടും തങ്ങളുടെ പദ്ധതിയെ കുറിച്ച് പറഞ്ഞു . തുണിയിൽ പൊതിഞ്ഞ കത്തികൾ അവൾ ശ്രദ്ധിച്ചു .





10 . പോലീസുകാരൻ ലിയാൻഡ്രോ ഇരട്ട സഹോദരന്മാരുടെ ഭീഷണി കേണൽ അപോണ്ടുമായി ചർച്ച ചെയ്തു .

11. കേണൽ പാൽക്കടയിലെത്തി ഇരട്ട സഹോദരന്മാരിൽ നിന്ന് കത്തികൾ പിടിച്ചെടുത്തു . അവരെ നോക്കി കേണൽ പരിഹസിച്ചു . ഒരു ജോഡി മണ്ടന്മാരുടെ മണ്ടത്തരങ്ങൾ ! തുടർന്ന് കേണൽ അവരെ വീട്ടിലേക്ക് പറഞ്ഞയക്കുകയും ചെയ്തു . പാൽക്കടക്കാരി ക്ളോറ്റിൽഡാ കേണലിനോട് ആവശ്യപ്പെട്ടു . ആ രണ്ടുപേരും മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തിയാലോ ? അവരെ ക്രൂര പ്രവർത്തിയിൽ നിന്ന് പിന്തിരിപ്പിക്കണം . പക്ഷെ കേണൽ അത് കാര്യമാക്കുന്നില്ല .

12. പാബ്ലോയും പെഡ്രോയും പരസ്യ മായി പ്രഖ്യാപിച്ച വധഭീഷണിയെ കുറിച്ച് വിവിധ അഭിപ്രായങ്ങളാണ് പട്ടണവാസികൾക്കിടയിൽ ഉണ്ടായത് .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

13. പാൽക്കടക്കാരി ക്ളോറ്റിൽഡാ പല രോടും ആവശ്യപ്പെട്ടു . ഇരട്ട സഹോദരന്മാരെ കർശനമായി പിന്തിരിപ്പിക്കണം . സാന്റിയാഗോയ്ക്ക് മുന്നറിയിപ്പ് നൽകണം . പക്ഷെ മദ്യപാനികളായ പാബ്ലോയും പെഡ്രോയും അങ്ങനെയൊന്നും ചെയ്യാൻ പോകുന്നില്ലെന്ന് ചിലർ ഉറപ്പിച്ചു .

14 . അന്ന് പട്ടണത്തിലെ തുറമുഖം വഴി ബിഷപ്പ് കടന്നുപോകുന്ന ദിവസമായിരുന്നു . പലരും ബിഷപ്പിനെ വരവേൽക്കാനുള്ള ഒരുക്കത്തിലായിരുന്നു .

15. പട്ടണവാസികളിൽ ചിലർ സാന്റിയാ ഗോയുടെ മരണം രഹസ്യമായി ആഗ്രഹിച്ചു .

16. പള്ളിയിലെ വികാരിയച്ചനും വധഭീഷ ണി വിഷയത്തിൽ ഇടപെട്ടില്ല . “ എന്തു ചെയ്യണമെന്ന് എനിക്കറിയില്ലായിരുന്നു . അത് എന്റെ പരിധിയിലുള്ള കാര്യമല്ല . മറിച്ച് സിവിൽ അധികാരികളാണ് അത് കൈകാര്യം ചെയ്യേണ്ടിയിരുന്നത് . “

17. പാബ്ലോയും പെഡ്രോയും പുതിയ കത്തികളുമായി പാൽക്കടയിലെത്തി . പക്ഷെ ഇത്തവണ അവർ ഒന്നും വെളിപ്പെടുത്തിയില്ല . കത്തികൾ രഹസ്യമായി സൂക്ഷിച്ചു .

18. ഒരു മണിക്കൂർ നേരത്തെ ഉറക്ക ത്തിനു ശേഷം സാന്റിയാഗോ എഴുന്നേറ്റു . പുറത്തേക്ക് പോകുമ്പോൾ , ആരോ വെച്ച മുന്നറിയിപ്പിന്റെ കുറിപ്പ് അയാൾ ശ്രദ്ധിച്ചിരുന്നില്ല .

19. നദിയിലൂടെ കപ്പലിൽ പോകുന്ന ബി ഷപ്പിനെ കാണാൻ തുറമുഖത്ത് ആൾക്കൂട്ടമുണ്ടായിരുന്നു . ബിഷപ്പ് തങ്ങളുടെ പട്ടണത്തിലേക്ക് വരണമെന്ന് ആൾക്കൂട്ടം ആഗ്രഹിച്ചിരുന്നു . അവർ സമ്മാനങ്ങളുമായാണ് കാത്തുനിന്നത് . സാന്റിയാഗോയും സന്തോഷത്തോടെ ബിഷപ്പിനെ അഭിവാദ്യം ചെയ്തു . ബിഷപ്പിന്റെ ബോട്ട് കടന്നുപോയി .

20. സാന്റിയാഗോ പ്രതിശ്രുതവധുവായ ഫ്ലോറയുടെ വീട്ടിലേക്ക് പോയി . ഇതിനകം ഫ്ലോറ പട്ടണത്തിൽ പരന്ന വാർത്ത കേട്ടിരുന്നു . ഏഞ്ചലയുമായുള്ള അവന്റെ ബന്ധത്തിൽ അവൾ അസ്വസ്ഥയായിരുന്നു . വികാരിയോ സഹോദരന്മാർ അവനെ കൊല്ലുമെന്നുള്ള മുന്നറിയിപ്പ് ബോധ്യപ്പെടുത്തേണ്ടതില്ലെന്ന് അവൾ നിശ്ചയിച്ചു .

21. സാന്റിയാഗോയുടെ കൂട്ടുകാരൻ ക്രി സ്റ്റോ അവനെ അന്വേഷിച്ച് രാവിലെ മുതൽ നടക്കുകയായിരുന്നു . വധശ്രമത്തെ കുറിച്ചുള്ള മുന്നറിയിപ്പ് നൽകാൻ . പക്ഷെ ക്രിസ്റ്റോയ്ക്ക്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഫ്ലോറയുടെ വീട്ടിലെത്തിയ സാന്റിയാഗോയെ കണ്ടെത്താനായില്ല .

22. ഫ്ലോറയുടെ പിതാവ് ആ വധഭീഷണിയെ കുറിച്ച് കേട്ടു . എന്നാൽ ഇരട്ട സഹോദരന്മാർ സാന്റിയാഗോയെ കൊല്ലാൻ അടുക്കുന്നതിന് ഏതാനും മിനിറ്റ് മുൻപ് മാത്രമാണ് അദ്ദേഹത്തിന് അവനെ അറിയിക്കാനായത് . സാന്റിയാഗോ അതത്ര കാര്യമാക്കിയില്ല .

23. പട്ടണ ചത്വരത്തിൽ എത്തിയ സാന്റി യാഗോയെ പട്ടണവാസികൾ നിരീക്ഷി ക്കുന്നുണ്ടായിരുന്നു . പ്രവചിക്കപ്പെട്ട ഒരു ക്രൂരസംഭവം നടക്കാൻ പോകുന്നതിന്റെ ഭീതി അവരുടെ ഭാവങ്ങളിൽ കാണാമായിരുന്നു .



24. ആരൊക്കെയോ സാന്റിയാഗോ യോട് ഓടിരക്ഷപ്പെടാൻ വിളിച്ചുകൂവി . പക്ഷെ എവിടേയ്ക്ക് ഓടണമെന്നു അവനു നിശ്ചയമില്ലായിരുന്നു . ഇരട്ട സഹോദരന്മാർ കത്തികളുമായി ഓടിയടുക്കുന്നത് കണ്ടപ്പോൾ സാന്റിയാഗോ തന്റെ വീട്ടിലേക്ക് ഓടി .

25. സാന്റിയാഗോയുടെ അമ്മ - പ്ലാസിഡ , വികാരിയോ സഹോദരന്മാർ തന്റെ മകനെ കൊല്ലുമെന്നുള്ള ഭീഷണി കേട്ടിരുന്നു . മകൻ സാന്റിയാഗോ വീട്ടിലുണ്ടെന്ന് ധരിച്ച പ്ലാസിഡ മുൻവാതിൽ അടച്ചുപൂട്ടി .

26. സാന്റിയാഗോ തന്റെ വീടിനു മുന്നി ലെത്തിയപ്പോൾ വാതിൽ അടച്ചുക ഴിഞ്ഞിരുന്നു . അവിടെയെത്തിയ പാബ്ലോയും പെഡ്രോയും കത്തികൾ കൊണ്ട് സാന്റിയാഗോയെ പലതവണ കുത്തിവീഴ്ത്തി. ഇരുപതിലധികം പ്രാവശ്യം സാന്റിയാഗോയെ കുത്തി . അതിൽ ഏഴു മുറിവുകൾ മാരകമായിരുന്നു. ദൗത്യം നിർവഹിച്ച ഇരട്ട സഹോദരന്മാർ പിൻവാങ്ങി .

27. കുത്തുകളേറ്റു വീണ സാന്റിയാഗോ ഏന്തിവലിഞ്ഞ് നീങ്ങി ചത്വരത്തിൽ മരിച്ചുവീണു .

28. പ്രവചിച്ച ആ കൊലപാതകത്തിന് ശേഷം അപമാനിതരായ വികാരിയോ കുടുംബം ആ പട്ടണത്തിൽ നിന്ന് ഒഴിഞ്ഞുപോയി . കൂടെ ഏഞ്ചലയും .

29. മദ്യപാനത്തിന് അടിമപ്പെട്ട ദുഖിത നായ ബയാർഡോയെ അവന്റെ കുടുംബം ബോട്ടിൽ വന്നു തൂക്കിക്കൊണ്ടു പോയി .

30. പാബ്ലോയും പെഡ്രോയും മൂന്ന് വർഷം ജയിൽശിക്ഷ അനുഭവിച്ചു . പിന്നെ കോടതിയിൽ നിന്ന് കുറ്റവിമുക്തരായി . പാബ്ലോ തന്റെ കാമുകിയെ വിവാഹം കഴിച്ചു . പെഡ്രോ സൈന്യത്തിൽ ചേർന്നു .

31. ബയാർഡോ പിരിഞ്ഞുപോയെങ്കിലും ഏഞ്ചല അവനെ അഗാധമായും നിഗൂഢമായും സ്നേഹിക്കാൻ തുടങ്ങി . ഓരോ ആഴ്ചയിലും അവന് കത്തെഴുതി . അങ്ങനെ പതിനേഴ് വർഷങ്ങൾ !



ഇപ്പോൾ ഏഞ്ചല മധ്യവയസ്കയെ പോലെയായിരിക്കുന്നു . നരച്ച തലമുടി അലസമായി കിടക്കുന്നു . മുഖത്ത് കാത്തിരിപ്പിന്റെ നിഴലാട്ടം . കറുത്ത വസ്ത്രം . അവൾ പട്ടണത്തിലെ പഴയ മാളികയിലെത്തി അവിടെ ഒറ്റയ്ക്ക് കഴിയാൻ തുടങ്ങി . മാളികയും പൂന്തോട്ടവുമൊക്കെ പായലും കാടും പിടിച്ചു കിടക്കുന്നു . അവൾ തന്നെ വിവാഹം കഴിച്ച ബയാർഡോയെ മാത്രം മനസ്സിൽ ധ്യാനിച്ചും സ്നേഹിച്ചും ഏകാന്ത ജീവിതത്തെ വിധിയെന്ന പോലെ സ്വീകരിച്ചു .

അങ്ങനെയിരിക്കെ ഒരു ദിവസം തലനരച്ച ഒരാൾ തുറമുഖത്ത് കപ്പലിൽ വന്നിറങ്ങി . ബയാർഡോ !

ബയാർഡോ തന്റെ പഴയ മാളിക കണ്ടു . ആൾവാസമില്ലാത്ത , ഭീതിജനിപ്പിക്കുന്ന, ഭാർഗവീനിലയം പോലെ . അവിടെ വെച്ച് പതിനേഴ് വർഷം മുൻപ് നടന്ന ആഡംബരപൂർണ്ണമായ തന്റെ വിവാഹ ആഘോഷത്തിന്റെ ദൃശ്യങ്ങൾ അയാളുടെ മനസ്സിൽ തെളിഞ്ഞുമാഞ്ഞു . പെട്ടെന്ന് മുകളിൽ ഒരു കാൽപ്പെരുമാറ്റം . അയാൾ എത്തിനോക്കി . മുകളിലെ വരാന്തയിൽ കറുത്ത വസ്ത്രം ധരിച്ച , ഏകാകിനിയായ , ഏഞ്ചല മെല്ലെ നടന്നുനീങ്ങുന്നു !

ബയാർഡോ കയ്യിലിരുന്ന ഹാൻഡ്ബാഗുകൾ തുറന്നു . അതിൽനിന്നെടുത്ത

പൊട്ടിക്കാത്ത കത്തുകൾ മുറ്റത്തും വഴിയിലും വിതറിക്കൊണ്ട് നടന്നുനീങ്ങി .


മാളികയിൽ നടന്നുനീങ്ങിയ ഏഞ്ചല മുറ്റത്ത് കിടക്കുന്ന ഒരുകൂട്ടം കത്തുകൾ കണ്ടു . താഴെച്ചെന്ന് കത്തുകൾ പരിശോധിച്ചു . പതിനേഴ് വർഷം കൊണ്ട് താനെഴുതിയ കത്തുകൾ ! ബയാർഡോ ഒന്നും പൊട്ടിച്ചു വായിച്ചിട്ടില്ല .

ഏഞ്ചല കത്തുകൾ നോക്കി വഴിയിലൂടെ നടന്നു. പരിസരത്തെ വൃക്ഷച്ചോട്ടിൽ ബയാർഡോ !

അയാളുടെ കണ്ണുകളിൽ കുറ്റബോധം .

ഏഞ്ചലയുടെ കണ്ണുകൾ നിറഞ്ഞു . സ്നേഹ സങ്കടങ്ങൾ ഇരമ്പി . ബയാർഡോ ഇരുകൈകളും വിടർത്തി അവളെ സ്വീകരിക്കാനൊരുങ്ങി . ഏഞ്ചല സ്വപ്നസാഫല്യത്തിലെന്നപോലെ മെല്ലെ ബയാർഡോയുടെ മുന്നിലെത്തി . ഇരുവരുടെയും കണ്ണുകളിൽ ഓർമ്മകൾ . ഒട്ടേറെ പറയാനുണ്ട് . ആശ്വസിപ്പിക്കാനുണ്ട് . പങ്കിടാനുണ്ട് . ഇരുവരും ആലിംഗനബദ്ധരായി. അങ്ങനെ ഒരു പുനഃസമാഗമത്തിലൂടെ, പ്രവചിച്ച ഒരു കൊലപാതകത്തിന്റെ പുരാവൃത്തം പൂർത്തിയാവുന്നു ...

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

ശേഷം വെള്ളിത്തിരയിൽ – പരമ്പര 1

# ഒരു ചലച്ചിത്രപ്രേക്ഷകന്റെ ജനനം



വിജയകൃഷ്ണൻ



സിനിമ ആസ്വദിക്കണമെങ്കിൽ, അതിനെപ്പറ്റി സംസാരിക്കണമെങ്കിൽ അത് കാണുക തന്നെ വേണം. സിനിമ കാണാതെ നിരൂപണമെഴുതുന്ന ചിലരെപ്പറ്റി കേട്ടിട്ടുണ്ട്. അസാധാരണമായ ചർമ്മശേഷി മാത്രമേ ഇക്കൂട്ടർക്കാവശ്യ മുള്ളൂ. ബ്ലെസ്സിയുടെ 'കാഴ്ച ' യിൽ മമ്മുട്ടിയുടെ ഓപ്പറേറ്റർ ഒരു ഫിലിം സൊസൈറ്റിയിൽ 'ബാറ്റിൽഷിപ്പ് പോടെംകിൻ' പ്രദർശിപ്പിക്കുകയാണ്. താടിയും മുടിയുമുള്ള സൊസൈറ്റി ഭാരവാഹി പടം കാണാതെ ഒരു പുസ്തകം തുറന്ന് നോട്ടുകളെടുക്കുന്നതു കാണാം.ആ പുസ്തകം ഞാൻ എഡിറ്റ് ചെയ്ത 'വിശ്വോത്തര തിരക്കഥകളാ'യിരുന്നു. ഭാരവാഹി വായിക്കുന്നത് ഞാനെഴുതിയ പഠനമായിരുന്നു. പടം കാണാതെ നിരൂപണമെഴുതുന്ന വിദ്വാനായിരിക്കാം ഈ ഭാരവാഹി.

എന്റെ തലമുറ വരെയുള്ളവർ സിനിമ കണ്ടതുപോലെയല്ല ഇന്നത്തെ തലമുറ സിനിമ കാണുന്നത്.ഞങ്ങൾക്കന്ന് സിനിമ കാണാനുള്ള ഒരേ ഒരു മാർഗം തിയേറ്ററായിരുന്നു.ടെലിവിഷനില്ല.കംപ്യൂട്ടറില്ല.ഓ.ടി.ടി.യില്ല.ഒരു സിനിമ ഒരിക്കൽ മിസ് ആയിപ്പോയാൽ പിന്നെ കാണുക വിഷമകരം തന്നെയായിരുന്നു.'എ'യിൽ കണ്ടില്ലെങ്കിൽ 'ബി'യിൽ കാണാം. 'ബി'യിൽ കണ്ടില്ലെങ്കിൽ 'സി'യിൽ കാണാം. 'സി'യിൽ നിന്നും പോയാൽ പിന്നെ ആ സിനിമ കാണുക അസാധ്യം തന്നെയായിരുന്നു.തന്നെയുമല്ല, 'എ' ക്ലാസ് തിയേറ്ററുകളിൽ കണ്ട എല്ലാ സിനിമകളും 'ബി' യിലും 'സി'യിലും വരണമെന്നില്ല.വന്നാലും ചിലപ്പോൾ പല മാറ്റങ്ങൾക്കു വിധേയമായെന്നു വരും.' മാപ്പുസാക്ഷി'എന്ന ചിത്രം ഞാൻ കണ്ടത്

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

അജന്ത തിയേറ്ററിലാണ്.രണ്ടു വർഷങ്ങൾക്കുശേഷം കാട്ടാക്കട ശ്രീരാമ തിയേറ്ററിൽ ഞാനതു കാണുമ്പോൾ മൂന്ന് സ്റ്റണ്ട് സീനുകൾ അതിൽ കൂട്ടിച്ചേർത്തിരുന്നു.പടം ഓടാത്ത തുകൊണ്ട് തന്റെ അസ്സോസിയേറ്റ് ഡയറക്ടറെക്കൊണ്ട് പുതിയ സീനുകൾ വിതരണക്കാർ ഷൂട്ട് ചെയ്തു ചേർത്തു എന്ന് സംവിധായകൻ പി.എൻ.മേനോൻ പറഞ്ഞത് എവിടെയോ വായിച്ചു.

ഇങ്ങനെയൊക്കെയാണ് സിനിമാ ക്കാഴ്ചയുടെ ചരിത്രം. 'ശേഷം വെള്ളി ത്തിരയിൽ'എന്ന ഈ പംക്തിയിൽ കാഴ്ചകളെപ്പറ്റി പറയും. ആസ്വാദന ത്തെപ്പറ്റി പറയും.കാഴ്ചയും ആസ്വാദ നവും കഴിഞ്ഞാൽ പിന്നെ വരേണ്ടത് അപഗ്രഥനമാണ്.അത് ഈ പംക്തിയുടെ പരിധിയിൽ വരികയില്ല.

പലരും ചോദിച്ചിട്ടുണ്ട് 'സിനിമ പാരഡിസോ'യിലെ ബാലനെപ്പോലെ സിനിമയെ സ്നേഹിച്ചും പരിചയിച്ചും വന്ന ആളാണോ ഞാൻ എന്ന് .ഒരിക്കലുമല്ല.കാരണം, പത്താം ക്ലാസ്സ് വരെയുള്ള എന്റെ ജീവിതത്തിൽ സിനിമ ഉണ്ടായിരുന്നില്ല.

പ്രശസ്തനായ ഒരു സിനി മാസംവിധായകൻ -സാൽവ ത്തോർ ഡി വിറ്റ - ഏറെ വർഷങ്ങൾക്കു ശേഷം തന്റെ നാട്ടിൽ തിരിച്ചെത്തുമ്പോൾ ബാല്യകാലാനുഭവങ്ങളിലേക്ക് തിരിഞ്ഞു നോക്കുകയാണ് ' സിനിമാ പാരഡിസോ ' എന്ന ചിത്രത്തിൽ. അവൻറെ കൊച്ചുപട്ടണത്തിലെ ഒരേയൊരു തിയേറ്ററിൽ സാഹസികമായി സിനിമ കാണുന്ന ഒരു ബാല്യമാണ് അവനു ണ്ടായി രുന്നത്. പ്രൊജെക്ഷനിസ്റ്റിന്റെ സഹായത്തോടെയാണ് മനസ്സിന് തൃപ്തി വരുവോളം ചിത്രങ്ങൾ കാണുവാൻ അവനു കഴിഞ്ഞത്.ആ പട്ടണത്തിനു മാത്രമായി ഒരു സെന്സറുണ്ടാ യിരുന്നു.സ്ഥലത്തെ പള്ളിയിലെ അച്ചൻ. അദ്ദേഹത്തിൻറെ കർശനവും ക്രൂരവുമായ സെന്സറിങ്ങിനുശേഷം മാത്രമേ ജനങ്ങൾക്ക് സിനിമ കാണാൻ കഴിഞ്ഞിരുന്നുള്ളൂ.ഇങ്ങനെ അച്ചൻ വെട്ടിയെറിയുന്ന സിനിമാതുണ്ടുകൾ പ്രോജക്ഷനിസ്റ്റ് ബാലന് സമ്മാനിക്കും.ഇത്തരത്തിൽ തിയേറ്ററും സിനിമാപ്രേമവുമായി ബന്ധപ്പെട്ട ഒട്ടനവധി സംഭവങ്ങളിലൂടെയാണ് ചിത്രം കടന്നുപോകുന്നത്.അതുപോലൊരു ബന്ധമല്ലെങ്കിൽ പോലും നാടകീയത നിറഞ്ഞ ഒരടുപ്പം സിനിമയുമായി എനിക്കുണ്ടാകാവുന്നതാണല്ലോ എന്ന് ആർക്കും തോന്നാം.പക്ഷേ, സത്യാവസ്ഥ അങ്ങനെയല്ല. കുട്ടിക്കാലത്ത് ഞാൻ സിനിമകൾ അപൂർവമായി മാത്രമേ കണ്ടിട്ടുള്ളൂ.ആത്മീയതയുടെ വഴിയേ സഞ്ചരിക്കുന്ന അച്ഛനോ സിനിമ കാണുന്നത് സ്വഭാവദൂഷ്യത്തിന്റെ ലക്ഷണമായി കണ്ട വീട്ടുകാരോ എന്നെ സിനിമ കാണാൻ അനുവദിച്ചിരുന്നില്ല. നല്ല അനുസരണക്കാരനായ ഞാൻ

ആ വിലക്കൊട്ടു മറികടന്നിട്ടുമില്ല.

എന്നിട്ടും ഞാൻ സിനിമകൾ കണ്ടു. ഹൈ സ്കൂൾ കഴിയുംവരെ കണ്ട സിനിമകൾ കൈവിരലിൽ എണ്ണാവുന്നത്രയേ ഉണ്ടായിരുന്നുള്ളൂ എന്നുമാത്രം.എന്റെ സ്കൂൾ പഠന കാലത്ത് മലയിൻകീഴ് സിനിമാതിയേറ്ററില്ല.കാട്ടാക്കടയിൽ ശ്രീരാമാ തിയേറ്ററുണ്ട് ഞാൻ തിയേ റ്ററിനെക്കുറിച്ചു കേട്ടുതുടങ്ങുന്നതിനു മുൻപ് കാട്ടാക്കടയിൽ മറ്റൊരു തിയേറ്റർ കൂടിയുണ്ടായിരുന്നു.ചന്ദ്രാ എന്നായി രുന്നു അതിന്റെ പേര്.'കാട്ടാക്കട ചന്ദ്രാ'യിൽ എന്നെഴുതിയ പോസ്റ്ററുകൾ ഞാൻ കുട്ടിയായിരിക്കുമ്പോൾ കണ്ടിട്ടു ണ്ട്. പിന്നീട് അതും അപ്രത്യക്ഷമായി. ആ തിയേറ്ററിന്റെ ഉദ്ഭവ കഥ പില്ക്കാലത്ത് അറിയാനിടവന്നിട്ടുണ്ട്.ചന്ദ്രായുടെ മുത ലാളിയാണത്രേ ആദ്യമായി സിനിമയെ ടുക്കാൻ പുറപ്പെട്ട കാട്ടാക്കടക്കാരൻ. സിനിമ ചെയ്യുംമുൻപ് തന്റെ സിനിമ പ്രദർശിപ്പിക്കാൻ ഒരു തിയേറ്റർ വേണമെന്ന് തീരുമാനിച്ചിട്ടാണത്രേ ചന്ദ്രാ തിയേറ്റർ പണി കഴിപ്പിച്ചത്.തിയേറ്റർ പണിയും രണ്ട് മദ്രാസ് യാത്രകളും കഴിഞ്ഞപ്പോൾ സിനിമ നിർമിക്കാനുള്ള പണം അവശേഷിച്ചില്ലെന്നും അതിനാൽ അദ്ദേഹത്തിന്റെ സിനിമാമോഹം തിയേറ്ററിൽ ഒതുങ്ങുകയായിരുന്നു വെന്നുമാണ് കഥ.

ക്ലാസ്സിലെ കുട്ടികൾ സിനിമയെക്കുറിച്ചു സംസാരിക്കുന്നതും തർക്കിക്കുന്നതും ഞാൻ കേൾക്കാറുണ്ട്.സത്യന്റെ ആരാധകർ ഒരു വശത്ത്.പ്രേം നസീറിന്റെ ആരാധകർ മറുവശത്ത്.ഇതിന്നിടയിൽ മുഷ്ടിയും ചുരുട്ടി ഷാഹുൽ ഹമീദ് ചാടിവീണു.ഷാഹുലിന്റെ ആരാധനാ പാത്രത്തിന്റെ പേര് എം.ജി.ആർ.തമിഴ് സിനിമയിലെ നായകനാണ് എം.ജി.ആർ. എന്ന് കൂട്ടുകാർ പറഞ്ഞുതന്നു. അയാളുടെ പടങ്ങളൊക്കെ അടിയും ഇടിയും നിറഞ്ഞതാണെന്നും." ഓ,അതു കൊണ്ടാണല്ലേ ഈ ഷാഹുൽ ഇങ്ങനെ തല്ലുകൊള്ളിയായിപ്പോയത്?"എന്നോട് എം.ജി.ആറിനെപ്പറ്റി പറഞ്ഞ കുട്ടിയോട് ഞാൻ അടക്കം പറഞ്ഞു.( മറ്റുള്ളവരുടെ പേരുകളൊക്കെ മറന്നിട്ടും ഞാൻ ഷാഹുൽ ഹമീദിനെ ഓർത്തതെ ന്താണെന്ന് നിങ്ങൾക്ക് തോന്നാം. ഏതാനും നാൾ മുൻപ് പതിവുള്ള പ്രഭാതസവാരി കഴിഞ്ഞു ഞാൻ മടങ്ങുമ്പോൾ ഒരു തട്ടുകടയിൽ ചായ കുടിക്കാൻ കയറി. കടക്കാരനും അവിടെ ചായ കുടിച്ചുനിന്ന ചിലർക്കും എന്നെ അറിയാം.അന്നേരം പഴുക്കെ നരച്ച് കൂനിക്കൂടി ഒരു മനുഷ്യൻ സൈക്കിൾ ചാരി നിർത്തി ദൈന്യതയുടെ മൂർത്തീ കരണം പോലെ നടന്നുവരുന്നു.ഒന്ന് നോക്കിയശേഷം ഞാൻ ചായകുടി തുടർ ന്നു. അപ്പോഴുണ്ട് അയാൾ ഉറക്കെ വിളിക്കുന്നു:"എടേ വിജയകൃഷ്ണാ".പരിചയക്കാരെല്ലാം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

അയാളെ അസ്വസ്ഥതയോടെ തിരിഞ്ഞു നോക്കി. ഞാനും അമ്പരന്നു നോക്കി. രണ്ടു നിമിഷമെടുത്തു,അത് ഷാഹുൽ ഹമീദാണെന്ന് തിരിച്ചറിയാൻ. ഞാൻ ഓടിച്ചെന്ന് അവനെ ചേർത്തു പിടിച്ചു. കുറേനേരം ഞങ്ങൾ സംസാരിച്ചു നിന്നു. അവനൊരു ആക്രിക്കച്ചവടക്കാരനാണ്. വയ്യാതായിട്ടും വേറെ നിവർത്തിയില്ലാ ഞ്ഞതുകൊണ്ട് ജോലിക്കു പോകുന്നു.)

ആദ്യത്തെ സിനിമാനുഭവം എന്ന് പറയാവുന്നത് സിനിമയുടെ കണ്ടുപിടി ത്തചരിത്രത്തിലെ ആദ്യസംഗതി തന്നെ യാണ്. ഒരു ദിവസം ഇടവേളയ്ക്ക് സ്കൂളിനുപുറത്ത് റോഡരികിൽ പിള്ളേർ കൂടി നില്ക്കുന്നത് കണ്ടു. ഞാൻ അങ്ങോട്ട് ചെന്നു. ഒരു ചതുരപ്പെട്ടിക്ക് ചുറ്റുമാണ് ആളുകൾ കൂടി നില്ക്കുന്നത് .പെട്ടിയുടെ അടുത്ത് ഒരാൾ നിന്ന് വിളിച്ചുപറയുന്നുണ്ട്: "വരുവിൻ കാണു വിൻ. മദാമ്മ ഡാൻസ് ചെയ്യുന്നതു കാണാം. കുതിരപ്പന്തയം കാണാം. ഗുസ്തി കാണാം. വരുവിൻ...വരുവിൻ.." എത്ര കാശായിരുന്നു അത് കാണാൻ കൊടുക്കേണ്ടതെന്ന കാര്യം ഞാൻ മറന്നുപോയി. എത്രയായാലും എന്റെ പോക്കറ്റിൽ ഒന്നുമില്ല. എനിക്ക് ആ പെട്ടിയിലൂടെ നോക്കാൻ വല്ലാത്ത ഔൽസുക്യമുണ്ടായി. പക്ഷേ ,കൈയിൽ പണമില്ലാതെ ഞാനെന്തുചെയ്യും? അപ്പോഴാണ് റോഡിനെതിരെ താമസിക്കുന്ന ഒരു ചേച്ചി എന്റെ അടുത്തേക്കു വന്നത്. എന്റെ മൂത്ത സഹോദരിയോടൊപ്പം പഠിക്കുന്നവരായിരുന്നുഅവർ. "നീയെന്താ വിഷമിച്ചുനില്ക്കുന്നത്? നിനക്ക് അത് കാണണോ?" കാണണ മെന്ന് ഞാൻ തലയാട്ടി. "നിന്റെ കൈയിൽ പൈസയില്ലേ? " ഞാൻ തലകുലുക്കി.അവർ വീട്ടിലേക്ക് തിരിച്ചുപോയി പൈസയുമായി വന്നു." നാളെ വരുമ്പം കൊണ്ടുവന്നാ മതി."

അവർ അങ്ങനെ പറഞ്ഞെങ്കിലും ഞാൻ മടിച്ചുനിന്നു.അമ്മയോടെങ്ങനെ പണം ചോദിക്കുമെന്നും തന്നില്ലെങ്കിൽ എങ്ങനെ തിരിച്ചുകൊടുക്കും എന്നൊക്കെ ആലോചിച്ചതാണ്.എങ്കിലും പെട്ടിക്കാരന്റെ വിളി എന്നെ മുന്നോട്ടു നയിച്ചു . അയാൾ പെട്ടിയുടെ ഒരു വശത്തെ തുളയിലൂടെ കണ്ണുവച്ചു നോക്കാൻ എന്നോട് പറഞ്ഞു.തപ്പിപ്പിടിച്ചുനോക്കിയ എന്റെ കണ്ണിനുമുന്നിൽ മദാമ്മ ഡാൻസ് ചെയ്തു.രണ്ടു തടിയന്മാർ പരസ്പരം ഏറ്റുമുട്ടി.കുതിരകൾ മത്സരിച്ചോടി. ഏതോ വൻ നഗരത്തിലെ വലിയ റോഡിലൂടെ വിചിത്രമായ വാഹനങ്ങൾ പാഞ്ഞു.പെട്ടിക്കാരൻ പെട്ടിയുടെ വശത്തെ ഹാൻഡിൽ തിരിച്ചുകൊ ണ്ടിരുന്നു. അതിനനുസരിച്ചാണ് ചലിക്കു ന്ന ചിത്രങ്ങൾ മാറിമാറി വന്നത്. വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ഞാനറി ഞ്ഞത് ഞാനന്ന് കണ്ട

പെട്ടിയായിരുന്നു ബയോസ്കോപ്പെന്ന്. എഡിസന്റെ സ്റ്റുഡിയോയിൽ കണ്ടുപിടിക്കപ്പെട്ട അതേ സാധനം. സിനിമയുടെ പൂർവികൻ.' പഥേർ പാഞ്ചാലി'യിൽ അപുവും ദുർഗ്ഗയും ആളുകൾ ബയോസ്കോപ്പ് കാണുന്നത് നോക്കിനില്ക്കുന്നുണ്ട്. എങ്കിലും യാഥാർത്ഥസിനിമയെന്തെന്ന് നാലാം ക്ലാസ്സിലെ അവധിക്കാലം വരെ എനിക്കറിയുമായിരുന്നില്ല. നാലാം ക്ലാസ് പരീക്ഷ കഴിഞ്ഞ് നില്ക്കുമ്പോൾ കോഴിക്കോട്ട് പത്രപ്രവർത്തകനായിരുന്ന അച്ഛൻ വീട്ടിൽ വന്നു. പോകാൻ നേരം എന്നെക്കൂടി കോഴിക്കോട്ട് കൊണ്ടുപോകുകയാണെന്ന് അമ്മയോട് പറഞ്ഞു. അങ്ങനെയാണ് ജീവിതത്തിലാദ്യമായി തീവണ്ടി കയറുന്നത്. തിരുവനന്തപുരത്തിനു പുറത്ത് ഒരു സ്ഥലം കാണുന്നതും ആദ്യം തന്നെ.കോഴിക്കോട്ടു ചെന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ അച്ഛൻ എന്നോട് ചോദിച്ചു: നീ സിനിമ കണ്ടിട്ടുണ്ടോ? ഇല്ല എന്ന എൻറെ മറുപടി കേട്ടപ്പോൾ അച്ഛൻ പറഞ്ഞു: എന്നാൽ ഇന്ന് നമുക്ക് ഒരു സിനിമയ്ക്ക് പോകാം. അങ്ങനെ സിനിമാവിരോധിയായ അച്ഛനാണ് എന്നെ ആദ്യമായി സിനിമ കാണിക്കുന്നത്. "സീതാരാമകല്യാണം" എന്നായിരുന്നു സിനിമയുടെ പേര്. പുണ്യപുരാണസിനിമയായത് കൊണ്ടാണ് അച്ഛൻ ആ സിനിമ എന്നെ കാണിച്ചതെന്ന് പിന്നീടെനിക്ക് മനസ്സിലായി. വർഷങ്ങൾക്കു ശേഷം സിനിമാചരിത്രം മനസ്സിലാക്കിയപ്പോഴാണ് അത് തെലുങ്കിൽ നിന്ന് ഡബ് ചെയ്ത ചിത്രമായിരുന്നു എന്ന് അറിയുന്നത്. ഏഷണി കൂട്ടാൻ വേണ്ടി ഒരു വാതിലിനു പിന്നിൽ മറഞ്ഞു നിൽക്കുന്ന മന്ഥരയുടെ കൂനിൽ വടികൊണ്ട് ആരോ ആഞ്ഞടിക്കുന്ന ഒരേയൊരു രംഗമേ എന്റെ മനസ്സിൽ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ.

അങ്ങനെ ഞാനും സിനിമ കണ്ടു എന്ന അഭിമാനത്തിലായിരുന്നു പിന്നീടെന്റെ നടപ്പ്. സിനിമ കണ്ട കാര്യം അറിയിക്കാനായി അമ്മയ്ക്ക് കത്തെഴുതുകയും ചെയ്തു. സഹോദരിമാരെ അറിയിക്കാൻ വേണ്ടി സിനിമയിലെ രംഗങ്ങളെക്കുറിച്ച് വിശദമായിത്തന്നെ എഴുതിയിരുന്നു.

ഒരാഴ്ച കഴിഞ്ഞില്ല.അതിനുമുൻപ് ഒരദ്ഭുതം സംഭവിച്ചു.ഞാൻ രണ്ടാമതും സിനിമ കണ്ടു.അതും ബംഗാളി സിനിമ.

• • •



കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാ
അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്...
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്
"നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"
(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.
ആവശ്യമേതുമാകട്ടെ
കൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
സ്വർണ്ണപ്പണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
പ്രതിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി
"ഗുഡ്പേ മാസ്റ്റർ"പദ്ധതി
കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്....
➤ മിതവും സുതാര്യവുമായ പലിശനിരക്ക് ➤ സ്വീകാര്യമായ വ്യവസ്ഥകൾ ➤ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്
വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.
തിരുവനന്തപുരം, ഫോൺ: 0471-2460595
Web: www.keralalandbank.org E-mail: ho.cardbank@gmail.com
Administrator: Jothy Prasad.R
Managing Director: Parvathy Nair.K.L




MS COMPUTER SOLUTION
TRIVANDRUM VELLAYANI
PIN:695522
8281400883,7025031297
subashms1991@gmail.com
*Desktop & Laptop service
*LED,LCD Monitor service
*All software installing
*virus removal & data backup
*Networking & security.
*New & Used
computer, Laptop sales
*All computer laptop Accessories
on sit service
IBM
NEC
SONY
FUJITSU


www.kswdc.org
181
MITHRA
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ
കേരള സംസ്ഥാന വനിത
വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
she transcends
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ



കേരള സർക്കാർ
കേരള
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
സൗഭാഗ്യം
ഇപ്പോൾ
എല്ലാ ദിവസവും
ഞായർ
അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം
തിങ്കൾ
വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം
ചൊവ്വ
സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം
ബുധൻ
ഫിഫ്റ്റി-ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50
വ്യാഴം
കാരുണ്യപ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം
വെള്ളി
നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം
ശനി
കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം
ടിക്കറ്റ് വില
₹40
മാത്രം
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം...സുതാര്യം...ജനകീയം

**Membership**


| | | |
|---|---|---|
| Annual | : | 300/ |
| Students | : | 150/ |
| Life-time | : | 2000 |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail:
filcakerala@gmail.com
Ph. 80890 36090

Kindly whatsapp payment image to 80890 36090

## ഫിൽക ഫിലിം സൊസൈറ്റി ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്




13TH EDITION

**സത്യജിത് റായ് യുടെ**

**പഥേർ പാഞ്ചാലി**

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹. 290. **അംഗങ്ങൾക്ക് ₹. 200**

Buy Online from
www.peerbey.com

PeerBey.com Shop Online

Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Web & Graphic Design - PeerBey Software, Thrissur.
Circulation - Vinodkumar P.
PRO - Meril P.
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224
Trivandrum -10. Kerala.